UNIVERSITY LIBRARY
8 SEP 1948
MADRAS

# ഇരുളും വെളിച്ചവും

## ഇന്ത്യയുടെ ഒരു കൊല്ലത്തെ സ്വാതന്ത്ര്യം

ഇന്ത്യ വിദേശശക്തിയുടെ മുഷ്ടികളിൽ നിന്നു വിമുക്തയായിട്ട് ഒരു കൊല്ലം കഴിഞ്ഞിട്ടും "നമുക്കു സ്വാതന്ത്ര്യം കിട്ടിയില്ല!" എന്നു് മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന പലരും ഇന്നു് ഇന്ത്യയിലുണ്ടു്. സ്വാതന്ത്ര്യം എന്ന പദത്തിന്നു് പലരും പല അർത്ഥങ്ങളും ഇന്നത്തെ പരിതസ്ഥിതിയിൽ സങ്കല്പിച്ചിരിക്കയാണു്. എങ്കിലും രാഷ്ട്രീയമായിട്ടെങ്കിലും ഇന്ത്യ സ്വതന്ത്രയായിട്ടില്ല എന്നു പറയാൻ ആർക്കും അവകാശമില്ല എന്തെന്നാൽ അപ്രകാരം പറയുന്നതു് സത്യത്തിന്നു വിരുദ്ധമായിരിക്കും.

സ്വാതന്ത്ര്യത്തിന്റെ ആദ്യത്തെക്കൊല്ലം ഹൃദയഭേദകങ്ങളായ അത്യാഹിതങ്ങളും അഭിമാനകരമായ നേട്ടങ്ങളും നിറഞ്ഞ ഒരു കൊല്ലമാണു്. വളരെക്കാലമായി നിലനിന്നുപോന്ന അടിമത്തത്തെ അവസാനിപ്പിച്ചു് നമുക്കു് സ്വാതന്ത്ര്യം തന്ന ആ ദിവസം പല പുതിയ പ്രശ്നങ്ങളെയും അഴിച്ചുവിട്ടു. വിദേശമേധാവിത്വം എന്നെന്നേക്കുമായി ഒഴിഞ്ഞുമാറി. നമ്മുടെ ഭരണം നമ്മുടെ കൈകളിലായി. സ്വാതന്ത്ര്യത്തിന്നുവേണ്ടി ഒരു മഹാജനത നടത്തിവന്ന സഹനസമരം ചോരയിലൂടെയും കണ്ണുനീരിലൂടെയും നീങ്ങി മഹത്തായ വിജയത്തിൽ എത്തിച്ചേർന്നു. ഒരു പുതിയ വീക്ഷണകോണത്തെ ഈ സ്വാതന്ത്ര്യപ്രാപ്തി സൃഷ്ടിച്ചു. പുതിയ ചുമതലകളെ അതു് നമ്മുടെ ശിരസ്സിൽ ഇറക്കിവെച്ചു. അഹിംസയും അക്രമരാഹിത്യവും കൊണ്ടു് രാഷ്ട്രീയസ്വാതന്ത്ര്യം നേടാൻ സാധിക്കുമെന്നു നാം ലോകത്തിന്നു കാണിച്ചുകൊടുത്തു. ലോകം അതുകണ്ടു് ഒട്ടൊന്നു ആശ്ചര്യപ്പെടുകയും ചെയ്തു. അന്നുമുതൽ ലോകം ഇന്ത്യയെ പ്രവൃ

ഢമായ കൌതുകത്തോടെ നോക്കിക്കൊണ്ടിരുന്നു. ഈ പുതിയ സ്വാതന്ത്ര്യത്തെ നാം എങ്ങനെ ഉപയോഗിക്കുമെന്നു കാണുവാൻ ലോകം ഉൽക്കണ്ഠ പ്രദർശിപ്പിച്ചു. തുടരെത്തുടരെ പലേപലേ സംഭവങ്ങളുണ്ടായി ലോകത്തിൻെറ ആ ശ്രദ്ധയെ പിടിച്ചുവെച്ചുകൊണ്ടുമിരുന്നു. ചരിത്രം കൊണ്ടും പാരമ്പര്യം കൊണ്ടും ഒന്നായിരുന്ന ഒരു ജനത, നാശകരമായ മമവൈരം വമിക്കുന്ന ചിലരുടെ മുറവിളികാരണമായി വിഭജിക്കപ്പെട്ടപ്പോൾ എന്തെന്തെല്ലാം അത്യാഹിതങ്ങളാണുണ്ടാവുന്നതെന്നു നാം മനസ്സിലാക്കി. അനേകലക്ഷം സാധുക്കൾ പൊട്ടുന്നനവെ അവരുടെ ജന്മസ്ഥലങ്ങളിൽനിന്നു ദൂരെ വലിച്ചെറിയപ്പെട്ടു. മതവിദ്വേഷം യാതൊരു നിയന്ത്രണവുമില്ലാതെ, പൈശാചികമായി താണ്ഡവനൃത്തം ചെയ്തു. അനേകലക്ഷം നിരപരാധികൾ, മതാന്ധരായ മനുഷ്യമൃഗങ്ങളുടെ ഖഡ്ഗങ്ങളൊഴുക്കിയ ചോരയിൽ മുങ്ങി മരിച്ചു. ലോകത്തുണ്ടായിട്ടില്ലാത്ത വിധത്തിൽ, കുഞ്ഞുങ്ങളും കിഴവന്മാരും സ്ത്രീകളും മതദ്വേഷം ജ്വലിപ്പിച്ച കരാളവഹ്നിയിൽ ആഹുതിചെയ്യപ്പെട്ടു. മനുഷ്യർ പിശാചിനേക്കാൾ ഭയങ്കരനാകുന്നതു് പലയിടങ്ങളിലും കാണപ്പെട്ടു. അങ്ങനത്തെ പിശാചുക്കൾ അട്ടഹസിച്ചുകൊണ്ടു് നടന്നിരുന്ന ഇടങ്ങളിൽ, മതങ്ങൾ തമ്മിൽ സാഹോദര്യം പുലർത്താൻ ബദ്ധകങ്കണനായിറങ്ങിയ മഹാപുരുഷൻ, പോകുന്നിടത്തെല്ലാം സ്നേഹത്തിൻെറ വിത്തുകൾ വിതച്ചുകൊണ്ടു് അലഞ്ഞു നടന്നു. ആ പുണ്യപുരുഷൻെറ ആഹ്വാനങ്ങൾ വനരോദനങ്ങൾ മാത്രമാണെന്നു പലരും പറഞ്ഞു. ഏതൊരു ഭരണക്രമത്തെയും തകിടം മറിക്കുവാൻ പോരുന്ന മാതിരി നാട്ടു മുഴുവൻ കൊലയും കൊള്ളയും നടമാടുന്ന സമയത്തു് ഇന്ത്യയുടെ ഭരണം ശരിക്കു നിലനിർത്താൻ നമ്മുടെ നേതാക്കന്മാർ അക്ഷീണപരിശ്രമം ചെയ്തു. ആ നേതാക്കന്മാർ സ്വാതന്ത്ര്യം പുലർന്ന ദിവസംവരെ പ്രക്ഷോഭകാരികളും പടയാളികളുമായിരുന്നു. ഭരണച്ചുമതല അവർക്കു പുതിയ ഒരു കാര്യമായിരുന്നു. എങ്കിലും സ്തുത്യർഹമായ ധീരതയോടും കർമ്മപ്രവണതയോടും ആ രാജ്യസ്നേഹികൾ ജനഭരണത്തിൻെറ അടിസ്ഥാനം

ആ സമയത്ത് കെട്ടിപ്പടുത്തുകൊണ്ടിരുന്നു. അവരുടെ ശ്രമത്തിന്റെ ഫലമായി ഇന്ത്യ ജനഭരണത്തിന്നു അനർഹയല്ലെന്നു തെളിഞ്ഞു.

തീക്ഷ്ണമായ വിമർശനശരങ്ങൾ അവരുടെ നേക്കു ചില കക്ഷികളുടെ കൈയിൽ നിന്നു പാഞ്ഞുകൊണ്ടുമിരുന്നു യാതൊന്നുകൊണ്ടും തൃപ്തിപ്പെടാത്ത ചിലർ നമ്മുടെ നേതാക്കന്മാരുടെ ചെയ്തികളിൽ കുററങ്ങളും കുറവുകളുമേ കണ്ടുള്ളു. നല്ലതായിട്ടുള്ള യാതൊന്നും അവർ കണ്ടില്ല. ഈ പുരോഭാഗികളുടെ സംഘടിതമെങ്കിലും വിനാശകരമായ ശ്രമം കൊണ്ടുണ്ടായ അസ്പാസ്ഥ്യങ്ങളും ചില്ലറയല്ല. എല്ലാ കക്ഷികളുടെ ഏകോപിതമായ ശ്രമം രാജ്യരക്ഷക്ക് അനിവാര്യമായിരുന്ന ഒരു അവസരത്തിൽ പണിമുടക്കം ലഹളകളും രാജ്യത്തിന്റെ ഉല്പാദനശക്തിക്കു ഗണ്യമായ തകരാറുവരുത്തി. കോൺഗ്രസ്സ് പാർട്ടിയിലുൾപ്പെട്ട ചില അധികാരപ്രമത്തന്മാരും തങ്ങളുടെ പരിപാവനമായ കർത്തവ്യമെന്തെന്നാലോചിച്ചില്ല. മാത്സര്യത്തിന്നും അധികാരപ്രമത്തതയ്ക്കും അവർ വളംവെച്ചു. എങ്കിലും, നമ്മുടെ നേതാക്കന്മാർ ലോകത്തു മററൊരിടത്തും കാണാത്ത ആദർശവാദികളും ആത്മാർത്ഥതയുള്ളവരുമായിരുന്നു. നിലവിലിരിക്കുന്ന പരിതസ്ഥിതികളിൽ അവർ പല കുററങ്ങളും കുറവുകളും കണ്ടു. അവയെ പരിഹരിക്കണമെന്നവൎക്കു മോഹവുമുണ്ടായിരുന്നു. ആ മോഹത്തോടുകൂടി അവർ രാവും പകലും പ്രയത്നിച്ചു. അങ്ങനെ സ്മതപവും സാഹോദര്യവുമാകുന്ന പരമലക്ഷ്യത്തിലേക്കു അവർ ഭഗ്നാശരാകാതെ ഭരണരഥം നയിച്ചു.

നെഹറുഗവമ്മേണ്ട് ചരിത്രസൃഷ്ടമായ പല പ്രതിബന്ധങ്ങളുടെയും അകമ്പടിയോടുകൂടിയാണ് ഭരണം കയ്യേററത്. ഇന്ത്യയുടെ സാമ്പത്തികഘടനതന്നെ ബ്രിട്ടീഷുകാൎക്കുവേണ്ടി നടന്ന യുദ്ധത്തിന്റെ ഫലമായി തകൎന്നുപോയിരുന്നു. സാധാരണക്കാരന്ന് ജീവിതനിർവഹണം ഏററവും കൃച്ഛ്രസാദ്ധ്യമായിത്തീൎന്നിരുന്നു. കരി

ഞ്ചന്തയും കൈക്കൂലിയും കൊള്ളലാഭവും അഴിമതിയും പാവപ്പെട്ട ജനസാമാന്യത്തെ ശ്വാസം മുട്ടിച്ചു. അഭയാർത്ഥിപ്രശ്നവും തുല്യവൈപുല്യമുള്ള മററു പ്രശ്നങ്ങളും കൂടിച്ചേർന്നു ഗവമ്മേണ്ടിൻെറ കഴിവുകളെ മുഴുവൻ പരീക്ഷിച്ചു. ഏതൊരു ഗവമ്മേണ്ടിനും സവ്വശക്തികളെയും ഉപയോഗിക്കേണ്ടിവരുമായിരുന്ന പ്രശ്നങ്ങളായിരുന്നു അവ. എങ്കിലും നമ്മുടെ ഗവമ്മേണ്ട് അവയെ സധൈര്യം നേരിട്ടു. അങ്ങനെയുള്ള കമ്മപദ്ധതിയിൽ അവക്കു മഹാത്മാവിൻെറ പിൻതുണയുണ്ടായിരുന്നു. പക്ഷെ അതു് അധികകാലം നീണ്ടുനിന്നില്ല. തൻെറ ജീവിതസ്വപ്നമായിരുന്ന സ്വരാജ്യസ്വാതന്ത്ര്യം ഒരു പരമാർത്ഥമായിത്തീരുന്നതു കാണാനുള്ള ഭാഗ്യം അദ്ദേഹത്തിനു നൽകിയിട്ട് വിധി അദ്ദേഹത്തെ ഇഹലോകത്തുനിന്നു കൊണ്ടുപോയ്ക്കളഞ്ഞു. ഒരു മതഭ്രാന്തൻെറ വെടിയുണ്ടകൾ ആ പുണ്യചരിതൻെറ ഇഹലോകവാസം അവസാനിപ്പിച്ചു. ഒരു ജനതഹൃദയം പിളക്കുമാറ് നിലവിളിക്കൂടി. അഹിംസ അനാഥമായിത്തീന്നു. രാഷ്ട്രീയകാര്യങ്ങളിൽ നിന്നു സന്മാഗ്ഗബുദ്ധി ഒഴിഞ്ഞുമാറി. എങ്കിലും ആ മഹാപുരുഷന്നു് ചില അനന്തരാവകാശികളുണ്ട്. അവർ ഇന്നും ജീവിച്ചിരിപ്പുണ്ട്. അദ്ദേഹത്തോളം അവക്കു ഉയരമില്ലെങ്കിലും ആ ആദർശദീപങ്ങൾ പൊലിഞ്ഞുപോകാതെ സൂക്ഷിക്കാൻ അവരെക്കാളും കഴിവ് മററുള്ളവക്കില്ല.

അവിചാരിതമായ കുഴപ്പങ്ങളും അനാവശ്യമായ ചെലവുകളും ധാരാളമുണ്ടായി. കാഷ്മീരിൽ അതിത്തിദേശത്തെ അക്രമികൾ കടന്നു കയറി. അവക്കു പാക്കിസ്ഥാൻ പിൻതുണനിന്നു. പാക്കിസ്ഥാൻ അവക്കു വെടിക്കോപ്പും മററു സാമഗ്രികളും നൽകി. കാഷ്മീർ കുഴപ്പത്തിനു മതവൈരുദ്ധ്യമായിരുന്നില്ല പ്രധാന കാരണം. മുസ്ലിങ്ങൾ തന്നെ മുസ്ലിങ്ങളെ നശിപ്പിക്കാൻ തുടങ്ങി. ആക്രമണം ചെയ്യപ്പെട്ട രാജ്യത്തിൻെറ സഹായത്തിനായി ഇന്ത്യ ഓടിയെത്തി. അതിനായി ഇന്ത്യ വളരെ അധികം പണം ചെലവു ചെയ്തു. ഓരോ ദിവസവും 25 ലക്ഷത്തോളം ഉറുപ്പിക ഇന്ത്യാഗവമ്മേണ്ട്

അതിനായി ചെലവുചേയ്യുവരുന്നു. അതു് ഇന്ത്യൻ ഗവൺമെണ്ടിന്റെ സാമ്പത്തികശക്തിയെ വല്ലാതെ ബാധിച്ചിട്ടുണ്ടു്. കാഷ്മീർക്കാര്യം യു. എൻ. ഒ. വിലേക്കു കൊണ്ടുപോകപ്പെട്ടു. ആ ലോകസംഘടനക്കുപോലും രാഷ്ട്രീയതർക്കങ്ങളില്ലായ്മചെയ്യാൻ കരുത്തില്ലെന്നും നീതിയും സത്യവും അവിടെയും നാമമാത്രങ്ങളായിരിക്കുന്നതേയുള്ളുവെന്നും തെളിഞ്ഞുകഴിഞ്ഞു.

നെഹ്റു ഗവൺമെണ്ടിന്റെ ഏററവും മികച്ച നേട്ടങ്ങളിലൊന്നായി നാട്ടുരാജ്യപ്രശ്നത്തിൽ നേടിയ പരിഹാരത്തെ ചൂണ്ടിക്കാണിക്കാം. നൂറുക്കണക്കിനുള്ള നാട്ടുരാജ്യങ്ങൾ തുരുതുരെ ഇന്ത്യൻ ഗവൺമെണ്ടിന്റെ അധികാരപരിധിക്കുള്ളിലൊതുങ്ങി. നാടുവാഴി ദുഷ്പ്രഭുത്വത്തിന്റെ വിഹാരരംഗങ്ങളും ബ്രിട്ടീഷു് ശക്തിയുടെ സങ്കേതങ്ങളുമായിരുന്ന നാട്ടുരാജ്യങ്ങൾക്കു ഇന്ത്യയിൽനിന്നകന്നുനില്ക്കാൻ സാധിക്കാതെയായി. ചിലതെല്ലാം സ്വതന്ത്രങ്ങളാകാൻ ഇച്ഛിച്ചു. അതു ഇന്ത്യയുടെ ശരീരത്തിനു നേരെ കത്തിയോങ്ങുകയായിരുന്നു. പക്ഷെ അതൊന്നും ഭാഗ്യവശാൽ നടന്നില്ല. അമിതശക്തനായ ഒരു നയകോവിദന്റെ ഇരുമ്പുമുഷ്ടി അവരുടെ ദുരാഗ്രഹങ്ങളെ ഞെരുക്കി ഇല്ലായ്മ ചെയ്തു. ഹൈദരബാദ് മാത്രമെ ഇനി ബാക്കിയുള്ളു. അതും ഇന്ത്യയോടു് ചേരാൻ അധികം നാൾ വേണ്ടിവരികയില്ല.

ഹൈദരബാദ് ഇന്ത്യയിലെ ശരീരത്തിൽ ഒരു പുണ്ണുപോലെ സ്ഥിതിചെയ്യുകയാണ്. മതഭ്രാന്തരായ ഒരുകൂട്ടം മുഹമ്മദീയരുടെ പിടിയിൽ പെട്ടുപോയ ദുർഭഗമായ ആ നാട്ടുരാജ്യത്തിലെ പ്രജകളിൽ ഭൂരിപക്ഷവും കിടന്നു നട്ടം തിരിയുകയാണ്. അങ്ങിനെ ഭരണസാരഥ്യം വഹിക്കുന്നവർ തങ്ങളുടെ മാതൃരാജ്യമായി പാക്കിസ്ഥാനെ പരിഗണിക്കുന്നു. സഹായത്തിനായി അവർ അങ്ങോട്ടേക്കു നോക്കിക്കൊണ്ടിരിക്കയാണ്. ഇന്ത്യക്കും പാക്കിസ്ഥാനും തമ്മിൽ ഉരസലുണ്ടാവുമോ എന്നുപോലും ശങ്കിക്കേണ്ട പരിത

സ്ഥിതികളെ അതു് ഇളക്കിവിട്ടിരിക്കുന്നു. കലാപത്തിന്റെ കരിനിഴൽ വീശിയിട്ടുണ്ടു്. എങ്കിലും ആ പ്രശ്നം വലിയ നഷ്ടം കൂടാതെ പരിഹരിക്കാനുള്ള കഴിവ് ഇന്ത്യക്കുണ്ടു്, അത്രത്തോളം ആത്മവിശ്വാസം ഇന്ത്യക്കില്ലാതില്ല.

പ്രാദേശികമനസ്ഥിതിക്കു് ഈയിടെ വല്ലാത്ത പുരോഗമനമുണ്ടായിട്ടുണ്ടു്. ഓരോ പ്രവിശ്യയും ഇന്ത്യയുടെ വിഭാഗം മാത്രമാണെന്നും സ്വതന്ത്രമായി നിൽക്കാൻ കഴിവില്ലെന്നുമുള്ള ബോധം ചില പ്രാദേശികനേതാക്കന്മാർക്കില്ലാതെ പോയിരിക്കുന്നതു് ആശ്ചര്യജനകമെന്നേ പറയാനുള്ളു. രാഷ്ട്രഭാഷയുടെ കാര്യത്തിലും പൊതുനയത്തിലും പല അഭിപ്രായവ്യത്യാസങ്ങളുമുണ്ടു്. ഭാഷാസംസ്ഥാനം എന്ന ആശയത്തിൽ അന്തർഭവിച്ചിട്ടുള്ള രഹസ്യങ്ങൾ മനസ്സിലാക്കാത്ത ചില നേതാക്കന്മാരുണ്ടു്. അവരുടെ പ്രക്ഷോഭം കാരണമായി വെറുതേയുള്ള വഴക്കും വയ്യാവേലിയും ഉണ്ടായിരിക്കുന്നു ഇന്ത്യയും ഇതരരാജ്യങ്ങളുമായി മുമ്പില്ലാത്ത ഗാഢബന്ധങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സമയമാണിതു്. പ്രധാനപ്പെട്ട എല്ലാ ലോകരാഷ്ട്രങ്ങളിലും ഇന്ത്യക്കു് എംബസിയുണ്ടു്, പ്രതിനിധികളുമുണ്ടു്. ഇതരരാഷ്ട്രങ്ങളുടെ ദൃഷ്ടിയിൽ ഇന്ത്യ മുമ്പിലത്തേതിൽ നിന്നും എത്രയോ കൂടുതൽ ഉയർന്നിരിക്കുന്നു. ബ്രിട്ടീഷ് ഭരണം നിലനിന്നിരുന്നപ്പോൾ ഇന്ത്യക്കു് അവരുടെ കാര്യങ്ങൾ നേരിട്ട് പറയാനധികാരമുണ്ടായിരുന്നില്ല, ഇന്നു് ആ നില മാറിപ്പോയി. അവൾക്കായി ഇനി വേറെ വക്കീലന്മാർ ആവശ്യമില്ല. ഇതരരാജ്യങ്ങളെ മുഖത്തോടുമുഖം നോക്കി സമനിലയിൽ പെരുമാറാനുള്ള ആത്മധൈര്യം അവൾക്കു കരാതമായിരിക്കുന്നു.

ഇതുകൊണ്ടൊന്നും ഈ ഒരു കൊല്ലത്തെ ചിത്രം പൂർത്തിയാകുന്നില്ല. ഇനിയും അനേകരംഗങ്ങളിൽ നഷ്ടങ്ങളുണ്ടായിട്ടുണ്ടു് നേട്ടങ്ങളുമുണ്ടായിട്ടുണ്ടു്. എങ്കിലും സ്വാതന്ത്ര്യം ലഭിച്ചിട്ട് ഒരുകൊല്ല

ത്തിനിടയിൽ നടന്ന ഏററവും പ്രധാനമായ സംഭവങ്ങളേതെന്നു ചോദിച്ചാൽ, ഒന്നു മഹാത്മാഗാന്ധിയുടെ വധവും മറേറതു്, അത്യാപത്തുകളുടെ സന്നിപാതത്തിൽ ഇന്ത്യൻ ഗവമ്മേണ്ടു് പ്രദർശിപ്പിച്ച ധീരതയുമാണെന്നു പറയാം. ഒരു ഫ്രഞ്ചുകാരൻ പറഞ്ഞ വാക്കുകൾ ഈയവസരത്തിൽ സ്മരണീയമാണ്: "ഒരു ജനത മുഴുവൻ, തങ്ങൾ പിടിച്ചെടുത്ത സ്വാതന്ത്ര്യത്തിൽ ആഹ്ലാദം കൊള്ളുന്നതു ഞാൻ കണ്ടു. സ്വാതന്ത്ര്യത്തിനുവേണ്ടി ബലികഴിച്ച ഒരു മഹാന്റെ ചിന്താഗതിക്കു ചുററും നിന്നു് ഹൃദയം പൊട്ടിക്കരയുന്ന ഒരു ജനതയെയും ഞാൻ കണ്ടു." 1947 ആഗസ്റ്റ് പതിനഞ്ചിനുശേഷം ഇന്ത്യയെ അഭിമുഖീകരിച്ച പ്രശ്നങ്ങൾ ലോകത്തു മറെറാരു രാഷ്ട്രങ്ങളെയും അഭിമുഖീകരിച്ചിട്ടില്ലാത്തവയാകുന്നു. എന്നിട്ടും ഇന്ത്യ പ്രതിബന്ധങ്ങളെ വകവെക്കാതെ മുന്നോട്ടുപോയി ഇന്ത്യൻ ഭരണഘടന തകർന്നുപോയില്ല. അതു് സുശക്തമായി വർത്തിക്കുന്നു. പോരാ, ഒന്നിനൊന്നു് കൂടുതൽ ശക്തി സമ്പാദിച്ചുകൊണ്ടു് മരിക്കുന്നു. സാമ്പത്തികവും രാഷ്ട്രീയവും സാമുദായികവുമായ പലേ പ്രശ്നങ്ങൾക്കും അതു പരിഹാരം കണ്ടുതുടങ്ങിയിരിക്കുന്നു. അതിൽ ആശ്ചര്യജനകമായ തന്റേടവും അവർ പ്രദർശിപ്പിച്ചിരിക്കുന്നു. ഇന്ത്യ ആകപ്പാടെ ലോകദൃഷ്ടിയിൽ ക്രമാതീതമായി ഉയന്നിട്ടുണ്ടു്. ഇപ്രകാരമുള്ള ഇന്ത്യയെ മുന്നോട്ടു നയിക്കുന്നതിൽ പണ്ഡിത് നെഹ്റുവിനുള്ള ഭാഗം ഒരിക്കലും മറക്കാവുന്നതല്ല. സ്വഭാവമാഹാത്മ്യംകൊണ്ടും മാനസികസംസ്കാരംകൊണ്ടും കർമ്മകുശലതകൊണ്ടും സവ്വരിലും ആരാധ്യനായ ഒരു മഹാപുരുഷനാണദ്ദേഹം. ഇന്നത്തെ ലോകത്തു് അദ്ദേഹത്തെപ്പോലുള്ള ചുരുക്കം വ്യക്തികളേയെ കാണുവാനുള്ളു. നേതൃത്വത്തിലും ഭാരതം ഭാഗ്യശാലിനിയാണ്. അപ്രകാരമുള്ള ഒരു മഹാൻ ആദ്ധ്യക്ഷം

വഹിക്കുന്ന ഒരു ഗവമ്മേണ്ടുപോലും തെററുകൾ ചെയ്തുപോകും. പക്ഷെ ആ തെററുകളെ മാത്രം എണ്ണിപ്പറയുകയും അവർ ചെയ്യുന്ന നന്മകളെ മറന്നുകളയുകയും ചെയ്യുന്ന ഒരു കൂട്ടം പേരുണ്ട്. അവർ എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ. ഇന്ത്യക്ക് അമിതമായ ഉല്പാദനശക്തിയുണ്ട്. മഹത്തായ ഒരു പാരമ്പര്യമുണ്ട്. ലോകത്തിൽ സമാധാനം സ്ഥാപിക്കുന്നതിൽ ഒരു പ്രധാന പങ്കു വഹിക്കുവാനുണ്ട്. അനന്യസുലഭമായ നേതൃത്വവുമുണ്ട്. യാതൊരു നിരാശയ്ക്കും വഴിയില്ല. പ്രതിബന്ധങ്ങളും ബുദ്ധിമുട്ടുകളും താല്ക്കാലികങ്ങളാണ്. അവ തീർച്ചയായും തരണം ചെയ്യപ്പെടും. ഇന്ത്യ ഇപ്പോൾ അതിശോഭനമായ ഒരു ഭാവിയുടെ പിടിവാതുക്കൽ നിലകൊള്ളുകയാണ്.

# ചങ്ങമ്പുഴ

(എ. പി. പി. നമ്പൂതിരി.)

"കരുണരസം കരകവിയും കഥപറയാം, പക്ഷേ
കരളുരുകി, കരളുരുകി കരയരുതിന്നാരും."

ചങ്ങമ്പുഴയുടെ അകാലമരണവൃത്താന്തവും കൊണ്ടു് എന്റെ ഒരു സുഹൃത്തിന്റെ അരികേ ചെന്ന ഞാൻ, ആദ്യം തന്നെ സംഭാഷണം തുടങ്ങിയതു്, ചങ്ങമ്പുഴയുടെതന്നെ പ്രസ്തുതവരികൾ ചൊല്ലിക്കൊണ്ടാണു്. പക്ഷേ, ആ മഹാകവിയുടെ മരണം ഒരു അപ്രതീക്ഷിതസംഭവമായിരുന്നില്ല. തൃശ്ശൂരിൽവെച്ചു ചേൎന്ന പുരോഗമനസാഹിത്യസമ്മേളനത്തിൽ വെച്ചുണ്ടായി ചങ്ങമ്പുഴയ്ക്കു സുഖക്കേടാണെന്നുള്ള സൂചന. അതിനെത്തുടൎന്നു പത്രപംക്തികളിൽ തുരുതുരെവന്നു, അദ്ദേഹത്തെപ്പോയി കണ്ടവരുടേതും കാണാത്തവരുടേതുമായ പ്രസ്താവനകൾ. അങ്ങിനെ അത്യാസന്നമായ ഒരു നിലയിലാണു് ചങ്ങമ്പുഴ കിടക്കുന്നതെന്നു് പരക്കെ അറിയാമായിരുന്നു. ചങ്ങമ്പുഴ ജീവിച്ചിരിക്കേണ്ടതു് മലയാളികളുടെ സൎവ്വപ്രധാനമായ ഒരു അഭിലാഷമാണെന്നു് തെളിയിച്ചുകൊണ്ടു്, കാലുറുപ്പികയും അരയുറുപ്പികയും, തികയുറുപ്പികയുമായി നാണ്യങ്ങൾ അദ്ദേഹത്തിന്റെ അരികിലേയ്ക്കു ഒഴുകിയെത്തുകയും ചെയ്തു. പക്ഷേ കാര്യമുണ്ടായില്ല. ആ മഹാകവി, മലയാളികളുടെ മനം കുളൎപ്പിച്ച ആ മഹാകവി, നമ്മളെ വേർപിരിഞ്ഞു പോവുകതന്നെ ചെയ്തു. മലയാളഭാഷയ്ക്കു തീൎത്താൽ തീരാത്ത ഒരു നഷ്ടം!

അദ്ദേഹത്തിന്റെ അവസാനനിമിഷത്തിൽ പോലും അദ്ദേഹത്തെ അപലപിക്കാൻ ആളുകളുണ്ടായിരുന്നു എന്നതാണു് പരിതാപകരം. സാഹിത്യലോകത്തു് ഒരു തെമ്മാടിയെപ്പോലെ അദ്ദേഹം പെരുമാറിയെന്നു്, വിജയത്തിന്റെ മദ്യംമോന്തി അദ്ദേഹം പച്ച

ത്തെറി പാടിയിട്ടുണ്ടെന്ന്, പിശാചുമായി കൂട്ടുകൂടി ദൈവസാമ്രാജ്യത്തെ നിന്ദിച്ചിട്ടുണ്ടെന്നു്, അതുകൊണ്ടെല്ലാം അദ്ദേഹം അധഃപതിക്കേണ്ടത് നിർബന്ധമാണെന്ന്, മലയാളക്കരയിലെ ഒരു പ്രമുഖവാരികയിൽ ഒരു ലേഖകൻ തട്ടിവിട്ടതോർക്കുമ്പോൾ, നമുക്ക് അവജ്ഞമാത്രമേ തോന്നുകയുള്ളു. ചങ്ങമ്പുഴ സാഹിത്യലോകത്തു് ഒരു തെമ്മാടിയെപ്പോലെ പെരുമാറിയിട്ടില്ല, വിജയത്തിന്റെ മദ്യംമോന്തി അദ്ദേഹം പച്ചത്തെറിപാടിയിട്ടില്ല. ദൈവസാമ്രാജ്യത്തെ അദ്ദേഹം നിന്ദിച്ചിട്ടുണ്ടെങ്കിൽ അതിനു തക്കതായ കാരണം അദ്ദേഹം ഉദ്ധരിച്ചിട്ടുണ്ടു്. അതേതെങ്കിലുമാകട്ടെ, ചങ്ങമ്പുഴകൃതികളെ പൊതുവെ ഒന്നപഗ്രഥിക്കയാണ് നമ്മുടെ ഉദ്ദേശം. പക്ഷേ "Nil Nisi Bonum" (Nothing but good of the dead) [മരിച്ചവരെപ്പററിനല്ലതുമാത്രം] എന്ന താക്കറേയുടെ (Thackeray) വചനത്തെ സമാദരിക്കേണ്ടതുണ്ടു്. ചങ്ങമ്പുഴക്കവിതകൾക്കു ദോഷങ്ങളുണ്ടായിരിക്കാം. പക്ഷേ അതു് മുമ്പുദ്ധരിച്ച നിലയിലുള്ളതല്ല, തീർച്ച.

ഇന്നേവരെ ലോകത്തിലുണ്ടായ സാഹിത്യകൃതികളേയും അവയുടെ കർത്താക്കളേയും കുറിച്ചു ഒരാൾ പഠിച്ചുനോക്കിയാൽ കാണാൻ കഴിയുമെന്ന് ഞാൻ വിശ്വസിയ്ക്കുന്നു, ഏതെങ്കിലും ഒരു കവി, അഥവാ ഗ്രന്ഥകാരൻ, ജനഹൃദയങ്ങളിൽ ലബ്ധപ്രതിഷ്ഠനായിട്ടുണ്ടെങ്കിൽ, അതിന്നു പ്രചോദകമായിട്ടുള്ളത് അതാതാളുടെ വ്യക്തിത്വമാണെന്നു്. മലയാളസാഹിത്യത്തിലേയ്ക്കുതന്നെ കടക്കുക. എന്തുകൊണ്ടാണ് സാധാരണജനങ്ങളുടെ ഇടയിൽ കുഞ്ചൻനമ്പ്യാർക്കും വെണ്മണിക്കും സ്ഥാനം കിട്ടാൻ സംഗതി? ഏതെങ്കിലും നിലയ്ക്കു സാധാരണക്കാരൻ ഇന്നും വെണ്മണിയെ ഓർക്കുന്നുണ്ടെന്നതു് തീർച്ചയാണ്. കുഞ്ചൻനമ്പ്യാരുടെ കാര്യത്തിൽ ഹാസ്യാത്മകമായ അദ്ദേഹത്തിന്റെ വ്യക്തിത്വം. വെണ്മണിയുടെ കാര്യത്തിൽ, അദ്ദേഹത്തിന്റെ പച്ചശൃംഗാരം നിറഞ്ഞ വ്യക്തിത്വം. അതേപോലെ ചങ്ങമ്പുഴയ്ക്കുമുണ്ടൊരു വ്യക്തിത്വം. അദ്ദേഹത്തിന്റെതുമാത്രമായത്! ആരുടേയും ഹൃദയത്തെ വികാരതരളിതമാക്കുന്ന പ്രേമത്തെ, ലളിതവും മധുരവുമായ പദങ്ങളെക്കൊണ്ടു്, തികഞ്ഞ

ഗാനമാധുരിയോടെ കൈകാര്യം ചെയ്യുന്നതിലുള്ള വ്യക്തിത്വം! മററന്തെല്ലാമുണ്ടെങ്കിലും നാം ചങ്ങമ്പുഴയെ ഓർക്കുന്നതു ആ വ്യക്തിത്വത്തിൻെറ പേരിലാണ്. നിഷ്ഠുരങ്ങളായ വിമർശനങ്ങൾ അദ്ദേഹത്തിന്നേൽക്കേണ്ടിവന്നതും അതിൻെറ പേരിൽതന്നെയാണ്. പക്ഷേ ആ നിശിതവിമർശനങ്ങൾ കൂടുതൽ കൂടുതൽ പ്രസിദ്ധിയുണ്ടാക്കുകയാണ് ചെയ്തതു്. ഏതായാലും ഈ വ്യക്തിത്വത്തിൻെറ പേരിൽ, മലയാളഭാഷ നിലനില്ക്കുന്നേടത്തോളം കാലം ചങ്ങമ്പുഴ ഓർമ്മിക്കപ്പെടും.

ചങ്ങമ്പുഴ എന്നു കേട്ടാൽ നമുക്കു ആദ്യമായി ഓർമ്മയിൽ വരിക അദ്ദേഹത്തിൻെറ 'രമണൻ' എന്ന പുസ്തകമാണ്. മലയാളഭാഷയിൽ ഇത്രയുമധികം കോപ്പി ചിലവായ മറെറാരു പുസ്തകവുമുണ്ടായിട്ടില്ല. എനി ഉണ്ടാകുമോ എന്ന് കണ്ടറിയുകതന്നെ വേണം. ആദ്ദേഹത്തിൻെറ ആ പുസ്തകത്തിലെ ഗാനാമൃതം കുടിലും കൊട്ടാരവും ഒരുപോലെ ആസ്വദിച്ചിട്ടുണ്ട്, ആസ്വദിക്കുന്നുണ്ട്, ആസ്വദിയ്ക്കുകയും ചെയ്യും. എവിടെയെല്ലാം അദ്ദേഹത്തിൻെറ ഗാനമാധുരി അലച്ചിട്ടുണ്ടെന്നു് അദ്ദേഹം തന്നെ തികച്ചും മനസ്സിലാക്കിട്ടുണ്ട്. "യവനിക" എന്ന മനോഹര കാവ്യത്തിലെ ഈ വരികൾ അതിന്നുദാഹരണമാണ്:

"പുല്ലണിപ്പച്ചത്താഴ്‌വരക്കെട്ടി-
ന്നുള്ളിലാടുകൾ മേഞ്ഞലയുമ്പോൾ,
ശ്യാമളസരിത്തീരത്തിലോരോ
മാമരംചേർന്നിരുന്നു"

ഇടയന്മാരും,

കങ്കണങ്ങൾ കിലുങ്ങിക്കിലുങ്ങി
............... തയിർകലക്കുമ്പോൾ

മങ്കമാരും,

ചന്ദ്രശാലയിൽ ഗ്രീഷ്മാന്തശാന്ത
ചന്ദ്രികാമയമാകിയ രാവിൽ

രോമഹർഷങ്ങൾ തിങ്ങിത്തുസിയ്ക്കും
കാമുകൻ തൻമലർമടിത്തട്ടിൽ,
ആഞ്ഞുപുൽകവേ, ലജ്ജിച്ചുതാനേ
പാഞ്ഞുവീഴും......"

പ്രഭവരപുത്രിയും,
ചേറിലങ്ങിങ്ങു ചേരിനിരന്നു
ഞാറുപാവും..."

പുലയപ്പെൺകിടാങ്ങളും ചങ്ങമ്പുഴയുടെ പാട്ടുപാടിയിരുന്നു-പോരാ,

പിച്ച യാചിച്ചലയുവോർ പോലു-
മുച്ചരിച്ചിതാക്കാവ്യഖണ്ഡങ്ങൾ.
പൊന്മുടിചൂടും മന്നവർ പോലു
മുൺമയിൽ പാടിയഗ്ഗീതകങ്ങൾ!

എന്തൊരു സമാദരണീയമായ അവസ്ഥയാണത്! മലയാളഭാഷയിൽ, ചങ്ങമ്പുഴക്കല്ലാതെ മറ്റൊരാൾക്കും ഈ അനുഭവം ഉണ്ടായിട്ടില്ല. ജനഹൃദയങ്ങളെ ആകർഷിക്കത്തക്ക മറ്റെല്ലാഗുണങ്ങൾക്കും പുറമേ, കലാപരമായും "രമണൻ" ഒരൊന്നാന്തരംകൃതിയാണ്.

ചങ്ങമ്പുഴ ഒരു തികഞ്ഞപുരോഗമനസാഹിത്യകാരനായിരുന്നു, ജനകീയസാഹിത്യകാരനായിരുന്നു. നമ്മുടെ സഖാക്കൾ പറയുമായിരിക്കും, പ്രേമഗീതങ്ങൾ പാടിയതുകൊണ്ട് അദ്ദേഹം തികഞ്ഞ ഒരു പുരോഗമനസാഹിത്യകാരനല്ലെന്നു്. അദ്ദേഹം ആദ്യം മനുഷ്യവർഗ്ഗത്തിൻെറ കവിയായി, അതിനുശേഷം മർദ്ദിതവർഗ്ഗത്തിൻെറ കവിയായി. രണ്ടായാലും അദ്ദേഹം ജനകീയകവിയായിരുന്നു. മനുഷ്യവർഗ്ഗത്തിന്നു ഒന്നടക്കമുള്ള ഒരു വികാരമാണ് പ്രേമം. അതിനെപ്പററി ആരേയും കോൾമയിർ കൊള്ളിക്കുന്ന രീതിയിൽ അദ്ദേഹം പാടി. അങ്ങിനെ അദ്ദേഹം മനുഷ്യവർഗ്ഗത്തിൻെറ കവിയായി. എങ്കിലും ഒന്നു സമ്മതിക്കണം. ബാഷ്പാഞ്ജലി

മുതലായ അദ്ദേഹത്തിൻെറ ആദ്യകവിതകഠം, സ്ത്രീകളുടെ പുറകെ പാഞ്ഞുനടന്ന ഒരുതരം ബാലിശങ്ങളായ ഈരടികളായിരുന്നുവെന്നു്. അന്നദ്ദേഹം അത്രയേ വളൎന്നിട്ടുണ്ടായിരുന്നുള്ളു. പിന്നീടു ജീവിതത്തിലെ തിക്താനുഭവങ്ങളുമായി ഏററുമുട്ടി അദ്ദേഹം ഒരു വിഷാദാത്മകകവിയായി, പ്രേമനൈരാശ്യത്തെപ്പററി പാടുന്ന കവിയായി. അനുഭവങ്ങളെപ്പററി അദ്ദേഹം തന്നെ പറയുന്നു:

"ഹതഭാഗ്യൻ ഞാൻ ചക്ഷേ കണ്ടതെല്ലാം
പരിതാപാച്ഛാദിതമായിരുന്നു!
സതതമെൻ കാതിൽ പതിച്ചതെല്ലാം
കരുണതൻ രോദനമായിരുന്നു!
എരിയുമെന്നാത്മാവിലേററതെല്ലാം
ചുടുനെടുവീൎപ്പുകളായിരുന്നു!"

അത്തരം നിസ്സഹായതയിൽപെട്ട്, ആദ്യമാദ്യം വിഷാദാത്മകതയോടെ മരണത്തെ മാടിവിളിക്കാൻ നിർബ്ബന്ധിതനായെങ്കിലും പിന്നെപ്പിന്നെ പ്രേമത്തിൻെറ സാക്ഷാൽക്കാരത്തിൽ തടസ്സമായിനില്ക്കുന്ന ദുഷിച്ച സാമൂഹ്യവ്യവസ്ഥയോട് തീൎത്താൽ തീരാത്ത അമൎഷമായി അതു് രൂപാന്തരപ്പെട്ടു. പ്രേമവിഷയത്തിൽ മാത്രമല്ല സാധാരണക്കാരൻെറ മാനമായ ജീവിതത്തിന്നു തന്നെ തടസ്സമാണ് ആ സാമൂഹ്യവ്യവസ്ഥിതിയെന്നു് അനുഭവത്തിൽനിന്ന് അദ്ദേഹം പഠിച്ചു. ആ ബോധം പിൽക്കാലത്തെ അദ്ദേഹത്തിൻെറ എല്ലാ കൃതികളിലും തന്നെ നിഴലിച്ചിട്ടുണ്ട്. കോട്ടയത്തുവെച്ചുചേൎന്ന പുരോഗമനസാഹിത്യസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ടു അദ്ദേഹം ചെയ്തപ്രസ്താവന അദ്ദേഹത്തിൻെറ വീക്ഷണഗതിയെ സ്പഷ്ടമാക്കുന്നു:

"ചിരകാലമായി അടിയുറച്ചു നിലനിന്നുവരുന്നതും സ്വേച്ഛാധികാരത്തിന്മേൽ കെട്ടിപ്പടുത്തിട്ടുള്ളതും മനുഷ്യവൎഗ്ഗത്തിൻെറ സമാധാനപരമായ നിലനില്പിന്നു തികച്ചുവിരുദ്ധമായതും, സാമൂഗ്ഗിക തത്വങ്ങളേയും നീതിധൎമ്മങ്ങളേയും സദാ കൊഞ്ഞനംകുത്തിക്കൊണ്ടു്

നില്ക്കുന്നതുമായ ഇന്നത്തെ ജീർണ്ണിച്ച ഈ സാമൂഹ്യഘടനയെ അടിച്ചുടച്ച്, അതിൻെറസ്ഥാനത്ത് സുദൃഢവും സാഹോദര്യത്തിന്മേൽ അധിഷ്ഠിതവുമായ ഒരു നൂതനസംവിധാനം സംസ്ഥാപിതമായെങ്കിൽ മാത്രമേ ഭാവിയിൽ മനുഷ്യവർഗ്ഗത്തിന്നെന്തെങ്കിലുമൊരാശയ്ക്ക് വഴിയുള്ളുവെന്നത് അവിതർക്കിതമായ ഒരു പരമാർത്ഥമാണ്."
(സാഹിത്യചിന്തകൾ: ഭാ. 3)

ഇത്രയും അദ്ദേഹത്തിൻെറ അടിയുറച്ച വിശ്വാസമായിരുന്നു. കവിതകളിലൂടെ അദ്ദേഹം ഈ വിശ്വാസത്തിന്നു കമനീയമായ രൂപംകൊടുത്തിട്ടുമുണ്ട്.

സമത്വസുന്ദരമായ ഒരു സാമ്പത്തികവ്യവസ്ഥിതി പടുത്തുപൊക്കാൻ അദ്ദേഹത്തിന്നുള്ള ആശ അദ്ദേഹം പലപ്പോഴും പ്രകടമാക്കീട്ടുണ്ട്. തികഞ്ഞ വിപ്ലവബോധം അദ്ദേഹത്തിൻെറ ഹൃദയത്തിൽഅലതല്ലിയിരുന്നുവെന്നതിന്നുപ്രത്യക്ഷലക്ഷ്യമാണീവരികൾ:

" വാതിൽകൊട്ടിയടയ്ക്കുകിൽനിങ്ങൾ
വാളെടുത്തതു വെട്ടിപ്പൊളിയ്ക്കിൽ !
കുന്നുകൂടി ക്കിടക്കുമാവിത്ത-
മൊന്നുപോൽ നിങ്ങൾ ഭാഗിച്ചെടുക്കിൻ
മത്സരംമതി- തുല്ല്യാവകാശം
മർത്ത്യരെല്ലാർക്കുമുണ്ടീജ്ജഗത്തിൽ

(ഭാവത്രയം)

അവിടേയും നില്ക്കുന്നില്ല അദ്ദേഹത്തിൻെറ വിപ്ലവാവേശം:
" തകരും കിരീടത്തിൻ ശകലങ്ങളേക്കൊണ്ടു
നികരാൻ വൈകി പാരതന്ത്ര്യത്തിൻഗർത്തം !"

(കൊടുങ്കാററ്)

എന്നും,
" വിപ്ലവത്തിൻെറവെണ്മഴവാലി
വിത്തഗർവ്വ വിഷദ്രുമംവെട്ടി,

സൽസമത്വസനാതനോദ്യാനം
സജ്ജമാക്കാൻ നമുക്കദ്യമിക്കാം"

എന്നും അദ്ദേഹം ആക്രോശിയ്ക്കുന്നുണ്ട്. രക്തപുഷ്പങ്ങളിലെ "വാഴക്കല"യിലെ വരികളെല്ലാം സുപ്രസിദ്ധങ്ങളാകയാൽ അതുദ്ധരിക്കേണ്ട അവശ്യമില്ല. ഏതുനിലക്കും ചങ്ങമ്പുഴ തികഞ്ഞ'ഒരു പുരോഗമനസാഹിത്യകാരനായിരുന്നു.

ചങ്ങമ്പുഴയെപ്പററിയുള്ള ഒരാക്ഷേപമാണ്, "പിശാചിൻെറക്കൂട്ടുകൂട്ടി, അദ്ദേഹം ദൈവസാമ്രാജ്യത്തെ നിന്ദിച്ചു"വെന്ന്. അദ്ദേഹം പക്ഷപാതിയായ ദൈവത്തെ നിന്ദിച്ചിട്ടുണ്ട്. ചവിട്ടുന്നുമെന്നുപറഞ്ഞിട്ടുണ്ട്. ഇതാ,

"വിത്തനാഥൻെറ ബേബിയ്ക്കു പാലും
നിർധനച്ചെറുക്കണ്ണുമിനീരും,
ഈശ്വരേച്ഛയ-ല്ലാകിലമ്മട്ടു-
ള്ളീശ്വരനെ ച്ചവിട്ടുകനമ്മൾ!

(ഭാവത്രയം)

അതിൻെറ പേരിൽ കോമരം തുള്ളിയിട്ടു കാര്യമില്ല. ചങ്ങമ്പുഴയെന്നല്ല യുക്ത്യനുസൃതമായി ചിന്തിക്കുന്ന ഏതൊരാളും, മുതലാളികളുടേയും പ്രഭുക്കളുടേയും ഏതുപാപങ്ങളും അഴിമതികളും ഇറക്കിവെപ്പാനുള്ള ഒരത്താണിയായിനില്ക്കുന്ന ഈശ്വരനെ നിന്ദിയ്ക്കും, ആട്ടും, തുപ്പും, സംശയമില്ല. അക്കാര്യത്തിൽ അങ്ങിനെയൊരീശ്വരൻ നമുക്കുവേണ്ട.

"ഈശ്വരൻ—നിരർത്ഥമാമപ്പദം പറഞ്ഞിനി
ശാശ്വതമാക്കാൻവയ്യാ ഞങ്ങൾതന്നടിമത്തം!"

എന്നുകൂടി ചങ്ങമ്പുഴ പറഞ്ഞിട്ടുണ്ട്. ഇതു് "പിശാചിൻെറ കൂട്ടുകൂടി ദൈവസാമ്രാജ്യത്തെ നിന്ദിയ്ക്കു"കയാണെങ്കിൽ, ശരി, അദ്ദേഹവും അദ്ദേഹത്തിൻെറ ആരാധകന്മാരും ഒരിത്തിരിയും അതിൽ പശ്ചാത്തപിയ്ക്കുകയില്ല.

ഉറപ്പിച്ചദ്ദേഹം പറയുന്നു:

“ദൈവനീതിതൻപേരിലിന്നോളം
കൈതവംതന്നെചെയ്യുതീലോകം!”

എന്നുതോന്നുന്നു? (ഭാവത്രയം)

*   *   *

എന്തെന്തുദൂഷ്യങ്ങൾ ചങ്ങമ്പുഴയ്ക്കു് ഉണ്ടായിക്കൊള്ളട്ടെ, നാം അദ്ദേഹത്തെ സ്നേഹിക്കുന്നു. മറേറതൊരു കവിയേക്കാളും, കഥാകൃത്തിനെക്കാളും, അധികം അദ്ദേഹത്തെ സ്നേഹിക്കുന്നു. എന്താണതിന്നു കാരണം? ഒരു മയക്കുമരുന്നും അദ്ദേഹം പ്രയോഗിച്ചിട്ടില്ല. പിന്നെയെന്താണിങ്ങനെയൊരനുഭവം? അദ്ദേഹത്തിൻെറ കൃതികളിലെ ഗാനാത്മകത മാത്രമാണോ? അല്ല, അങ്ങിനേയാണെങ്കിൽ, ഗാനാത്മകതയോടെ-ഒരുപക്ഷേ ചങ്ങമ്പുഴയെ അതിശയിക്കുമാറുള്ള ഗാനാത്മകതയോടെ-നിരവധി രാഷ്ട്രീയഗാനങ്ങളെഴുതിയിട്ടുള്ള പി. ഭാസ്കരനെ നാം എന്തുകൊണ്ടു സ്നേഹിക്കുന്നില്ല? എന്നെസംബന്ധിച്ചേടത്തോളം പറയുകയാണെങ്കിൽ, ഞാൻ പി. ഭാസ്കരനെ സ്നേഹിക്കുന്നില്ല. പക്ഷെ അതേഅവസരത്തിൽ അദ്ദേഹത്തെ ബഹുമാനിക്കുന്നുണ്ടു്. അപ്പോൾ വെറും ഗാനാത്മകതയല്ല, ചങ്ങമ്പുഴയെ സ്നേഹിക്കുന്നതിൻെറ അടിസ്ഥാനം. പ്രേമാത്മകമായ ഒരു വിഷയം, അതു പ്രതിപാദിയ്ക്കുന്നതു മനോഹരമായ സംഗീതത്തോടേ, ഓരോ യുവാവിൻെറയും അനുഭവങ്ങളെ സ്പർശിച്ചുകൊണ്ട് അദ്ദേഹം കവിത എഴുതി എന്നത് കൊണ്ടാണ് ചങ്ങമ്പുഴയെ നാം സ്നേഹിക്കുന്നതു്. സംഗീതാത്മകമായ രാഷ്ട്രീയഗാനങ്ങളുടെ കർത്താവിനെ നാം ബഹുമാനിക്കുന്നു. കാരണം, ദേശാഭിമാനത്തിന്ന് പ്രേമത്തെപ്പോലെ കിക്കിളിപ്പെടുത്തുന്നസമ്പ്രദായമല്ലുള്ളതെന്നതുതന്നെ. യൌവനം എന്ന ഒരു കാലഘട്ടം എന്നെങ്കിലും ജീവിതത്തിലുണ്ടായിട്ടുള്ള ഓരോ ആളും ചങ്ങമ്പുഴയെ സ്നേഹിക്കും. ഏതുഹൃദയത്തിലും കുടികൊള്ളുന്ന മൃദുലവികാരമായ പ്രേമത്തിന്ന് ഇത്രയും മനോഹരമായ ഒരു രൂപം, കേരളത്തിൽ ചങ്ങമ്പുഴയേ കൊടുത്തിട്ടുള്ളു. അതാണ് ചങ്ങമ്പുഴ നമ്മുടെ ഹൃദയത്തിൽനിന്നും മാഞ്ഞുപോകാത്തതു്.

# സമ്പ്രദായവാദം

(കെ. എൻ. എഴുത്തച്ഛൻ)

(തുടൎച്ച)

ആത്മപരിശോധന നടത്തുവാനുള്ള വിഷമമാണ് സമ്പ്രദായവാദത്തിന്നു വലിയ സഹായം കൊടുക്കുന്നത്. മനസ്സിനെ നിഷേധിക്കുകയല്ല, അതിൻെറ പ്രാപ്തിയേയും ആവശ്യത്തേയും ചോദ്യം ചെയ്യുകയാണ് ആ ശാസ്ത്രവാദി ചെയ്യുന്നത്. അയാൾ പറയുന്നു:-

"മനസ്സ് എന്നൊന്നുണ്ടെങ്കിൽ തന്നെ നമുക്കതിനെപ്പററി ഒന്നും അറിഞ്ഞുകൂടാ. അതുകൊണ്ട് അതിനെ കല്പിക്കാതെ തന്നെ എത്രമാത്രം മുന്നോട്ടു പോകാം എന്നു നോക്കുകയാണ് നാം ചെയ്യുന്നത്." ആത്മപരിശോധന എന്നു നാം സാധാരണ പറയുന്നത് അവ്യക്തമായ ഒരു പദമാണെന്നു അയാൾ വാദിക്കുന്നു. മനസ്സിൻെറ ഉള്ളടക്കങ്ങളെപ്പററി നമുക്കൊന്നും അറിഞ്ഞുകൂടാ. ഇതുവരെ മനഃശാസ്ത്രത്തിൽ വിവരിക്കപ്പെട്ടിട്ടുള്ള ബോധം, ചിന്ത, ഭാവന, വികാരം തുടങ്ങിയതിനെയെല്ലാം സമ്പ്രദായവാദി തിരസ്കരിക്കുന്നു.

---

അതേ, ചങ്ങമ്പുഴയുടെ കവിത "മനോഹരവും മറക്കാൻവയ്യാത്തതും അനുഭവവേദ്യവും ആയ ഒരു കിക്കിളി" യാണ്. "വികാരാംശത്തിൻെറയും സംഗീതാംശത്തിൻെറയും സ്വഭാവവികാസമാണ് ചങ്ങമ്പുഴക്കവിതയിൽ കാണുന്നത്. നമുക്കദ്ദേഹത്തിൻെറ സ്മരണയുടെ മുമ്പിൽ കൈകൂപ്പി നിന്നുകൊണ്ടു പാടാം:

നീമറഞ്ഞാലും തിരയടിയ്ക്കും
നീലക്കുയിലേ നിൻ ഗാനമെന്നും.

(രമണൻ)

അവയൊന്നും പ്രത്യക്ഷഗോചരമല്ല. ആത്മപരിശോധന നടത്തുമ്പോൾ സ്വാതന്ത്ര്യരൂപം ഉള്ളിൽ തോന്നുന്നുണ്ടല്ലോ എന്നു ചിലർ വാദിക്കാം. എന്നാൽ അങ്ങനെയൊരു പ്രതിബിംബം അവിടെയുണ്ടെന്നു അയാൾ സങ്കല്പിക്കുക മാത്രമാണ് ചെയ്യുന്നതു്. ഈ വാദം സ്വീകരിച്ചാലും ഇല്ലെങ്കിലും ഒരു സംഗതി ശരിതന്നെ. ആത്മപരിശോധന എന്ന വാക്കിന്നു വളരെ അവ്യക്തതയുണ്ടു്. മനഃശാസ്ത്രത്തിൽ ജ്ഞാതാവും ജ്ഞേയവും ഒന്നാകുന്നതാണ് ഈ വിഷമത്തിന്നു കാരണം. താൻ പരിശോധിക്കപ്പെടുന്നു എന്ന ചിന്തയിൽനിന്നു തനിക്കു ഒഴിഞ്ഞുനില്പാൻ സാദ്ധ്യമല്ല. ഗവേഷണത്തിന്നു വിഷയമായ മനസ്സും അതു നടത്തുന്ന മനസ്സും ഒന്നായിത്തീരുന്നതുകൊണ്ടു് മനഃശാസ്ത്രത്തിന്റെ നിഗമനങ്ങളിൽ കുഴപ്പം വരുന്നു. ഭൌതികശാസ്ത്രജ്ഞൻ പരിശോധിക്കുന്ന പരമാണുവും മററും തികച്ചും മനോവ്യതിരിക്തമായ പദാർത്ഥങ്ങളാണ്. ശാസ്ത്രജ്ഞൻ പറയുന്നതു് ശരിയോ എന്നു് മറെറാരാൾക്കു പരീക്ഷിക്കാം. എന്നാൽ മനഃശാസ്ത്രം പരിശോധനക്കെടുക്കുന്ന ലോകം സ്വകാര്യമാണ്. ഒരാളുടെ മനസ്സിലുണ്ടെന്നു പറയുന്നതിനെ വേറൊരാൾക്കു ശരിയോ എന്നു നോക്കുവാൻ കഴിവില്ല. പുറമെ മനോഗതികൾ നിമിഷംപ്രതി മാറിക്കൊണ്ടുമിരിക്കുന്നു. സ്ഥിരതയുള്ളതിനേയല്ലാതെ ശാസ്ത്രീയ നിയമങ്ങൾ കൊണ്ടു വ്യാഖ്യാനിക്കാൻ വയ്യ. ഇത്തരം കാരണങ്ങൾകൊണ്ടു് മനഃശാസ്ത്രം ശാസ്ത്രീയത്വമില്ലാത്ത ഒന്നാണെന്നു സമ്പ്രദായവാദി പറയുന്നു.

സമ്പ്രദായ (Behaviour) പദത്തിന്റെ അർത്ഥം ഇവിടെ തികച്ചും മനസ്സിലാക്കേണ്ടതുണ്ടു്. മുൻകാണിച്ച നിഷേധമാർഗ്ഗത്തിൽകൂടി മാത്രമല്ല മനസ്സിന്റെ സൽഭാവത്തെ അതു ചോദ്യം ചെയ്യുന്നുള്ളു. വിധിപരമായ ന്യായം വഴിക്കും മനോനിഷേധം സാധ്യമാണ്. നമുക്ക് കാണ്മാൻ സാധിക്കുന്നതു് മനസ്സല്ല. മനുഷ്യന്റെ പ്രവൃത്തി അഥവാ പെരുമാററമാണ്. സമ്പ്രദായം എന്ന സംജ്ഞ കല്പിച്ചിട്ടുള്ളതു് ഇതിന്നുതന്നെ. ഇതിൽ ശാരീരികവിക്രിയകളെല്ലാം ഉൾപ്പെടുന്നു. ഇതു് ബാഹ്യമോ ആഭ്യന്തരമോ ആകാം. ഭയം

കൊണ്ടു ദേഹം വിറക്കുന്നു. ബാഹ്യമാണ് ഈ വിക്രിയ. അതേ കാരണത്താൽ തന്നെ മലമൂത്രവിസർജ്ജനമുണ്ടാകുന്നു. ആഭ്യന്തരമായ വിക്രിയയാണ് ഇതു്. സമ്പ്രദായവാദി പറയും :— "ഒരു ജീവി ഏതെങ്കിലും ഒരു പരിസരവുമായി ഏററുമുട്ടുമ്പോൾ എന്തെല്ലാം തരത്തിലുള്ള വിക്രിയകൾ നടത്തുന്നു എന്നു നോക്കുക. ആ സമ്പ്രദായങ്ങൾ മാത്രമേ ശാസ്ത്രീയമായ നിലയിൽ ഉപയോഗിക്കാവുന്ന കരുക്കളായി നമുക്കുള്ളു." സ്വയം പ്രവൃത്തിക്കുന്ന ഒരു യന്ത്രമാണ് മനുഷ്യൻ; പ്രേരണകളുടേയും പ്രത്യാഘാതങ്ങളുടേയും ഒരു സമാഹാരമാണ് അവൻ. സ്വതന്ത്രചിന്താശക്തിയുള്ള മനസ്സ് എന്നൊന്നില്ല. ഈ നിലക്കു സമ്പ്രദായവാദിയുടെ ലക്ഷ്യം ഏതൊരു തരത്തിലുള്ള പെരുമാററത്തേയും ഏതാനും പ്രേരണകളുടെ ഫലമായി വ്യാഖ്യാനിക്കലാണ്. ജീവിയുടെ ഭൗതികപരിസരത്തിൽ ഉള്ള എല്ലാ സ്ഥിതിഗതികളും "പ്രചോദനം" എന്ന വകുപ്പിൽ അടങ്ങും. ഒരു പക്ഷിയെ കൂട്ടുണ്ടാക്കുന്നതിൽ നിന്നോ മൃഗത്തെ തിന്നുന്നതിൽ നിന്നോ തടഞ്ഞുവെന്നു വെക്കുക. അതെല്ലാം ഭൗതികപരിസരത്തെ മാററിത്തീക്കുന്നതിൽ പെടുന്നു. ഇവ വിഭിന്ന പ്രചോദനങ്ങൾ ഉണ്ടാക്കുന്നുണ്ടു്. ഇതുപോലെ "ഉത്തരം" (Response) എന്ന പദത്തേയും വിസ്തൃതാൎത്ഥത്തിൽ എടുക്കണം. ഉറക്കം മുതൽ പുസ്തകം എഴുതുന്നതുവരെ ബാഹ്യവും ആഭ്യന്തരവുമായ എല്ലാ ചേഷ്ടകളും ഓരോ തരം 'ഉത്തര'മാണ്. ഒരു പ്രത്യേകതരം പെരുമാററത്തിന്നു് കാരണമായ പ്രചോദനമെന്തെന്ന് കണ്ടുപിടിക്കലാണ് മനഃശാസ്ത്രത്തിൻെറ പ്രവൃത്തി. കാര്യകാരണങ്ങളുടെ ബന്ധം കാണിക്കുന്നതാണല്ലൊ ശാസ്ത്രത്തിൻെറ പ്രവൃത്തി. സോപാധികവിക്രിയകൾകൊണ്ടു സമ്പ്രദായവാദി എല്ലാററിനേയും വ്യാഖ്യാനിക്കുന്നു.

ഏതാനും അബുദ്ധവിക്രിയകളുടെ ഒരു സമാഹാരമാണ് ശിശു. പ്രത്യേക ചിന്തയൊന്നും ആവശ്യമില്ലാത്ത പ്രവൃത്തിയും നാം നടത്തുന്നുണ്ടു്. കാലടിയിൽ കിക്കിളിപ്പെടുത്തിയാൽ ഉടനെ കാൽ വ

ലിക്കുന്നു. അടി കണ്ണിലെത്തുമ്പോഴേക്കു കൈ തടയാൻ എത്തിക്കഴിയുന്നു. സ്വയം പ്രവൃത്തിചെയ്യുന്ന ഏതാനും വിക്രിയകൾ പ്രകൃത്യാ ഉള്ള ഒരു യന്ത്രമാണ് ശിശു. അമേരിക്കൻ ശാസ്ത്രജ്ഞനായ ഡോക്ടർ വാട്സൻെറ പക്ഷത്തിൽ സ്നേഹം, ഭയം, കോപം, ഈ മൂന്നു വികാരങ്ങളാണ് പ്രകൃതിസിദ്ധമായവ. തടവുന്നതുകൊണ്ടും കാലുവലിക്കുന്നതുകൊണ്ടും സ്നേഹപരമായ ഉത്തമുണ്ടാകുന്നു; ഭയങ്കരശബ്ദം, നിസ്സഹായത എന്നിവ ഭയോൽപാദകങ്ങളാണ്. തന്നെ ഉപദ്രവിക്കുന്നതിൻെറ പ്രത്യാഘാതമാണ് കോപം. മററു വിക്രിയകളെല്ലാം ഈ പ്രാഥമികതത്വങ്ങളെ സോപാധികമാക്കുന്നതിൽ നിന്നുണ്ടാകുന്നതാണ്. അമ്മയുടെ മുഖം കാണുമ്പോൾ കുഞ്ഞു തനിയെ ചിരിക്കുന്നു. കാരണമെന്ത്? ലാളനയോടു ബന്ധപ്പെട്ട സ്നേഹമയമായ ഉത്തരത്തിന്ന് ഒരു പ്രചോദനമായിട്ടാണ് ആ മുഖമിരുന്നിട്ടുള്ളത്. മുമ്പ് ആ മുഖം കാണുമ്പോഴെല്ലാം കുട്ടിക്കു ലാളനാസുഖമുണ്ടായ അനുഭവമുണ്ട്.

ഉപാധീകരണത്തിൻെറ രഹസ്യമെല്ലാം മനസ്സിലായാൽ നമുക്കിഷ്ടംപോലെ മനുഷ്യൻെറ സ്വഭാവം മാററാമെന്നാണ് സമ്പ്രദായവാദിയുടെ പക്ഷം. നിസ്സഹായത, വലിയ ശബ്ദംകേൾക്കൽ, തുടങ്ങിയവയേപ്പോലെ ഭയജനകമായി മനുഷ്യജീവിക്കു മറെറാന്നുമില്ലെന്നു മുമ്പു പറഞ്ഞുവല്ലൊ. ചെറുപ്പത്തിൽ അവയോട് ചേർത്തു ഏതിനെ സോപാധികമാക്കുന്നുവോ ആ വസ്തുവിനെ മനുഷ്യൻ ജീവാവസാനംവരെ ഭയപ്പെടും. ഭയമുണ്ടാക്കുന്നപോലെ അതിനെ ഇല്ലായ്മചെയ്യാനും കഴിയും. ഭയാവഹമായ ഉത്തരത്തിന്നു ഉപാധിയാക്കിയ വസ്തുവെ ഇല്ലാതാക്കിയാൽ മതി. ഭക്ഷണത്തിന്നു തെയ്യാറാക്കിയ മത്സ്യത്തെക്കണ്ടാൽഭയപ്പെട്ടിരുന്ന ഒരു കുട്ടിയുടെ ആ 'രോഗം' സുഖപ്പെടുത്തിയ കഥ ഡോ. വാട്സൺ വിവരിക്കുന്നുണ്ട്. സ്തുതിയോ ശകാരമോ കളിയാക്കലോ ഒന്നും ഗുണപ്പെട്ടില്ല. ഒടുവിൽ ഒരു ദിവസം കുട്ടിയുടെ ഭക്ഷണമേശയുടെ ഒരററത്തു് മത്സ്യത്തെ സൂക്ഷിച്ച പാത്രം വെക്കാൻ ഏർപ്പാടു ചെയ്തു. കുട്ടിക്കു മത്സ്യത്തെ

വളരെ ദൂരത്തു കാണാനേ സാധിച്ചുള്ളു. തന്മൂലം തകരാറുണ്ടായില്ല. ഓരോ ദിവസവും ഭക്ഷണസമയത്തു ഈ മത്സ്യപാത്രത്തെ അടുത്തടുത്തു കൊണ്ടുവന്നു. കുട്ടിക്കു ഭയം ഇല്ലാതായി; ഒടുവിൽ ഭക്ഷണപാത്രത്തിൽതന്നെ മത്സ്യത്തെ ഇട്ടു. യാതൊരു കുഴപ്പവും വന്നതുമില്ല. കുട്ടിയുടെ ശരീരത്തിൽ അനുപാധീകരണം കൊണ്ടുണ്ടായ മാററങ്ങളാണ് ഭയത്തെ ഇല്ലായ്മചെയ്തതു്. ആൽഡോസ് ഹക്സ്ലിയുടെ "ധീരമായ നവലോകം" എന്ന നോവൽ ഡോ. വാട്സ ന്റെ തത്വങ്ങളെ വികസിപ്പിച്ചു കാട്ടുന്നതാണ്.

സമ്പ്രദായവാദം വിവരണത്തിനെടുക്കാത്ത ഒരു വിഷയവുമില്ല. ചിന്തയുടെ പ്രക്രിയ എങ്ങനെ എന്നതിനേപ്പററിയും അവക്കു ചിലതു പറയുവാനുണ്ടു്. ചിന്തിക്കൽ നിശബ്ദമായ ഒരു സംസാരിക്കലാണെന്നാണ് ഇവരുടെ പക്ഷം. സംസാരിക്കുമ്പോഠം എന്നപോലെ ചിന്തിക്കുമ്പോഴും ചില അവയവങ്ങഠം ഇളകുന്നുണ്ടു്. സ്ഥൂലവും സൂക്ഷ്മവും ആയ ഈ ചലനങ്ങഠം എപ്പോഴും ചിന്തയെ അനുഗമിക്കുന്നതുകൊണ്ട് ആ ചലനങ്ങളുടെയെല്ലാം ഒരു ഫലംതന്നെയാണ് ചിന്ത. ഒരു കൊച്ചുകുട്ടി കളിക്കുന്നതു നോക്കുക. അവൻ കളിപ്പാവകളോട് അതുമിതും പറയുന്നു. മുതിന്നവൻ അവിടെ കടന്നു ചെന്നാൽ പുറമേക്കുള്ള സംഭാഷണം നിത്തിയേക്കാം. എന്നാൽ ഉള്ളിൽ അവൻ സംസാരിക്കുന്നുണ്ടു്. ഇത്തരം സൂക്ഷ്മസംഭാഷണം തന്നെയാണ് ചിന്ത. അതിന്നുള്ള മെച്ചം അതത്ര പ്രത്യക്ഷമായ പെരുമാററമല്ല എന്നതാണ്. എന്തും, എപ്പോഴും എവിടെയും വെച്ചു ചിന്തിക്കാം. എന്നാൽ ഒരു പ്രത്യേകപരിസരത്തിന്റെ പ്രചോദനത്തിന്നുള്ള ശാരീരികമായ ഉത്തരം തന്നെയാണ് അതും. കളിക്കോപ്പിനോടു നാവുകൊണ്ടു് വത്തമാനം പറയുന്നതു നിത്തിയാലും ഉള്ളിൽ ആ സംഭാഷണം ചിന്താരൂപത്തിൽ കുട്ടി നിലനിത്തുന്നു.

വാക്കുകളില്ലാതെ ചിന്തയില്ല എന്നു ഇപ്പറഞ്ഞതിന്നത്ഥമില്ല. മൃഗങ്ങഠം വാക്കുകൂടാതെ ചിന്തിക്കുന്നു. മനുഷ്യനിൽ വാങ്മൂലമായ ചിന്തയാണ് പ്രധാനം. പദാർത്ഥങ്ങളെ അവയുടെ അസൽ ഭാവ

ത്തിലും വിവരിക്കാം എന്നതു് ഇതുകൊണ്ടുള്ള പ്രധാന ഗുണമാണ്. വാക്ക് പദാർത്ഥത്തിൻെറ സ്ഥാനം പിടിക്കുന്നു. വസ്തുവിനു പകരമുള്ള ഈ പദോപയോഗം ഉപാധീകരണത്തിൻെറ നല്ല ഉദാഹരണമാണ്. പ്രത്യക്ഷത്തിൽ കാണാത്ത വസ്തുക്കളെപ്പററി നാം വാങ്മൂലം വിവരിക്കുമ്പോൾ കണ്ട തരത്തിലുള്ള അനുഭവം നമുക്കുണ്ടാകുന്നു. അതനുസരിച്ചു പ്രവൃത്തിപ്പാനും നാം ഒരുങ്ങുന്നു. കള്ളനെ മുറിയിൽ കണ്ടാൽ നാം വടിയെടുക്കുന്നു. അഥവാ ഓട്ടുവാൻ നോക്കുന്നു. അല്ലെങ്കിൽ ആളുകളെ വിളിക്കുന്നു. നിവൃത്തിയില്ലെങ്കിൽ പണം കൊടുക്കുവാൻ ഒരുങ്ങുന്നു. കള്ളൻ അടുത്ത മുറിയിൽ ഉണ്ടെന്നു പറഞ്ഞാലും മതി, നമ്മിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഏതാണ്ട് ഇത്തരത്തിലുള്ളതായിരിക്കും. കള്ളൻ എന്ന വസ്തുവുണ്ടാക്കുന്ന അതേ ഉത്തരം സൃഷ്ടിപ്പാൻ ആ വാക്കിനും കഴിവുണ്ട്. നാം ഒരിടത്തു നിൽക്കുമ്പോൾ പാമ്പ്, പാമ്പ്, എന്ന ശബ്ദം കേട്ടാൽ മതി. പെട്ടെന്നു നാം ഞെട്ടിച്ചാടും. കുട്ടികൾ വാക്കു പഠിക്കുന്ന വഴി നോക്കുക. ശക്കര, ശക്കര, എന്നു പറഞ്ഞു നാം കുട്ടിക്കു ഒന്നുരണ്ടു അച്ചുകൾ കൊടുക്കുന്നു. പിന്നെ ആ വാക്കുകൾ വെറുതെ പറഞ്ഞാൽ മതി, അവൻെറ നാവിൽ വെള്ളം വരുന്നതുകാണാം. പദം അർത്ഥത്തിൻെറ സ്ഥാനം വഹിക്കുകയാണ്. ഇങ്ങനെ പ്രചോദനങ്ങളും ഉത്തരങ്ങളും സ്ഥാപിക്കപ്പെട്ടമ്പോൾ നാം വാക്കിൻെറ അർത്ഥം ശരിക്കു മനസ്സിലായതായി പറയുന്നു. ഭാവനാമയമായ സാഹിത്യകലയിൽ ഒരു കൃത്രിമലോകം തന്നെ നാം സൃഷ്ടിക്കുന്നില്ലേ? ഇവിടെ വസ്തുപ്രതിരൂപങ്ങളായ ഏതാനും ഒച്ചകൾക്കു് എത്രമാത്രം ഗംഭീരമായ വികാരവിചാരങ്ങളെ ഉണർത്തിവിടുവാൻ സാധിക്കുന്നുണ്ടെന്നു നോക്കുക! സമ്പ്രദായവാദിയുടെ പക്ഷത്തിൽ ഒരു വസ്തു ഉണ്ടാക്കുന്ന അതേ പ്രത്യാഘാതങ്ങൾ അതിനു പകരം നില്ക്കുന്ന പദവും ഒരാളിൽ ഉണ്ടാക്കുമ്പോഴാണ് ആ പദത്തിൻെറ അർത്ഥം അയാൾക്കു് മനസ്സിലായി എന്നു പറയുന്നതു്.

ഇത്രയും പ്രസ്താവിച്ചതിൽ നിന്ന് മനഃശാസ്ത്രത്തിൻെറ പ്രധാന ശാഖയായ സമ്പ്രദായവാദം യാന്ത്രികമായ നിലയിൽ എത്രമാത്രം ജീവിതത്തെ അളക്കുവാൻ ശ്രമിക്കുന്നുണ്ടെന്നു വ്യക്തമായിരിക്കും. മനസ്സ്, ആത്മാവ് എന്നിവയെപ്പററിയൊന്നും ചിന്തിപ്പാൻ മിനക്കെടാതെ മനുഷ്യൻ ദേഹമാണ് എന്ന ഉറപ്പിന്മേലാണ് ഇതെല്ലാം കെട്ടിപ്പടുത്തിട്ടുള്ളതു്. ശാരീരികപ്രക്രിയകളുടെ ഒരു ഉപഫലം എന്നേ ബോധാവസ്ഥയെപ്പററിപ്പറയുവാനുള്ളു. ചിലപ്പോൾ അതു് അവയെ അനുഗമിക്കാറുണ്ടെങ്കിലും ശാരീരികപ്രക്രിയകൾക്കെല്ലാം പ്രത്യേകിച്ചു് ബുദ്ധിയുടെ പ്രവൎത്തനമൊന്നും ആവശ്യമല്ല. ഇതെല്ലാം ശരിയാണെങ്കിൽ രസതന്ത്രം, ഭൌതികശാസ്ത്രം തുടങ്ങിയതിൻെറ സഹായത്തോടുകൂടി ഒരു യാന്ത്രികനിലയിൽ മനുഷ്യനെ വിവരിക്കാം. പ്രവൎത്തനത്തിൽ ഏറെക്കുറെ വത്യാസങ്ങൾ ഉണ്ടെങ്കിലും ഒരുതരം സ്വയം പ്രവൎത്തകയന്ത്രമാണ് മനുഷ്യൻ എന്ന ധാരണയിൽ നിന്നു നമുക്കു ഒഴിഞ്ഞു മാറാൻ സാധ്യമല്ല.

യുക്തിയേയും ബുദ്ധിയേയും ദേഹപ്രവൎത്തനത്തിന്നു കീഴിലാക്കുന്ന ഏതു ചിന്താഗതിക്കും ഒരടിസ്ഥാനം പോരാത്ത തോന്നും. പ്രചോദനവും ഉത്തരവും കൊണ്ടു് എല്ലാം വ്യാഖ്യാനിക്കുമ്പോൾ സ്വതന്ത്രസത്തയുള്ള യാതൊന്നുമില്ല. എല്ലാ ചിന്തകളേയും ചില കണ്ഡനാളുകളുടെ ചലനവും, സ്വകാൎയ്യസംഭാഷണവും മററും മററുമായി വിവരിക്കുമ്പോൾ സമ്പ്രദായവാദിയുടെ ചിന്താഗതിയും ഇതിൽപെടും. അതിന്നും സിദ്ധാന്തപരമായ വിലയൊന്നും സിദ്ധിക്കുകയില്ല. ആ ശാസ്ത്രജ്ഞൻെറ ദേഹത്തിൽ ഉണ്ടായ പ്രചോദനങ്ങളും ഉത്തരങ്ങളും ഏതാനും അഭിപ്രായങ്ങളെ നിൎമ്മിച്ചുവെന്നു മാത്രമേ പറയാനുള്ളു. ഈ നിലയിൽ എന്തു സിദ്ധാന്തമാണ് ശരി എന്നു ചോദിക്കുന്നതു ഏതു ശാസ്ത്രജ്ഞൻെറ രക്തസമ്മതമാണ് ശരിയായതു് എന്നു ചോദിക്കുമ്പോലെ നിരർത്ഥകമാവും. ആ സിദ്ധാന്തങ്ങളുടെ യുക്തിഗതിക്കു അവലംബം സ്വന്താനുഭവം മാത്രമായിരിക്കും. ഇതിലെല്ലാം ധാരാളം പന്തികേടുകൾ തോന്നുന്നുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

---

അവലംബം:- C.E.M. Joadൻെറ "Guide to Modern Thoughts".

—o—

# ഒരു ദിവസം

(ഈശപരവാരിയർ)

...അയ്യോ! ഇന്നവളം പോയിരിക്കും. മണിയഞ്ചരയായി. നോൺസെൻസ്. ആ സുപ്രണ്ടിനാണെങ്കിൽ വേറെ 'തൊഴി' മില്ല. തന്തക്കരങ്ങപോലെ കസേരയിൽ കണ്ണും തുറിച്ചിരിക്കും. ക്ലാർക്കമാരെല്ലാം സ്കൂൾകുട്ടികളാണെന്നാണവൻെറ വിചാരം. പോരെങ്കിൽ ഹോംവർക്കും തരും. നകരത്തിലേക്കാണ് ആ തന്ത ക്കഴുവിൻെറ യാത്ര. അവിടേയും അവന്ന സുപ്രണ്ടിൻെറ പണി കിട്ടുമായിരിക്കും. വേണ്ടപ്പാ. ഈ മദിരാശി പട്ടണത്തിൽ വെറും എഴുപത്തിനാലുറുപ്പികക്ക രാവുപകൽ പണിയെടുക്കാൻ നമ്മളാലാവില്ല. ബാർബർ ഷാപ്പോ, വെററിലപ്പാക്ക കടയോ വെച്ചാൽ സുഖമായി കാശെടുക്കാം.

...ഇന്ന ഞാനവളോട്ട കൃത്യം അഞ്ചേകാലിന്ന ബസ്സ്സ്റ്റാണ്ടിൽ ചെല്ലാമെന്നേററിരുന്നതാണ്. എന്തു വിചാരിക്കുമാവോ? സുപ്രണ്ടിൻെറ റൊമാൻസ് മൂച്ചൂട്ടം വററിപ്പോയിരിക്കുന്നു. അല്ലെങ്കിലാ മഹാത്മാവു ഇങ്ങനെ ചടഞ്ഞിരുന്നു പണിയെടുക്കില്ല. പക്ഷെ എന്നേപ്പോലുള്ളോരു ചെറുപ്പക്കാരനു അങ്ങനെയൊക്കുമോ?

... ഒന്നു നോക്കുമ്പോൾ ഇന്നു വൈകിയതു നന്നായി. ടിഫി'ന്നും സിനിമക്കും കൂടി പത്തുറുപ്പിക വേണ്ടെ? പോരെങ്കിൽ ടാക്സിയും പിടിക്കേണ്ടിവരും. ബസ്സിൽ രാത്രിയവളെ കേററിയയക്കുന്നതു് മര്യാദകേടല്ലെ?

അല്ലെങ്കിൽ ഈ പ്രേമം വെറുതേ കിട്ടുമോ? ആ സ്വർഗ്ഗീയ സുഷമയുടെ മുമ്പിൽ കാശിനെന്തുവിലയാണ്. എങ്കിലും എന്നേപ്പോലുള്ളവർക്കു് പ്രേമിക്കാനവകാശമില്ല. വെറും ലോവർ ഡിവി

ഷൻ ക്ലാക്കല്ലെ. എഴുപത്തിനാലുകാരൻ. ഒരണ സ്റ്റാമ്പും പോയാൽ എഴുപത്തിമൂന്നു പതിനാല്. വീട്ടിൽ നിന്നിനി പണം കിട്ടുമോ? അച്ഛൻ സ്മാരകമായിത്തന്ന മോതിരംപോലും ഞാൻ വിററു. കളവുപോയെന്നൊരു 'ജാഡ'യും കാച്ചി. എന്തുചെയ്യാം? അവൾക്കാ 'കാശ്മീർ സാരി' കൂടിയേ കഴിയൂ. കൊടുക്കാഞ്ഞാൽ—അയ്യോ ഞാനൊരാണല്ലെ?—

...ഒന്നു ബീച്ചിൽ പോയാലോ? ഓ, കാശെന്തുണ്ട്? നോക്കട്ടെ. ...ഒമ്പതണ. ഇതുകൊണ്ടെന്താണാവുക. വിഷമം. പത്താന്തി കഴിഞ്ഞാൽ 'ദമ്പ്ടി' കയ്യിലുണ്ടാവില്ല. പിന്നെ കടമിരക്കാൻ നടക്കണം.

... അ. ഇന്നു "ഇല്ല സ്ട്രേററഡ് വീക്കിലി" വരുന്ന ദിവസമല്ലേ. അതു വാങ്ങാതെ കഴിയില്ല. കഴിഞ്ഞതവണ ഞാൻ പൂരിപ്പിച്ചതിൽ ഒരൊററ തെറേറയുണ്ടായിരുന്നുള്ളു. കുരുത്തക്കേടിനതയക്കാൻ തരമായില്ല. കടം വാങ്ങിയെങ്കിലും അയച്ചിരുന്നെങ്കിലിപ്പോൾ 7000 ത്തിൻെറ ചെക്കു വാങ്ങാമായിരുന്നു. ഇത്തവണയതു പററില്ല. എന്തു വന്നാലും അയക്കണം. ചിത്രപ്രശ്നം ഭാഗ്യപ്രശ്നമാണ്. നല്ല കാലമാണെന്നു ശങ്കരപ്പണിക്കരും പറഞ്ഞിട്ടുണ്ട്. വിചാരിക്കാത്ത ഭാഗ്യം കിട്ടണമെന്നാണ് ജോത്സ്യരുടെയഭിപ്രായം. ഈ വ്യാഴത്തിൻെറ സ്വാപഹാരം കഴിയുന്നതിന്നു മുമ്പ്. പണ്ടതിലൊന്നും എനിക്കു വിശ്വാസമില്ലായിരുന്നു. ഇപ്പോഴങ്ങനെയല്ല. തങ്കത്തിൻെറ 'ലവി'നെപ്പററിയെനിക്കുറപ്പുവന്നതു 'ഡിക്ഷനറി' പകുത്തുനോക്കിയിട്ടാണല്ലൊ. പതിമൂന്നാമത്തെ പ്രാവശ്യം. 'Love' എന്ന വാക്കു കിട്ടി. ഇതു ഞാനവളോടു പറഞ്ഞപ്പോൾ അവളും പറഞ്ഞുവല്ലൊ ഞാൻ പതിമൂന്നാമത്തെയാളാണെന്ന്.

...അതിനുള്ള ഭാഗ്യം നമുക്കാണുണ്ടായതു. കാലഗുണം തന്നെ. അർജ്ജൻറ് വാഷിങ്ങിന്നു കാസ്റ്റു കുറെ കാഞ്ഞുന്നുവെച്ചോളൂ.

പക്ഷെ കാശില്ലാഞ്ഞാലിനിയി 'പന്ത്രണ്ടുകളി' നടക്കില്ല. നിശ്ചയം. ഇല്ല. അങ്ങനെ വരാൻ തരമില്ല. ഇക്കുറിയെനിക്കു ഒന്നാം സമ്മാനംതന്നെ കിട്ടും. ഇന്നലെയിതാലോചിച്ചുകൊണ്ടിരുന്നപ്പോഴും വലതുകൈ തുടിച്ചല്ലൊ. അതൊരു ശുഭലക്ഷണമാണ്. പണ്ട് ദുഷ്യന്തനങ്ങനെയാണല്ലൊ പണി പററിയതു്.

...വാക്കുകൾ നറുക്കെടുത്തയക്കയാണുത്തമം. ഇതിൻെറയെല്ലാം പിന്നിലൊരമേയ ശക്തിയുണ്ട്—അതേ—ഒരുതരം ദൈവീക ശക്തിതന്നെ.

"ഇർ—ഇർർ—ഇർർർ—"

...ഛീ! ഈ നശിച്ചവൻമാക്കൊരു ലക്കില്ല കാറു വിടുമ്പോൾ. ഡ്രെസ്സെല്ലാം ചളിയായി. എന്തൊരു സ്പീഡാണ്.—കണ്ടില്ലേ—ആ പെണ്ണിരുന്നു ചിരിച്ചുകുഴയുന്നതു്. തീർച്ചയാ. എങ്ങാനും ചാടിച്ചു കൊണ്ടുപോകയാണ്. ചെകുത്താൻ.

...ഹായ്—എനിക്കുമിങ്ങനെ തങ്കത്തിനെ കാറിൽക്കയററി നടക്കാൻ സാധിക്കില്ലേ? എന്തുകൊണ്ടാവില്ല? ഒന്നാം സമ്മാനം കിട്ടിയ ഉടൻ ഒരു കാറു വാങ്ങണം. 14,000 രു. ഗഡുവായിട്ടാണെങ്കിൽ—വേണ്ട, വേണ്ട ഗഡുവൊന്നും നമുക്കു വേണ്ട. 13000 റൊക്കം കിട്ടിയാൽ മതി. 'പിന്നെയാരുടേയും 'മൊനാശ' കാണണ്ടല്ലൊ.

...ആദ്യത്തെയൊരുമാസം ഡ്രൈവർ വേണ്ടിവരും. അപ്പോഴേക്കും ഞാൻ പഠിക്കും ഡ്രൈവിങ്ങ്. പിന്നെ ഞാൻതന്നെ 'ഡ്രൈവ്' ചെയ്യും. അയ്യേ—ഡ്രൈവറുണ്ടായാൽ രസമില്ല. ചിലപ്പോൾ "സ്വപ്നത്തിൽ കട്ടുറുമ്പാ"കും. തമാശ പറയാൻ തങ്കം കൂട്ടാക്കില്ല. അവളെ അടുത്തിരുത്തി ബീച്ച് റോഡിൽക്കൂടി ഒരു പത്തു ചാലങ്ങനെ കാറുവിടണം. ഹായ്, അവളുടെ ചുരുണ്ട തലമുടി കാററിലങ്ങനെ ചിതറുമ്പോൾ എന്തു ചന്തമായിരിക്കും! മുടിയൊതുക്കാൻ കയ്യുയർത്തുമ്പോൾ സാരിയങ്ങനെ കാററത്തലയും.

അപ്പോഠം ഞാനൊന്നു തലചെരിച്ചുനോക്കും. അവളുടെ ഭാവല്ലേ അപ്പക്കാണേണ്ടതു്. ഞാൻ ഓട്ടക്കണ്ണിട്ടു അവളെ നോക്കുമ്പോഠം— അയ്യ! അപ്പഴല്ലേ ആ കുസൃതിക്കുട്ടുകയുടെ കൊഴച്ചില് കാണേണ്ടതു്.

ചുട് ചുട് ഏട് ഏട്. അടട ഒരു പെണ്ണല്ലേ മോട്ടോർ ബൈക്കിൻെറ പിന്നിൽ കൂടിയിരിക്കുന്നതു്. രസികത്തി.

വാസ്തവം. കാറല്ല ഭേദം. അന്തസ്സ് മോട്ടോർബൈക്കിനാണധികം. പണവും കുറച്ചുമതി. ഒരായിരത്തിലൊതുക്കാം.

...വേണ്ട, തങ്കത്തിനോടു ചോദിച്ചു, അവളുടെ ഇംഗിതംപോലെയാകാം. ആദ്യമൊക്കെ ബൈക്കിൻെറ പിന്നിലിരിക്കാനവഠംക്കു പേടിയുണ്ടാകും. ഞാൻ പറയും എന്നെ മുറുക്കിപ്പിടിച്ചോളാൻ.

"ഖ്യൂ—ഖ്യൂ—ഊഊ—"

അയ്യേ ഈ ഫോൺ സുഖമില്ല. എൻെറ ബൈക്കിനിത്തരം പരുത്ത ശബ്ദം വയ്യ. തങ്കത്തിൻെറ ശബ്ദംപോലെ നനുത്തു മിനുത്തതായിരിക്കണം.

എന്നിട്ടു തങ്കത്തിനേയും കേററി ഞാൻ പോകുമ്പോഠം—

പടച്ചവനെ, ഇക്കുറി നമ്മളെ ചതിക്കരുതേ. ഒന്നാം സമ്മാനം തന്നെ കിട്ടണേ.

...ഇപ്പോഠം തങ്കം പറയുന്നതു അച്ഛനെയറിയിക്കേണ്ട എന്നാണല്ലോ. അവർ വലിയ പണക്കാരനെ തിരയുകയാണത്രേ. ഞാനീപ്പതിമൂവായിരത്തിൻെറ ചെക്ക് ആ വെള്ളാരക്കണ്ണൻ തന്തയുടെ മുമ്പിലെറിഞ്ഞുകൊടുത്തു പറയും സ്ട്രെയിററ് ഫോർവേടായിട്ടു—എന്താ തങ്കത്തിൻെറ സമ്മതമല്ലേ എന്നു.

# കാലവും ദൂരവും

പി. അച്യുതമേനോൻ

ചുമരിന്മേൽ നാട്ടിയ ഘടികാരം ഇടവിടാതെ ശബ്ദിക്കുന്നു. മടിക്കൂടാതെ നിരന്തരം എടുക്കുന്ന അതിൻെറ പ്രവൃത്തി നാം അറിയുന്നതു് ദുർലഭമായേ ഉള്ളൂ. നമുക്കു വേറെ പണിയില്ലാത്തപ്പോഴൊ ശ്രദ്ധ വേറെ വഴിക്കു തിരിയാത്തപ്പോഴോ ക്ലോക്കിൻെറ ശബ്ദം കേൾക്കാം. ഈ ശബ്ദം ഓരോ സെക്കണ്ടു സമയം കഴിഞ്ഞുപോയെന്നറിയിക്കുന്നു. അറുപതു സെക്കൻറു കഴിഞ്ഞാൽ ഒരു മിനുട്ടാവും. അത്രയും മിനുട്ടു കഴിഞ്ഞാൽ ഒരു മണിക്കൂറുമായി. ഇങ്ങനെ കുറെ മണിക്കൂറുകൾ ചെന്നാൽ ദിവസം മാറിയെന്നും കുറെ ദിവസങ്ങൾക്കുശേഷം കൊല്ലം കഴിഞ്ഞുവെന്നും നാം കണക്കാക്കുന്നു. കൊല്ലമാണ് കാലം കുറിക്കുന്നതിനുപയോഗിക്കുന്ന ഘടകം. ഭൂമിയുടെ വയസ്സ് നിർണ്ണയിക്കുന്നതും മനുഷ്യരുടെ ഉല്പത്തി ഗണിക്കുന്നതും കൊല്ലക്കണക്കിലാണ്.

---

എന്നാലടുത്ത ഒരു ദിവസം....ആ പാമിസ്ററും അങ്ങിനെയാണല്ലൊ പറഞ്ഞതു്. ഭാഗ്യരേഖ മേല്പോട്ടു കയറുന്നുണ്ടത്രെ. അതു മോതിരവിരലിൽ തൊട്ടാൽ പിന്നെപ്പിടിച്ചാൽ കിട്ടില്ലെന്നാ പറയുന്നതു് നോക്കട്ടെ.

ഓഹോ—ശരിയാണ് അവൻ—കുറേശ്ശെ മേല്പോട്ടു കേറുന്നുണ്ട്. ഇല്ല. വളരെ താമസണ്ടാവില്യ. ഇല്ല—

അടുത്തൊരു ദിവസം—"ക്ലി കിളിം ക്ലിം. ഘടപടധിം"

"അയ്യോ—അയ്യോ"

"ഖള്തേ കാത് കേക്കാതാ" "ഹാവു—ഹയ്യോ"

"ഖള്തേ ! ഹാൻറൽബാർ തൊലഞ്ഞോല്ല്"—

"ഹയ്യോ—ഹായ്—"

ഒരാൾക്ക 60 വയസ്സായെന്നു പറയുമ്പോൾ അയാൾ ജനിച്ചിട്ട് ഇത്ര കാലമായെന്നു നമുക്ക എളുപ്പത്തിൽ മനസ്സിലാക്കാം. മനുഷ്യന്നു ഒരുകോടി കൊല്ലത്തെ പഴക്കമുണ്ടെന്നു കേൾക്കുമ്പോൾ ആ കാലം എത്രയാണെന്നും ഒരുപക്ഷെ നിശ്ചയിക്കാം. ഭൂമിയുണ്ടായിട്ട് നൂറുകോടി കൊല്ലമായെന്ന് ആരെങ്കിലും പറഞ്ഞാൽ ആ കാലമറിയാൻ നാം കടലാസ്സിലെഴുതി മനസ്സിലാക്കാൻ ശ്രമിക്കും. സൂൎയ്യന്റെ ജനനം എഴുലക്ഷംകോടി കൊല്ലം മുമ്പെയാണെന്നു കേട്ടാൽ അതെഴുതിയ കടലാസ്സ് കീറിക്കളകയും ചെയ്യും. ആ കാലം കടലാസ്സിൽ കുറിക്കാൻ എളുപ്പമാണെങ്കിലും അതെത്രയാണെന്നു മനസ്സിൽ ഒരു ധാരണയുണ്ടാവാൻ ഞെരുക്കമുണ്ട്.

സമയത്തിന്റെ കഥ ഇത്ര അഗാധമാണ്. ദൂരമോ? ചുമരിന്മേൽ നില്ക്കുന്ന ഘടികാരം അടിച്ചുതള്ളുന്ന ഓരോ സെക്കണ്ടും പ്രകാശരശ്മികൾക്ക 186000 നാഴിക സഞ്ചരിക്കാൻ മതിയായ സമയമാണ്. സൂൎയ്യനിൽ നിന്നു രശ്മികൾ പുറപ്പെട്ടതിന്നുശേഷം ഭൂമിയിലെത്താൻ എട്ടുമിനുട്ടിൽ അധികം സമയം വേണം. സൂൎയ്യൻ ഒമ്പതുകോടി നാഴിക ദൂരത്താണ് നിൽക്കുന്നത്. ഒമ്പതുകോടി നാഴികയെന്നു പറഞ്ഞാൽ, സമയത്തിന്റെ കണക്കുപോലെ മനസ്സിലാക്കാൻ അല്പം വിഷമമുണ്ടാവും. ആയിരക്കണക്കിൽ മാത്രമെ ഭൂമിയിൽ ദൂരം അളക്കേണ്ടതുള്ളു. യൂറോപ്പിൽ നിന്നു ഇന്ത്യയിലേക്ക 3000 നാഴികയുണ്ടെന്നു കേട്ടാൽ അതു് നമുക്കുടനെ മനസ്സിലാവുന്നുണ്ട്. പ്രകാശരശ്മികൾ ഇത്ര വേഗതയോടെ ഒരു കൊല്ലം കാടിയാൽ 5,86,570 കോടി നാഴിക ദൂരത്തെത്തുമെന്നു കേട്ടാൽ ആ ദൂരം എത്രയാണെന്നു നിൎണ്ണയിക്കാൻ നമുക്ക് സാദ്ധ്യമല്ല.

ബീററൽഗീസ്സ് നക്ഷത്രത്തിൽ നിന്നു ഒരു രശ്മി പുറപ്പെട്ടാൽ അതു് സെക്കണ്ടിൽ 186000 നാഴിക വേഗതയോടെ സഞ്ചരിച്ച് ഭൂമിയിലെത്താൻ 163 കൊല്ലം വേണമത്രെ. ഈ ദൂരം അറിയാൻ 586570 കോടിയെ 163 കൊണ്ട് ഗുണിച്ചാൽ മതി. ശരി, ഗുണിച്ചിട്ടെന്താ ഫലം? ആ അക്കം വായിക്കാൻ എളുപ്പമല്ല. അതു് കുറിക്ക

ന്ന ദൂരം ഗ്രഹിക്കാൻ സാദ്ധ്യവുമല്ല. ഈ നക്ഷത്രം എവിടെയാണെന്നു ചോദിച്ചാൽ "ബ്രഹ്മാണ്ഡത്തിൻെറ ഒരു ഭാഗത്താണ്. അധികം ദൂരത്തല്ല," എന്നു ശാസ്ത്രജ്ഞന്മാർ മറുപടി പറയും. എത്ര ചെറിയ ദൂരവും വലിയ ദൂരവും അവർ അളക്കുന്നുണ്ട്. ബ്രഹ്മാണ്ഡത്തിൻെറ ഒരററത്തുനിന്നു (അതിനൊരററമുണ്ടെങ്കിൽ) ഒരു പ്രകാശരശ്മി പുറപ്പെട്ടു് സെക്കണ്ടിൽ 186000 നാഴിക വേഗത്തിൽ ഓടി മറെറ അററത്തെത്താൻ 200 കോടി കൊല്ലം സഞ്ചരിക്കണമത്രെ! ഇന്നു മണിക്കൂറിൽ 360 നാഴിക പറക്കുന്ന വിമാനമാണു നമ്മുടെ ഏററവും വേഗതയുള്ള വാഹനം. ഒരു വിമാനം ബ്രഹ്മാണ്ഡമാകെ ചുററിയെത്താൻ എത്ര കാലം പിടിക്കും?

ചുമരിന്മേൽ നില്ക്കുന്ന ക്ലോക്ക് സെക്കൻറുകൾ അടിച്ചു തള്ളുന്നു. ഓരോ സെക്കൻറും കാലചക്രം തിരിയുന്നതിൻെറ ഒരു ശകലമെങ്കിലും കുറിക്കുന്നുണ്ട്. ക്ലോക്കിൻെറ ഉള്ളിലുള്ള ചക്രങ്ങളിൽ ഒന്നുരണ്ടെണ്ണം ഇളകുന്നതു് നമുക്കു കാണാം. ചിലതു് സാവധാനത്തിൽ തിരിയുന്നതുകൊണ്ടു് പ്രത്യക്ഷത്തിൽ കാണാൻ കഴികയില്ല. മണിക്കൂറ് സൂചിയുടെ ചലനവും നമുക്കു കാണത്തക്ക വേഗതയോടെയല്ല. ഈ സൂചി രണ്ടു വട്ടം തിരിഞ്ഞെത്തിയാലെ കാലചക്രത്തിൽ ഒരു ചെറിയ ചലനമുണ്ടായതായി കണക്കാക്കപ്പെടുന്നുള്ളു. ഇതു് 730 തവണ തിരിഞ്ഞെത്തിയാൽ കാലചക്രം ഒരിക്കൽ തിരികയും ഒരു കൊല്ലമാകയും ചെയ്യുന്നു. ഈ ചക്രം ഇതിന്നുമുമ്പ് എത്ര പ്രാവശ്യം ചുററിയിരിക്കാം? ബ്രഹ്മാണ്ഡമുണ്ടായ കാലത്തു് ഒരു ക്ലോക്കും ഉണ്ടായിരുന്നുവെങ്കിൽ ഈ കാലംവരെ അതു് എത്ര സെക്കണ്ടുകൾ കണക്കെടുത്തു കഴിഞ്ഞിരിക്കാം!

സമയം കുറിക്കുവാൻ സെക്കൻറുകളാണ് ഏററവും ചെറിയ ഘടകമെന്നു നാം തെററിദ്ധരിച്ചേക്കാം. അതല്ല. പ്രകാശരശ്മികൾക്ക് ഒരു നാഴിക ദൂരം സഞ്ചരിക്കാൻ വേണ്ടിവരുന്ന സമയം പോലും അളക്കാൻ സാധിക്കും. ഇതു് ഒരു സെക്കണ്ടിൻെറ 186000 ൽ ഒരു ഭാഗമാണല്ലോ. പക്ഷെ ഈ സമയം എത്രയാണെന്നു ഗ്ര

ഹിക്കാനാണ് പ്രയാസം. "കണ്ണടച്ച് മിഴിക്കുന്ന സമയം കൊണ്ട്" എന്നു നാം സാധാരണ പറയാറുള്ളത് നമുക്കു ഗ്രഹിക്കാൻ സാധിക്കുന്ന ഏററവും ചെറിയ സമയത്തെപ്പററിയാണ്. ഈ പ്രവൃത്തി ഒരു സെക്കണ്ടിൻെറ ഏകദേശം നാല്പതിലൊരു ഭാഗം കൊണ്ടു നിർവഹിക്കുന്നുണ്ട്. ഒരു സെക്കണ്ടിൻെറ ലക്ഷത്തിലൊരു ഭാഗം എത്രയാണെന്നു മനസ്സിലാക്കാൻ എളുപ്പമല്ല. എങ്കിലും ഈ ലഘുസമയംകൊണ്ട് ചില പ്രവൃത്തികൾ നടത്തിവരുന്നുണ്ട്.

ഒരു എലക്ട്രിക്ക് വിളക്കിൻെറ ബൾബ് (കുപ്പി) വെടിവെച്ചു പൊളിച്ചുവെന്നു വിചാരിക്കുക. വെടി കുപ്പിയിന്മേൽ കൊണ്ടതിനുശേഷം കുപ്പി തകൎന്നുപോകാൻ വേണ്ടി വരുന്ന സമയം എന്തായിരിക്കും? ഇതു് ഒരു സെക്കണ്ടിൻെറ എത്രയോ ആയിരത്തിൽ ഒരു ഭാഗം മാത്രമാണ്. കുപ്പി പൊളിഞ്ഞുപോകുമ്പോൾ അതിലെ ഓരോ ഘട്ടവും കാണിക്കുന്ന ഫോട്ടോകൾ എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു സെക്കണ്ടിൻെറ ലക്ഷത്തിലൊരു ഭാഗം സമയം മാത്രം നിലനില്ക്കുന്ന ഒരു വൈദ്യുതപ്രകാശം ജ്വലിപ്പിക്കയും ആ പ്രകാശത്തിൽ ഫോട്ടോ എടുക്കയുമാണ് ചെയ്യാറ്. ഈ മിന്നലിന്നു് ഏകദേശം 50,000 വലിയ വൈദ്യുതവിളക്കിൻെറ പ്രകാശമുണ്ടാകും. വെടി വെക്കുന്ന സമയവും പ്രകാശം ജ്വലിക്കുന്ന സമയവും കൃത്യമാക്കുന്നതു് യന്ത്രം കൊണ്ടാണ്. വെടി ബൾബിന്മേൽ ചെന്നടിച്ചു പുറത്തു കടക്കുന്നതോടുകൂടി ഫോട്ടോ എടുത്തു കഴിയും. ഈ പറഞ്ഞതുകൊണ്ട് സെക്കണ്ടിൻെറ എത്രയോ ആയിരത്തിലൊരുഭാഗംസമയം രേഖപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്നു മനസ്സിലാവുന്നുണ്ടല്ലൊ.

ഇതുകൊണ്ടുമായില്ല. ഇതിലും ചെറിയ സമയംകൊണ്ട് സാധിക്കാവുന്ന ചില പ്രവൃത്തികളുമുണ്ട്. സൂൎയ്യപ്രകാശം പലേ ആവൃത്തിയിലും (frequency) വലിപ്പത്തിലുമുള്ള വീചികൾകൊണ്ടുണ്ടാവുന്നതാണല്ലൊ. വീചികളുടെ വലിപ്പം, അല്ലെങ്കിൽ ചെറുപ്പം ഒരിഞ്ചിൻെറ 64000 ത്തിൽ ഒരു ഭാഗം മുതൽ 33000 ത്തിൽ ഒരു

ഭാഗം വരെ ഉണ്ടാവാം. ഇത് എത്രയാണെന്ന് ഊഹിക്കാനേ കഴിയൂ. ആവൃത്തിയും പലേ വിധത്തിലുണ്ട്. വീചികളുടെ വേഗതകൊണ്ടു മാത്രമാണ് അവക്കു ചില നിറങ്ങൾ കല്പിച്ചിട്ടുള്ളത്. അതായത്, ചില വീചികൾ സെക്കണ്ടിൽ 6,00,00,000 കോടി പ്രാവശ്യം നമ്മുടെ കണ്ണുകളിൽ വന്നടിക്കുന്നുണ്ട്. ഈ ആവൃത്തിയുള്ള വീചികൾ പച്ചനിറത്തിൽ നമുക്കു തോന്നപ്പെടും. ചില വീചികൾ 9 കോടി കോടി പ്രാവശ്യം ആവൃത്തിക്കും. എന്നാൽ ശോണനീലനിറമാണ് നമുക്കനുഭവപ്പെടുക. ഇത്ര വേഗതയോടെ ആവൃത്തിക്കുന്ന വീചികൾക്കു ഒരിക്കൽ അടിക്കാൻ എത്ര സമയം വേണം ?

പ്രകാശവീചികളുടെ വലിപ്പം ഏതാണ്ട് ഇത്രയാണെന്നു പറഞ്ഞുവല്ലോ. നമുക്കറിവായതിൽ ഏറ്റവും ചെറിയ അളവ് ഇതല്ല. പരമാണുക്കൾ ഇതിലും ചെറിയവയാണ്. ഇവയുടെ വലിപ്പം കണക്കാക്കാമെങ്കിൽ 250 കോടി പരമാണുക്കൾ നിരത്തിവെച്ചാൽ ഒരിഞ്ചു നീളമുണ്ടാവുമെന്നു പറയാം. ഒരു കാലത്ത് പരമാണുക്കൾ ഭിന്നിക്കാൻ സാധിക്കാത്ത ഓരോ മാത്രകളാണെന്നു കരുതിവന്നിരുന്നു. ഇപ്പോൾ അവയെപ്പററിയുള്ള വിവരം കുറെക്കൂടി അധികമായിട്ടാണ്. പരമാണുവിന്നു രണ്ടു വിഭാഗമുണ്ടെന്നും കേന്ദ്രത്തിൽ പ്രോട്ടൻ എന്നു പറയപ്പെടുന്ന ഒരു ബിന്ദുവും അതിന്റെ പുറമെ ഒന്നോ അധികമോ എലക്ട്രനും ഉണ്ടെന്നും രണ്ടും കൂടിയാൽ ഒരു ഘടകമായെന്നും ഇപ്പോൾ വിശ്വസിച്ചുവരുന്നു. എലക്ട്രൻ പ്രോട്ടന്റെ ചുററും തിരിയുന്നുണ്ടെന്നും ഇവയുടെ മദ്ധ്യേ ഒഴിഞ്ഞ സ്ഥലമുണ്ടെന്നും അറിഞ്ഞിട്ടുണ്ട്. ഒരു ഇഞ്ചിന്റെ 250 കോടിയിൽ ഒരംശം മാത്രം വലിപ്പമുള്ള ഒരു കണിക, അതിന്നു രണ്ടു വിഭാഗങ്ങൾ, അവയുടെ ഇടയിൽ ഒഴിഞ്ഞ സ്ഥലം. ഈ സ്ഥലം എത്ര വലിപ്പമുള്ളതാവാം ? ബ്രഹ്മാണ്ഡത്തിന്റെ വലിപ്പവും ഈ ഘട്ടത്തിൽ ഓർമ്മവെച്ചാൽ സൃഷ്ടിയിലെ രണ്ടു വലിയ അത്ഭുതങ്ങൾ നമുക്കറിയാറാവും.

# ഒടുങ്ങാത്ത പാരമ്പര്യം

പി.

“ഗുഡ്ബൈ. എന്നാൽ അടുത്ത് കാണാം.” അങ്ങിനെ ഞങ്ങൾ തമ്മിൽ പറഞ്ഞുപിരിഞ്ഞു. ബസ്സ് കിട്ടില്ലെന്നുകരുതി ഞാൻ ധൃതിയിൽ വീട്ടിൽനിന്നിറങ്ങി.

വഴിക്കുവെച്ചു ഞാൻ ഒന്നാമതായി കണ്ടത് എന്റെ സ്നേഹിതൻ “പൊക്കാച്ചി രാമൻനായരെ”യാണ്. ദുഃഖസൂചകമായ ആ ശകുനം എന്നെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. വരാനിരിക്കുന്ന സംഭവങ്ങൾ എന്തെല്ലാമാണെന്നു എത്ര തലപുകഞ്ഞു ചിന്തിച്ചിട്ടും യാതൊരെത്തുംപിടിയും കിട്ടിയിരുന്നില്ല. അത്രക്കു മെച്ചമേറിയതായിരുന്നു ശ്രീ: “പൊക്കാച്ചി രാമൻ നായ”രുടെ ശകുനം. തിരുവാതിരയുടെ മഴ തിരിമുറിയാതെ പെയ്യുകയാണ്. അതൊന്നും വകവെക്കാതെ ഞാൻ നിരത്തിന്മേലെത്തി അടുത്തൊരു ചായപ്പീടികയിൽ സ്ഥലംപിടിച്ചു.

---

ചുമരിന്മേൽ നില്ക്കുന്ന ക്ലോക്ക് ക്ഷമയോടെ പണിയെടുക്കുന്നു ഇടവിടാതെ ഒഴുകിപ്പോകുന്ന സമയം രേഖപ്പെടുത്താനുള്ള വലിയ ശ്രമമാണ് അതിന്റെ. മനുഷ്യജീവിതം സ്വപ്നപ്രായമാണെന്നോ അല്പം ചില കൊല്ലത്തേക്കു മാത്രമെയുള്ളുവെന്നോ പറയാൻ ആർക്കും സ്വാതന്ത്ര്യമുണ്ട്. പറഞ്ഞോട്ടെ. ആ അല്പം ചില കൊല്ലങ്ങളിൽ അടങ്ങിയ സെക്കണ്ടുകൾ ഇത്രയുണ്ടെന്നു കാണിക്കയാണ് ക്ലോക്കിന്റെ പണി. ഒമ്പതു മണി അടിക്കുന്നതു കേട്ടാൽ “ഓ, ഇനി ആപ്പീസിലേക്കെത്താൻ ഒരു മണിക്കൂറെ ഉള്ളൂ,” എന്നു കരുതുന്ന നാം ക്ലോക്കിനു എത്ര പ്രാവശ്യം അടിക്കാനുണ്ട് ആ സമയമെന്നാലോചിക്കാറില്ല. അതിന്നു വേണ്ടിവരുന്ന അച്ചടക്കവും ജീവിതക്രമവും ഇനിയും മനുഷ്യനു കൈവന്നിട്ടില്ല.

———x———

അധികമൊന്നും കാത്തിരിക്കേണ്ടി വന്നില്ല. ബസ്സിൻെറ ശബ്ദം കേട്ടുതുടങ്ങി. ഞാൻ പീടികയിൽ നിന്നിറങ്ങി കൈകാണിച്ചു. എൻെറ കൈ അസ്ഥാനത്തിലായി. മാത്രമല്ല ഞാനും. എനിക്കവിടെ നിന്നു ലഭിച്ച പാരിതോഷികം അവൎണ്ണനീയമാണ്! ബസ്സ് വരുന്നതും അതിൻെറ പിൻചക്രം കിണറുപോലുള്ള ഒരു കുഴിയിൽ താഴുന്നതും മാത്രമേ എനിക്കു കാണാൻ കഴിഞ്ഞുള്ളു. അപ്പോഴേക്കും ഏതാണ്ടൊരഞ്ചു പീപ്പ ചെളിവെള്ളത്തിൽ ഞാൻ ആറാടിയിരിക്കയാണ്. ബസ്സ് കിട്ടാത്ത നൈരാശ്യമെല്ലാം നിലച്ചു. ഇനി ആരും കാണാതെ രാജ്യം പിടിക്കേണമെന്ന മട്ടായി. എൻെറ മനോവേദന അടക്കാനാവാത്തവിധം വൎദ്ധിച്ചു വന്നു. പുറത്തുവിടാൻ ആരുമില്ലതാനും. എനിക്ക് അതോടിക്കുന്ന ആളോടു വെറുപ്പു തോന്നി. എന്തിന്നു അയാളോടു വെറുക്കണം? അയാൾ എന്തു പിഴച്ചു? വെറുപ്പും വിദ്വേഷവും അടക്കി വെക്കുന്നത് തന്നെ മനുഷ്യൻെറ ഏററവും വലിയ നന്മയാണ്. കുണ്ടും കുഴിയും തെററിച്ചു ബസ്സോടിക്കേണമെന്ന പരമാൎത്ഥത്തിൻെറ പിന്നിലുള്ളത് അതില്ലാത്ത നിരത്തുണ്ടാവണം എന്നതാണ്. നിരത്ത് മുഴവൻ ആറു വീണാൽ കാണാത്ത തരത്തിലുള്ള കുഴികളുണ്ട്. ഇതെത്ര കണ്ടു പരിതാപകരമാണ്! അടുത്ത കാലത്തെങ്കിലും ഈ നിരത്ത് നിരത്തായിക്കാണാൻ ഞാൻ ഈശ്വരനോടു—യഥാൎത്ഥഭക്തിയോടുകൂടി തന്നെ— പ്രാൎത്ഥിച്ചുകൊണ്ടു വീട്ടിലേക്കു തിരിച്ചു.

വഴിക്കുവെച്ചു ഞാൻ പലതും ചിന്തിച്ചു. എൻെറ സ്നേഹിതൻ എന്നെ അപകടത്തിലാക്കാൻ വേണ്ടി— പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായി—മാത്രമാണ് എൻെറ മുമ്പിൽ വലിഞ്ഞെത്തിയത്. ഞാൻ അയാളെ എന്തിന്നു കുററപ്പെടുത്തണം? അയാൾ എൻെറ "പ്രാണ"നാണ്. ഞാൻ അയാളുടേയും. ഞങ്ങൾതമ്മിലുള്ള സ്നേഹത്തിൻെറ മാററുകുറഞ്ഞതായി എനിക്കു തോന്നിയിരുന്നില്ല. ഞാൻ എൻെറ സ്നേഹിതനെപററി ദൂഷണം പറയുകയോ പന്തികേടായി പെരുമാറുകയൊ ചെയ്യുന്നതു തികച്ചും നീതികേടാണെന്നെനിക്കു

തോന്നി. എൻെറ ഒരു സ്നേഹിതൻ ഒരു ദു:ശ്ശകുനം പിടിച്ച ആളാണെന്ന ഒന്നാമത്തെ കുററം കഴിഞ്ഞാൽ, വായിൽതോന്നിയതു —ആരെക്കണ്ടാലും, 'പ്രാണ'നായാലും ശരി—വിളിച്ചുപറയുന്ന ഒരു ദൂഷ്യംമാത്രമേ ആയാൾക്കുള്ളു. മററെല്ലാം ക്ഷന്തവ്യമാണ്. ഈ കുററങ്ങളൊഴിച്ചാൽ ആയാൾ പൊതുജനസമ്മതനാണ്. അതൊന്നും സ്നേഹിതന്മാക്ക് പററിയ തരമല്ലെന്നു ഞാൻതന്നെ പലവുരു അയാളെ ഓമ്മപ്പെടുത്തീട്ടുണ്ട്. ഇങ്ങിനെയുള്ള ഒരുവൻെറ സ്നേഹം കയ്യൊഴിക്കാൻ ഇരുകൂട്ടരും ശ്രമിക്കുന്നുണ്ടെങ്കിൽ അതു നീതിബോധമെന്നോ വിചാരിക്കാൻ തരമുള്ളു. എന്നിട്ടും ആയാൾ പരദൂഷണത്തിന്നൊരുക്കം കൂട്ടുന്നുണ്ടെങ്കിൽ ആയാൾ 'മരമണ്ടസ'നാണ്.

വീണ്ടും ഞാൻ വീട്ടിൽനിന്നിറങ്ങി. എൻെറ യാത്ര അത്യന്താപേക്ഷിതമാണ്. ഇനിയൊരു സ്നേഹിതനെ കണ്ടാൽ ഞാൻ "ദീവാളികുളി"ക്കുകയാണുണ്ടാവുക, എന്നെല്ലാം കരുതി ആ വിചിത്രമായ നിരത്തിൽ വീണ്ടും എത്തി.

കോഴിക്കോട്ടു നിന്നു "തൃ"വായി കുററ്യാടിക്കു പോകുന്ന ബസ്സിന്നാണ് ഞാൻ കൈകാണിച്ചതു്. എങ്ങിനെയെല്ലാമോ ഞാനാ "പടിഞ്ഞാററയിൽ" തള്ളപ്പെട്ടു. ഇരിക്കാൻ സ്ഥലമില്ല; നിൽക്കാൻ തീരെയില്ല. ഒരു മുടന്തൻ കാലനെപ്പോലെ ഞാനാ "പടിഞ്ഞാററ"യുടെ മൂലയിൽ പതുങ്ങാൻ ശ്രമിക്കുകയാണ്. ഒരു നാടൻ ബോമ്പിൻെറ 'ഷെൽ' തെറിക്കുമ്പോലെ ഒരു പൊട്ടലും തെറിക്കലും. ഞാൻ നടുങ്ങിപ്പോയി. "എവിടുത്തേക്കാ ?" എന്നുള്ള അങ്ങേരുടെ ചോദ്യമാണാ കേട്ടതെന്നു ഉടൻ മനസ്സിലായി. ഞാൻ ഉത്തരം പറയാൻ മടിച്ചു. വീണ്ടും ചിന്തിച്ചു. 'കുതിരവട്ട'ത്തേക്കാണെന്നു പറഞ്ഞാലൊ എന്ന്. വേണ്ട. ആ ഉത്തരം വേണ്ട. അതെല്ലാം വക്കാണത്തിനുള്ള വഴിയായിത്തീരും. "പടിഞ്ഞാററയിൽനിന്നു പടക്കളത്തിലേക്ക്" പോകാനുള്ള പ്രാരംഭ ചടങ്ങായിരിക്കും അതു്. പിന്നീടു പൊട്ടിത്തെറിക്കുന്നതു ആററം ബോം

ബായിരിക്കും. ഞാൻ ഉടൻ മറുപടി കൊടുത്തു. "കുററ്യാടിക്കു." എൻെറ നേരെ ചൂണ്ടിയ പെൻസിൽ പിടിച്ച കൈ തൽക്ഷണം ഉള്ളോട്ടു വലിഞ്ഞു. ഒരു കഷണം കടലാസ്സുമായി വീണ്ടും "പടിഞ്ഞാററ"യിലേക്കു നീണ്ടു. തിക്കോടി to കുററ്യാടി. 21 to 47—13 ണ. എന്നെഴുതിയതു് വളരെ സൂക്ഷിച്ചുനോക്കിയാൽ അതിൽ കാണാമായിരുന്നു. എനിക്കതു സൂക്ഷിക്കേണ്ട കടമയുണ്ടു്. വളരെ സാഹസപ്പെട്ടു ഞാനതു മുണ്ടിൻെറ തലക്കൽ കെട്ടി.

എൻെറ പുറത്തും ചുമലിലുമായി, ഒമ്പതു തലയോളമുണ്ടു്. അങ്ങിനെയായിരുന്നു എൻെറ മുടന്തൻ കാലൻ നില്പു്. ഇതെൻെറ നിലനില്പിന്നു തന്നെ ഹാനികരമായിതോന്നി. ഒമ്പതു തലയും രണ്ടു മനുഷ്യ ശരീരം മുഴവനും ഒരുവൻ വഹിക്കേണ്ടി വന്നാൽ അവനെവിടെയുണ്ടു രക്ഷ! എനിക്കൊരു രക്ഷ വേണമെന്നതു അത്യന്താപേക്ഷിതമാണ്. ഭാരമേറിയ കാളവണ്ടി അസ്ഥിക്കൂടം മാത്രം ശേഷിച്ച കാളകൾ വലിച്ചിഴക്കുമ്പോലെ ബസ്സങ്ങിനെ ഇഴഞ്ഞിഴഞ്ഞു പോവുകയാണ്!

അങ്ങിനെ ഇഴഞ്ഞിഴഞ്ഞു ഞങ്ങൾ മുപ്പത്തി നാലിലെത്തി. അവിടെ ഞങ്ങളേയും പ്രതീക്ഷിച്ചു വലിയൊരു ജനക്കൂട്ടമാണ് നിൽക്കുന്നതു്. കാരുണ്യത്തിൻെറ കണികപോലു മില്ലാത്ത ആ ഡ്രൈവർ അവിടേയും നിത്തിക്കൊടുത്തു.

പതിനഞ്ചു കൊല്ലത്തോളം പലേ സർവ്വീസിലും ക്ലീനറുടെ പ്രവൃത്തിയെടുത്ത് തഴക്കവും, പഴക്കവും നിരവധി സർട്ടിഫിക്കററുകളും ലഭിച്ച ആ പേരെടുത്ത കണ്ടക്ടർ അയാളുടെ അധികാരങ്ങളെല്ലാം നിലത്തുള്ള ആൾക്കൂട്ടത്തിന്നു വിട്ടുകൊടുത്തു. അവർ കണ്ണും കരളുമില്ലാതെ തള്ളിക്കേറൽ തുടങ്ങി. എൻെറ ജീവന്നു യാതോരു കേടും തട്ടാതെ ഏതെങ്കിലും വിധത്തിൽ നാടൊന്നു കാണാൻ കൊതിതോന്നി. ഞാൻ പലേ നേർച്ചകളും നേർന്നുകൊണ്ടിരുന്നു. "ഈ

അനീതി അതിരുകടന്നുപോയി. ഇതെന്തൊരോവർലോടാണ്! ഇതൊന്നും കാണാൻ ആരുമില്ലെന്നൊ? അതോ അവർ കണ്ണടക്കുന്നതോ? എന്തിനുമുണ്ട് ഒരതിര്. ഈ അത്യാഹിതത്തിന്നു ആരായാലും ശരി, ഒന്നു കണ്ണു തുറന്നു പ്രവൃത്തിക്കേണ്ടിയിരിക്കുന്നു." പകുതി ജീവൻ ശേഷിച്ച എൻെറ കൂട്ടുകാരൻ ഒററ ശ്വാസത്തിൽ പറഞ്ഞ ഈ വാക്കുകൾ ഞാൻ സശ്രദ്ധം കേട്ടു. "അധികാരപ്പെട്ടവൎക്ക് സീററ് കൊടുത്ത്, അവരെ അതിൽ പിടിച്ചിരുത്തിയാൽ അക്രൂട്ടർ മയങ്ങിപ്പോകുമെന്ന" ഒരാളുടെ സമാധാനംകേട്ടു ഞാൻ ചിന്തിച്ചു. എൻെറ ചിന്താശകലങ്ങൾ അടക്കിക്കൊണ്ടു ഞാനൊന്നു ദീർഘശ്വാസം ചെയ്തു. എൻെറ തല കുററ്യാടി ബസ്സ് പോലെ അത്രക്കു ഓവർലോടായിരുന്നു. ഇതിന്നിടെ ഒരു സാഹിത്യകാരൻ എഴുതിയ വരികൾ എൻെറ സ്മൃതിപഥത്തിൽ വന്നു. ആ തലയോടു എനിക്കു ബഹുമാനം തോന്നി. അല്ലെങ്കിലും ഞാനതിന്നു കടപ്പെട്ടവനാണ്. അങ്ങിനെ ആ കടപ്പെട്ട ബഹുമാനം വർദ്ധിച്ചുവന്നു. ഇതു കുററ്യാടി ലൈനിലെ പാരമ്പര്യമാണെന്ന പരമാൎത്ഥം എനിക്കു പിന്നീടു മനസ്സിലായി. എന്തെല്ലാം യാതനകളനുഭവിച്ചാലും അതൊന്നും മുപ്പത്തി നാലിലെ നരകംപോലെ അത്ര വൈഷമ്യമേറിയതായി എനിക്കു തോന്നിയിരുന്നില്ല. എൻെറ ജീവൻ പോകാൻ ഇനി അല്പസമയംകൂടി മാത്രമേയുള്ളു വെന്നു എനിക്കു തോന്നി.

അങ്ങെത്തിയ ഉടൻ ചില വൻകാര്യങ്ങൾ തീൎക്കേണ്ടതുണ്ടെന്നു തോന്നുമാറ്, ഡ്രൈവർ "ഓവർ സ്പീടി"ൽ വിടുകയാണു്. ഞങ്ങളുടെ തല പിളരുകയാണ്! ഹൃദയം നീറുകയാണ്!!

ഞാൻ വളരെ സാഹസപ്പെട്ടു മുമ്പോട്ടൊന്നു കണ്ണോടിച്ചു. "ഫ്രണ്ട്സീററി"ലിരുന്നു ഒരു കഷണ്ടി കമ്മ്യൂണിസം പ്രസംഗിക്കുകയാണ്. ആ എണ്ണപ്പാനിപോലുള്ള കഷണ്ടിത്തലയിൽ ഞങ്ങളുടെ—"പടിഞ്ഞാററ"ക്കാരുടേ—നിഴൽ പ്രതിബിംബിച്ചുകണ്ടിട്ടെന്നു തോന്നുമാറ്, കഷണ്ടിയുടെ അടുത്ത പിന്നിലുള്ള ആ ചെറുപ്പ

ക്കാരന്റെ ദൃഷ്ടി ഞങ്ങളുടെ നേക്കയച്ചു. ഷട്ടിന്റെ മേലെ ഒരു രോമക്കുപ്പായം ധരിച്ചു, മപ്ലർകൊണ്ടു ചെവിടടക്കി ഒരു കെട്ടും കെട്ടിയ ആ ചെറുപ്പക്കാരൻ ചിരിക്കുകയാണ്. അത്രക്കു രസാവഹമായിട്ടാണ് അങ്ങോക്ക് തോന്നിയത്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാട്ടിക്ക് റഷ്യൻ നിർദ്ദേശം കിട്ടുന്നുണ്ടെങ്കിൽ അങ്ങനത്തെ ഒരു നിർദ്ദേശം കഷണ്ടിയിൽനിന്നും ആ ചെറുപ്പക്കാരനു കിട്ടുന്നപോലെ എനിക്കു തോന്നി. ആ നിർദ്ദേശത്തിന് ഇനി ഇവിടെ ചിലവു കിട്ടാത്തവിധം അടിച്ചമത്തിയിരിക്കയാണ്. അത്ര നീചമായ നിർദ്ദേശങ്ങളാണവയെന്നല്ലെ അനുമാനിക്കേണ്ടതു്. ഇന്നു "പടിഞ്ഞാററ"ക്കാരായ ഞങ്ങൾ കരയുകയാണ്. സന്തോഷവും സന്താപവും ഇടകലന്നനുഭവിക്കേണ്ടതും മനുഷ്യർതന്നേയാണ്.

ഇന്നലെവരെ കൈകൊട്ടിചിരിച്ച ചർച്ചിൽ ഇന്നു കണ്ണുനീർ വാക്കുകയാണ്, അതു ഫലത്തിൽ വരുമെന്നതു പ്രയാസമേറിയതാണ്. ഇന്നലെവരെ നമ്മൾക്കുവേണ്ടി എണ്ണാനാവാത്തവിധം നരകിച്ച ജവഹർലാലും മററു നേതാക്കന്മരും വിഷാദാത്മകമായിട്ടെങ്കിലും ഇന്നു ചിരിക്കുന്നതു ആശാവഹമല്ലേ? ആ ചിരി ഒരു യഥാത്ഥ ചിരിയാകാനാണ് നമ്മൾ പ്രയത്നിക്കേണ്ടതു്.

ഏതാണ്ട് എനിക്കിറങ്ങേണ്ട സ്ഥലമെത്തി. എനിക്കാ കണ്ടക്ടരുടെ ഓമനപ്പേരൊന്നു കേൾക്കാൻ കൊതി തോന്നി. ചിലരൊടെല്ലാം സ്വകാര്യത്തിൽ അന്വേഷിച്ചു. പലരും പലതരത്തിൽ പറഞ്ഞു. അറുപതിനോരടുത്ത ഒരു കിഴവൻ പറഞ്ഞു: "എനിക്കയാളെ പരിചയമുണ്ട്. ആയാളുടെ പേര് "ആററംബോമ്പ് കണാരൻ നായര്" എന്നാണ്. "ആൾപേരു ഗവേഷണത്തിലെ "അന്തർരാഷ്ട്രീയ" വകപ്പിൽനിന്നു തിരഞ്ഞെടുത്തതായിരിക്കണം ആ പേര്. എനിക്കതു നന്നെ പിടിച്ചു. ആയാളുടെ (ആററംബോംബ് കണാരൻ നായരുടെ) മാതാപിതാക്കന്മാർ അത്യദ്ധ്വാനം ചെയ്തു തങ്ങളുടെ മകനു തിരഞ്ഞെടുത്ത ഈ പേര് വളരെ നല്ലതുതന്നെ. ഞാനവരെ ബഹുമാനിച്ചു. "ആററംബോമ്പു കണാരൻ നായരു"ടെ മയ്യാദയെ പററിമാത്രമേ എനിക്കവരോടു അഭിപ്രായ വ്യത്യാസമുള്ളു. പറഞ്ഞിട്ടെന്തു ഫലം!

# പുണ്യസ്ഥലങ്ങൾ

പുല്ലൂര്

പുണ്യസ്ഥലങ്ങൾ എന്നു കേൾക്കുമ്പോൾ കാശി, രാമേശ്വരം മുതലായ സ്ഥലങ്ങളിലെ പഴകി ജീർണ്ണിച്ച കോവിലുകളും, അവയെ ചുററിക്കൊണ്ട് സന്ദർശകരെ ചൂഷണം ചെയ്തു ജീവിക്കുന്ന പണ്ടാ (പൂജാരി) കളും ആണ് സാധാരണക്കാരുടെ ഓർമ്മയിൽ വരിക. ഇതു ചിലരിൽ അതിർകവിഞ്ഞ അവജ്ഞയും മററു ചിലരിൽ അന്ധമായ ഭക്തിയും ജനിപ്പിക്കുന്നു. എന്നാൽ ഇവയുടെ ഉത്ഭവത്തേയോ, അഥവാ ഈ പ്രദേശങ്ങളെ പുണ്യസ്ഥലമായി കരുതുവാൻ പുരാതനരെ പ്രേരിപ്പിച്ച സംഗതികളേയോ, ഒരു കാലത്ത് ഇവകൊണ്ടുണ്ടായിരുന്ന നേട്ടങ്ങളേയോ പററി അധികമാരും ആലോചിക്കാറില്ല. ഇന്നു ഒരു പുതിയ വീക്ഷണകോണം സ്വീകരിച്ചാലേ ഇവയുടെ മാഹാത്മ്യം, കുറച്ചെങ്കിലും മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ.

---

ഞാനാമഹാനുഭാവനോടു ബസ്സ് നിത്താൻ ആവശ്യപ്പെട്ടു. "ആററംബോമ്പു കണാരൻനായർ" ഉച്ചത്തിൽ ഒരു കൂളം വിളിച്ചു. കണ്ടക്ടർ മൂത്ത ഡ്രൈവറായ അയാൾ ബസ്സ് നിത്തി. വളരെ സാഹസപ്പെട്ടു ഞാനതിൽനിന്നും ഇറങ്ങി രക്ഷപ്പെട്ടു.

എൻെറ കയ്യും കാലും ആകപ്പാടെ ഒന്നു കുടഞ്ഞു. നട്ടെല്ലൊന്നു നിവത്തി അല്പമൊന്നാശ്വസിക്കാൻ ശ്രമിച്ചു. "എന്താ വൈകിപ്പോയി" പിന്നിൽനിന്നൊരു ചോദ്യംകേട്ടു. ഞാനാ നരകത്തെ പററി അയാളോടു സവിസ്തരം പറഞ്ഞു. "ഇതെല്ലാം ഇവിടുത്തെ ഒടുങ്ങാത്ത പാരമ്പര്യമാണ്." അയാൾ ഒററവാക്കിൽ മറുപടി തന്നു.

—o—

പുരാതന ഭാരതീയരുടെ സൗന്ദര്യബോധവും സംസ്കാരപ്രേമവും വീരപൂജാശക്തിയും മററും ഈ പുണ്യസ്ഥലങ്ങളുടെ പിറവിക്കു കാരണമായി എന്നു വിചാരിക്കണം. ഉദയാസ്തമനങ്ങൾ, ഉന്നത പർവ്വതങ്ങൾ, നിശ്ശബ്ദകാനനങ്ങൾ, നിർഝരീപ്രവാഹങ്ങൾ തുടങ്ങിയവയിൽ ഒളിഞ്ഞു മിന്നുന്ന ഏതോ ഒന്നു അവരെ ആകർഷിച്ചുകൊണ്ടിരുന്നു. അന്ധവിശ്വാസികളല്ലെങ്കിലും അവർ ആസ്തികന്മാരായിരുന്നു. പ്രകൃതിയുടെ ഈ വിലാസവൈചിത്ര്യങ്ങളുടെ പിന്നിൽ ഏതോ ശക്തി പ്രവർത്തിക്കുന്നതായി അവർ ഊഹിച്ചു. അതിനെ ഈശ്വരനെന്ന് വ്യവഹരിച്ചു. എവിടെയൊക്കെ പ്രകൃതിയുടെ പ്രഭാവം മാനവഹൃദയത്തെ ഉന്മദിക്കത്തക്കവിധം പ്രദർശിപ്പിക്കപ്പെടുന്നുവോ അവിടെയെല്ലാം ഈശ്വരൻെറ സാന്നിദ്ധ്യം അവർ ഭാവനചെയ്തു. വിഗ്രഹാരാധനയുടെ ആവിർഭാവത്തിനു ശേഷം അവിടങ്ങളിലുള്ള ഈശ്വരചൈതന്യത്തെ ശിലാരൂപേണ അടയാളപ്പെടുത്തി. ക്രമേണ ഭാവനയുടെ സ്ഥാനം ഭക്തി കയ്യേറിയപ്പോൾ പ്രകൃതിസൌന്ദര്യത്തിൽ പ്രതിഫലിച്ചിരുന്ന ഈശ്വരചൈതന്യം, ആ പ്രതിമകളിലും അവയെ സംരക്ഷിക്കുന്നതിന്നായി നിർമ്മിച്ച ക്ഷേത്രങ്ങളിലും മാത്രമായിക്കലാശിച്ചു. അങ്ങിനെ ക്ഷേത്രങ്ങൾക്കു പ്രാധാന്യം ലഭിച്ചു.

വെൺമണൽത്തട്ടിൽ മൃദംഗധ്വനി മുഴക്കിക്കൊണ്ടു പതഞ്ഞൊഴുകുന്ന രണ്ടു മഹാനദികൾ, പരസ്പരാശ്ലേഷത്തിൽ ലയിച്ചു മുന്നോട്ടൊഴുകുന്ന മോഹനദൃശ്യം (പ്രയാഗ,) ആരെത്തന്നെ ആകർഷിക്കയില്ല? സമീപ ദേശങ്ങളെ സസ്യസമൃദ്ധികൊണ്ട് പച്ചപിടിപ്പിയ്ക്കുന്ന—ആര്യാവർത്തത്തിൻെറ ഇഡയും പിംഗലയും എന്നു പറയാവുന്ന—കാളിന്ദീ ഗംഗകളുടെ സമ്മേളനരംഗത്തെ പുണ്യസ്ഥലമെന്നു പറയുന്നതിൽ പൊരുത്തക്കേടുണ്ടോ? പ്രപഞ്ചസൌന്ദര്യത്തിൻെറ പ്രതിബിംബമാണ് മനോഹരസന്ധ്യകൾ. അതിൻെറ പ്രത്യക്ഷദർശനം പ്രണിതഹൃദയങ്ങളിൽപ്പോലും വെണ്ണ പുരട്ടുന്നു. അങ്ങിനെയുള്ള ഇരു സന്ധ്യകൾ, പൂർണ്ണലാവണ്യത്തോടെ പ്രത്യ-

ക്കപ്പെടുന്ന ഒരു സ്ഥലം പുണ്യപദത്തിന്നർഹമല്ലേ ? (കന്യാകുമാരി) നിതാന്തഗൌരവത്തോടെ നിശ്ചലം നിലകൊള്ളുന്ന ഹിമാചലം! രജതമകുടം പോലെയുള്ള അതിൻെറ ധവളശൃംഗങ്ങൾ വികാരവിജൃംഭണത്തിൽ വിറളി പിടിച്ച ലോകത്തിന്നു ശാന്തിയുടെ സന്ദേശംപോലെ തെളിഞ്ഞുകാണുമ്പോൾ (കൈലാസം) അതിന്നും പുണ്യസ്ഥലത്തിൻെറ പദവി ലഭിയ്ക്കുന്നു. ഇപ്രകാരം പ്രകൃതിരഹസ്യങ്ങൾ തുറന്നുകാണിയ്ക്കുന്ന ചുടുനീരുറവുകൾ (സീതാകുണ്ഡം) അഗ്നികുണ്ഡങ്ങൾ (ജ്വാലാമുഖി) തുടങ്ങി എന്തിനേയും അതിലൊളിച്ചുകിടക്കുന്ന ദിവ്യചൈതന്യത്തിൻെറ പേരിൽ പുരാതന ഭാരതീയർ പുണ്യസ്ഥലമായിക്കരുതിവന്നു.

ഈവിധമുള്ളവ മാത്രമാണോ എല്ലാ മഹാക്ഷേത്രങ്ങളും ? അല്ല. സ്വജീവിതംകൊണ്ട് ആദർശപുരുഷന്മാരായിത്തീൎന്ന മഹാന്മാരുടെ ജന്മഭൂമിയും ഭാരതീയർ പാവനമായി കരുതിപ്പോരുന്നു. അവരുടെ ഓൎമ്മക്കായി പ്രതിമകൾ നിൎമ്മിച്ച് അതിനെ വന്ദിച്ചുതുടങ്ങി. കാലക്രമത്തിൽ അവയും പുണ്യക്ഷേത്രങ്ങളുടെ രൂപം കൈക്കൊണ്ടു. പിതാവിൻെറ പ്രണയചാപല്യത്തിൽ ചൊല്ലിയ ഏതോ ചാട്ടുവാക്കുകളെ പാലിയ്ക്കുന്നതിന്നുവേണ്ടി രാജസുഖം മുഴുവൻ വെടിഞ്ഞു വനവാസം വരിയ്ക്കുകയും ബഹുഭാൎയ്യാത്വം ബഹുമാനമായിക്കരുതിയിരുന്ന അന്നത്തെ രാജാക്കന്മാരുടെ ഇടയിൽ ഏകപത്നീവ്രതം അഭിമാനമായി ഗണിക്കുകയും ചെയ്ത രാമചന്ദ്രനും, കാലിമേച്ചുകൊണ്ടു തുടങ്ങിയ ജീവിതത്തിൽനിന്നു അന്നത്തെ രാജകുമാരന്മാൎക്കുപോലും തത്വോപദേശം നൽകത്തക്കവിധം ജ്ഞാനം സമ്പാദിച്ച ഇടയകുമാരനും, അവൎക്ക് അവതാരപുരുഷന്മാരായി ആ പുണ്യചരിതന്മാരുടെ ജന്മസ്ഥലം മാത്രമല്ല, ജീവിതത്തിലെ ഓരോ സംഭവത്തിന്നും സാക്ഷിയായ പ്രദേശങ്ങൾപോലും പരിശുദ്ധമായി കരുതി; അവിടങ്ങളിലൊക്കെ അവരുടെ വിഗ്രഹങ്ങളും പ്രതിഷ്ഠിച്ചു. നന്ദകുമാരൻെറ ലീലാനിലയമായ വൃന്ദാവനവും സീതാരാമന്മാരുടെ സ്വൈരജീവിതത്തിന്നരുനിന്ന പഞ്ചവടിയും മാത്രമല്ല, അന്നത്തെ രാജാക്കന്മാർ ഇരുചേരികളായിനിന്ന് പൊരുതി

മരിച്ച കുരുക്ഷേത്രംകൂടി ഭാരതീയരുടെ ഭാവനയിൽ പുണ്യസ്ഥലമായി. (കുരുക്ഷേത്രം പുണ്യസ്ഥലമായതുകൊണ്ടാണ് യുദ്ധം അവിടെ ആക്കിയതു് എന്നു പറയാവുന്നതു് വിസ്മരിക്കുന്നില്ല.)

ഇതിന്നു പുറമേ മനുഷ്യന്നു ജ്ഞാനം ലഭിയ്ക്കുവാൻ സഹായിയ്ക്കുന്ന സ്ഥലങ്ങളേയും (ആശ്രമങ്ങൾ) മററുംകൂടി പുണ്യസ്ഥലങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു.

മുൻകാലങ്ങളിൽ ഈ സ്ഥലങ്ങളെക്കൊണ്ടുണ്ടായിരുന്ന നേട്ടങ്ങൾ, അഥവാ ഇവയുടെ ഉപയോഗങ്ങൾ, എന്തെന്നു കൂടി ചിന്തിക്കാം. (ആത്മീയമായവയെ മനഃപൂർവ്വം മാററിനിർത്തുന്നു.) പത്രവും തപാലും ഒന്നും ഇല്ലാത്ത അക്കാലത്തു, അനുഭവത്തിൽ ഇന്നത്തേക്കാൾ അകന്നും അജ്ഞാതവും ആയിരുന്ന വിഭിന്ന രാജ്യങ്ങളെ പരസ്പരം പരിചയപ്പെടുത്തിയിരുന്നതു് ഈ ക്ഷേത്രസങ്കേതങ്ങളാണ്. സഞ്ചാരപ്രിയരായിരുന്ന അന്നത്തെ ജനങ്ങളുടെ വിശ്രമത്താവളമായിരുന്നു ഇവ. സ്വാനുഭവങ്ങളേയും സ്വരാജ്യവാർത്തകളേയും എല്ലാ ദേശക്കാർക്കുമായി ഇവിടെ വിനിമയം ചെയ്യും. വ്യാപാരികൾ വിവിധ രാജ്യങ്ങളിലെ വിശിഷ്ടസാധനങ്ങളുമായി ഇവിടെ എത്തും. കാരണം, അവരുടെ ചരക്കിന്നു് അന്യരാജ്യങ്ങളിൽ പ്രചരണം ലഭിയ്ക്കാൻ ഇതിലും നല്ല മാർഗ്ഗം അക്കാലത്തുണ്ടായിരുന്നില്ല. കവികളും കലാകാരന്മാരും തങ്ങളുടെ വൈഭവം പ്രദർശിപ്പിയ്ക്കുന്നതിന്നു ഈ സ്ഥലങ്ങളെ തിരഞ്ഞെടുത്തിരുന്നു. അവയുടെ മൂല്യം നിർണ്ണയിക്കുന്നതിൽ അതിവിദഗ്ദ്ധരായ വിദേശികളും സ്വദേശികളും ആയ വിദ്വാന്മാർ പലപ്പോഴും ഇവിടെ സന്നിഹിതരായിരിയ്ക്കും. ജയദേവരുടെ അഷ്ടപദി പുരിയിൽവെച്ചാണ് ആദ്യം ജനങ്ങളെ കോൾമയിർക്കൊള്ളിച്ചതു എന്നു ഐതിഹ്യമുണ്ടു്. പ്രാചീനങ്ങളായ പല ശാസ്ത്രങ്ങളുടേയും ശാസ്ത്രകാരന്മാരുടേയും പ്രസിദ്ധിയുടെ ഉറവിടം കാശിയായിരുന്നു. അങ്ങിനെ ആലോചനകളുടേയും ആൾക്കൂട്ടങ്ങളുടേയും രംഗമായ പുണ്യക്ഷേത്രങ്ങൾ പ്രായേണ ഉത്സവപൂർണ്ണമായിത്തീർന്നു. കാലംകൊണ്ടു പ്രതിവത്സരം

ഏതാനും നിശ്ചിതദിവസങ്ങൾ, കൂടുതൽ സൌകര്യപൂർവ്വം, ഇത്തരം ആഘോഷങ്ങൾക്ക തിരഞ്ഞെടുക്കുകയും അങ്ങിനെ ഉത്സവങ്ങൾ ഉത്ഭവിയ്ക്കുകയും ചെയ്തു എന്നു വിചാരിയ്ക്കുന്നതിൽ അസ്വാഭാവികമായി ഒന്നും ഇല്ല.

സാംസ്കാരികമായി മാത്രമല്ല, രാഷ്ട്രീയമായും ഈ സ്ഥലങ്ങൾ പ്രയോജനപ്പെട്ടിരുന്നു. ഓരോ രാജാക്കന്മാരും അന്യരാജ്യങ്ങളെപററി അറിയുന്നതിന്ന് ചാരന്മാരെ ഇവിടേയ്ക്കു നിയോഗിച്ചിരിയ്ക്കും. ചിലപ്പോൾ വേഷം മാറി അവർ തന്നെ ഈ സ്ഥലങ്ങൾ സന്ദർശിയ്ക്കാറുണ്ട്. കാരണം, പുരാണങ്ങളിലെ നാരദനെപ്പോലെയുള്ള ഒരുകൂട്ടം സന്യാസികളുടെ സങ്കേതങ്ങളായിരുന്ന ക്ഷേത്രങ്ങൾ അവരിൽനിന്നു ഇതര രാജ്യങ്ങളിലെ കല്യാണകഥതൊട്ടു കലാപവാർത്തകൾവരെ അറിയാൻ കഴിയും. ഏഴാം നൂററാണ്ടിൻെറ ആരംഭത്തിൽ അറബികൾ സിന്ധിലൂടെ ആര്യാവർത്തത്തെ ആക്രമിച്ചതു് ഇവിടെയുള്ളവർ ആദ്യം അറിഞ്ഞതേയില്ല. അന്നു ദ്വാരകയിൽ സഞ്ചരിച്ചിരുന്ന ഒരു സന്യാസിയാണ് വിവരം ഇവിടെ എത്തിച്ചതു്. അയാൾ പെട്ടെന്നു മടങ്ങി, വളരെ പണിപ്പെട്ട് കാശിയിൽ എത്തി ഈ ഭയങ്കരവാർത്ത അവിടെ പ്രഖ്യാപിച്ചു. ഇന്ത്യയിലെ രാജാക്കന്മാർ ഉടനെ ഒത്തൊരുങ്ങി ശത്രുക്കളെ സിന്ധുനദിയുടെ മറുകരയിലേയ്ക്കു ആട്ടിയോടിച്ചു.

അച്ചടിയന്ത്രങ്ങളുടേയും യന്ത്രവാഹനങ്ങളുടേയും ആവിർഭാവത്തോടെ ക്ഷേത്രങ്ങൾക്കുള്ള ഇത്തരം പ്രാധാന്യങ്ങളും നശിച്ചു. അവ ആഭിജാത്യഭ്രമത്തിൻെറയും ആചാരഗോഷ്ഠികളുടേയും അഭയകേന്ദ്രമായി മാറി. ഇപ്രകാരം ദുഷിച്ചു നശിയ്ക്കുവാൻ ഇവയെ അനുവദിയ്ക്കുകയോ? പാടില്ല! ഈ വക സ്ഥാപനങ്ങളെ അതിൻെറ പൌരാണികത്വത്തിന്നു കോട്ടം വരാത്തവിധം പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ചില പ്രത്യേക ജാതിക്കാൎക്ക മാത്രം പ്രവേശമുള്ളതും അഴുക്കു പുരണ്ടു അന്ധകാരം നിറഞ്ഞതും ആയ ഗർഭഗൃഹത്തിൽനിന്നു വിഗ്രഹങ്ങളെ ഏവൎക്കും പ്രവേശിയ്ക്കാവു

ന്നതും കാററും വെളിച്ചവും സഞ്ചരിയ്ക്കുന്നതുമായ ദിക്കിൽ മാററി പ്രതിഷ്ഠിക്കണം. ക്ഷേത്രപരിസരങ്ങളെ മലിനപ്പെടുത്തുന്ന അസമതപങ്ങളേയും അന്ധവിശ്വാസങ്ങളേയും തുടച്ചുനീക്കണം. ക്ഷേത്രത്തിലുള്ള ഭക്തിയോ, വിഗ്രഹാരാധനയിലുള്ള ഭ്രമമോ, അല്ല ഇതെഴുതുവാൻ കാരണം. ക്ഷേത്രങ്ങളും വിഗ്രഹങ്ങളും ഈശ്വരസാന്നിദ്ധ്യത്തിൻെറ പ്രതിരൂപങ്ങളാണെങ്കിലും അല്ലെങ്കിലും, പൌരാണികമായ സംസ്കാരത്തിൻേറയും ശില്പവൈദഗ്ദ്ധ്യത്തിൻേറയും പ്രതിബിംബങ്ങളാണ്. ലോകത്തിന്നു ഭാരതം സംഭാവനചെയ്ത അമൂല്യസമ്പത്തുക്കളും ആണ്. ഏതു രാജ്യക്കാരും അവരുടെ പൂർവ്വീകങ്ങളായ സ്മാരകങ്ങളെ ഭദ്രമായി സൂക്ഷിക്കുന്നു; തങ്ങളുടെ ആരാദ്ധ്യപുരുഷന്മാരുടെ പ്രതിമകളെ ആദരപൂർവ്വം വന്ദിയ്ക്കുന്നു. അവരുടെ ജന്മഭൂമിയെ മാത്രമല്ല, അവർ താമസിച്ചിരുന്ന ഗൃഹങ്ങളേയും, ഉപയോഗിച്ചിരുന്ന വസ്തുക്കളെപ്പോലും പരിശുദ്ധമായി കരുതുന്നു. ഇതൊന്നും അന്ധവിശ്വാസമായിട്ടല്ല, ദേശാഭിമാനമായിട്ടാണ് പരിഷ്കൃതലോകം ഗണിയ്ക്കുന്നത്. വിദേശികളായ സന്ദർശകന്മാർ ഇവയെ ദർശിയ്ക്കുന്നതിന്നും അവയുടെ മാഹാത്മ്യം മനസ്സിലാക്കിക്കൊടുക്കുന്നതിന്നും പ്രത്യേകം സ്ഥാപനങ്ങൾപോലും ഉണ്ടായിട്ടുണ്ട്. നമ്മുടെ നാട്ടുകാർ അതൊക്കെ നടന്നുകണ്ട് വിസ്മയപൂർവ്വം വിവരിക്കാറുണ്ട്. എന്നാൽ ഈ രാജ്യത്തിൻെറ നിർഭാഗ്യം! ഇവിടെയുള്ളവയെ കാണുവാൻ ആർക്കും കണ്ണില്ല; കാണിച്ചുകൊടുക്കുവാനുള്ള കൈകളും ഇല്ല. വാസ്തവത്തിൽ ഇന്ത്യയിലെ ചില മഹാക്ഷേത്രങ്ങളെ മ്യൂസിയമായി മാററുവാൻ സാദ്ധ്യതയുണ്ട്. സർക്കാരും നാട്ടുകാരും ശ്രമിക്കുകയേ വേണ്ടു.

സാഹിത്യകാരന്മാർ ഈ വിഷയത്തിൽ നല്ലൊരു പങ്കു വഹിക്കാം. ഇന്ത്യയിലെ സുപ്രസിദ്ധങ്ങളായ (പുണ്യസ്ഥലങ്ങൾ മാത്രമല്ല) സ്ഥലങ്ങളെ സംബന്ധിച്ച ചരിത്രവും വിവരണങ്ങളും, ആകർഷകമായ രീതിയിൽ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിയ്ക്കുവാൻ അവർക്കു സാധിയ്ക്കും. അതു് വിജയകരമാകുന്നപക്ഷം

# കോസ്മിക് രശ്മികൾ

എസ്. വി. രമണൻ

"അണുബോംബുകൾ പൊട്ടുകയാണ്. നമ്മുടെ ചുററും കലശലായ ആക്രമണം." ഇതൊരു വെറും അതിശയോക്തിയല്ല. ചെറിയ തോതിലാണെന്നു മാത്രമേ പറയേണ്ടതുള്ളു. ഓരോ നിമിഷവും കോസ്മിക് രശ്മികൾ നമ്മുടെ ചുററും അണുകേന്ദ്രങ്ങളെ പൊട്ടിത്തെറിപ്പിച്ചു അവയുടെ ഘടകങ്ങളെ ബന്ധിക്കുന്നതിന്നു ഉപയുക്തമായ ഊർജ്ജം (energy) മോചിപ്പിക്കയാണ്. ഈ ന്യൂക്ളിയർ വിസ്ഫോടനങ്ങൾ തന്നെയാണ് അണുബോംബിലെയും ഊർജ്ജവിമുക്തിക്ക് കാരണം. അണുബോംബിൽ ഒരേ സ്ഥാനത്തു് ഒരേ നിമിഷം സഹസ്രക്കണക്കിനു് വിസ്ഫോടനങ്ങളുണ്ടാകുന്നെന്നു മാത്രം. ചിന്നിച്ചിതറിയ രീതിയിലാണ് നമ്മുടെ ചുററിലും ഇതു നടക്കുന്നതു് എന്നേയുള്ളു വ്യത്യാസം.

ഈ പ്രതിഭാസത്തിന് ഉത്തരവാദം വഹിക്കുന്ന കോസ്മിക് രശ്മികൾ കണ്ടുപിടിക്കപ്പെട്ട് ഒരു അര ശതാബ്ദമായെങ്കിലും അവയുടെ ഉത്ഭവരീതിയോ ഉത്ഭവസ്ഥാനത്തെയോ പററിയാതൊരറിവും നമുക്കു കിട്ടിയിട്ടില്ല. പ്രപഞ്ചത്തിൻെറ അഗാധതയിൽനിന്നും പ്രവഹിക്കുന്ന ഈ രശ്മികൾ വളരെയധികം ഊർജ്ജം കൊ

---

ജനതാഹൃദയത്തിൽ ആവക സ്ഥലങ്ങൾ ശരിയ്ക്കു് പതിഞ്ഞുകൊള്ളും. മലയാളത്തിൽ ഈ വിഷയത്തിൽ ഒട്ടൊന്നു ശ്രമിച്ചിട്ടുള്ളതു് എസ്. കെ. പൊററക്കാട്ടാണ്. അതത്രയും വിജയപ്രദമായിട്ടും ഉണ്ടു്.

—x—

ണ്ടുവരുന്നുണ്ട്. ഇവയുടെ ചില ഘടകങ്ങൾ വസ്തുവിൻെറ (Matter) അണുകങ്ങളും ആണ്. ഉദാഹരണമായി, ഇലക്ട്രാൺ മിസാട്രോൺ (mesotron) എന്നിവ. ഇവയാണ് മേൽപ്പറഞ്ഞ പ്രതിഭാസത്തിനു കാരണം. ഇവയിൽ മീസോണു് ഇലക്ട്രോണിൻെറ 200 മടങ്ങ് ഗുരുത്വം ഉണ്ട്. ഇതാണു് കേന്ദ്രസ്ഫോടനങ്ങളിൽ കൂടുതലും കാണിക്കുന്നതു്. അണുബോമ്പിൽ ന്യൂട്രോൺ എന്നു പറയപ്പെടുന്ന അണുകമാണു് ഉപയോഗിക്കപ്പെടുന്നതു്. ഇയ്യിടെയായിട്ടു് മാത്രമാണു് നമുക്കു നിയന്ത്രിക്കാവുന്ന രീതിയിൽ ഈ പുതിയ സ്ഫോടകാണുകം ഉത്ഭവിപ്പിക്കാൻ സാധിച്ചിട്ടുള്ളതു്. അതിനെപ്പററി വളരെയധികം അറിവു് ഇനിയും കിട്ടുവാനുണ്ട്. അണുകേന്ദ്രത്തിനകത്തു് ഇത്തരം മീസോൺ എപ്പോഴും വിവിധ ഘടകങ്ങളുടെ ബന്ധത്തിന്നു സഹായിക്കുന്നു എന്നു് പറയപ്പെടുന്നു. ഈ മീസോൺ ഭൂതലത്തിന്നു മുകളിൽവെച്ചു മാത്രം ഉണ്ടാകുന്നതായിട്ടാണു് അഭ്യൂഹം. അല്ലാതെ, വെളിയിൽനിന്നും വരുന്ന കോസ്മിക്‌രശ്മികളുടെ പ്രാഥമികഘടകങ്ങളല്ലിവ എന്നർത്ഥം. ഈ മീസാണിനെ കണ്ടുപിടിച്ചതു കാറൾ ആൻഡർസൻ എന്ന മഹാനാണു്.

ഇദ്ദേഹം തന്നെ വേറൊരു രസാവഹമായ സംഗതിയും കണ്ടുപിടിച്ചു. അതിന്നു വഴിതെളിച്ചതു് 'ബ്ലാക്കററു്' (Blackett) എന്ന പറഞ്ഞ ശാസ്ത്രജ്ഞൻ 1930 ൽ കണ്ടുപിടിച്ച "കോസ്മിക് റേ മഴ" യായിരുന്നു. ഒരു പ്രകാശരശ്മിയുടെ വഴിയിൽ ഒരു പ്രതിബന്ധം വെച്ചാൽ, രശ്മി തടയപ്പെടുന്നു. ഒരു കോസ്മിക്‌രശ്മിയുടെ വഴിയിൽ ഒരു നേരിയ ഈയത്തകിടു വെച്ചാൽ കൂടുതൽ അണുകളാണു് അതിനപ്പുറം കാണുന്നതു്. അപ്പോൾ, വസ്തു (matter) വിൽ കൂടികടക്കുമ്പോൾ കോസ്മിക് റേ പ്രവൃദ്ധിയടയുന്നു. ഒരു ഇലക്ട്രോണിൽ നിന്നും 10, 20 എണ്ണം ഉണ്ടായെന്നും വരാം. ഈ പ്രതിഭാസത്തിന് "ഷൌവ്വർ" (മഴ) എന്നു ബ്ലാക്കററു് നാമകരണം ചെയ്തു. ഇങ്ങിനെയുള്ള 'മഴ' യുടെ ഗവേഷണത്തിൽ ആൻഡർസൻ ധനവൈദ്യുതമുള്ള ഇലക്ട്രോണെ

ക്കണ്ടെത്തുകയുണ്ടായി. ഈ കണ്ടുപിടിത്തം, ഉണ്ടായ സമയത്ത് സ്ത്രീരൂപമുള്ള പുരുഷൻ എന്ന കണ്ടുപിടിത്തം ഉണ്ടായാലുള്ള പോലെ അതിശയം ഉളവാക്കി. അത്രത്തോളം ഇലക്ട്രോണും ഋണവൈദ്യുതവും ബന്ധപ്പെട്ട ആശയങ്ങളായിരുന്നു. അപ്പോൾ ആണ് ആൻഡർസന്റെ കണ്ടുപിടിത്തം നമ്മുടെ വിജ്ഞാനാടിസ്ഥാനത്തിനു തന്നെ പുത്തരിയായ ഈ ശകലം പ്രദാനം ചെയ്തത്.

തെളിവുകൾ: അതേ, ഇത്രയുമൊക്കെ കണ്ടുപിടിച്ചതെങ്ങിനെ? എന്ന ചോദ്യം ഒട്ടും അസ്ഥാനത്തല്ല. കണ്ണിന്നെത്താത്ത ഈ അണുക്കളോട് വലിയ പരിചയം ഭാവിക്കുവാൻ സാധിച്ചതിന്ന് വാസ്തവത്തിൽ കാരണം ഒരൊററ ഉപകരണമാണ്. അതാണ് വിൽസന്റെ മേഘോൽപാദിനി (Cloud-chamber) ഇതിന്നകത്തു ഈറപ്പുമുള്ള വാതകം തണുപ്പിച്ച് മേഘം ഉണ്ടാക്കുകയാണ്. ജലകണങ്ങളുടെ സമൂഹമാണ് മേഘം, പൊടിയില്ലാതാക്കപ്പെട്ടിട്ടുള്ള ഒരു വാതകത്തിൽ ജലം, തണുക്കുവാൻ കേന്ദ്രം ആവശ്യമുള്ളതുകൊണ്ടും പൊടിയുടെ അഭാവംകൊണ്ടും, തണുക്കുന്നില്ല. പക്ഷെ ഒരു കോസ്മിക് രശ്മി അതിൽക്കൂടിപ്പോയാൽ, അണുക്കളിൽനിന്നും ഒന്നോ രണ്ടോ ഇലക്ട്രോണുകളെ തെററിപ്പിക്കുന്നു. ഇങ്ങിനെ വൈദ്യുതീതുലാതാരള്യം സംഭവിച്ച ഒരു അണുവിനാണ് ion (അയനം) എന്നു പേർ. ജലകണങ്ങൾക്കു പററിയ കേന്ദ്രമാണ് ഒരു അയനം. അപ്പോൾ ഒരു കോസ്മിക്‌രശ്മി ഒരു വാതകത്തിലൂടെ പോയ ഉടൻ, അതിൽ പൊടിയില്ലായിരുന്നുവെങ്കിൽ, തണുപ്പിച്ചാൽ, ജലകണങ്ങൾ അയനങ്ങൾക്കു ചുററും കൂടുന്നു. ഏതോ ഒരു കഥയിലെ നായിക താൻ പോകുന്ന വഴിക്കു അരിയിട്ടുംകൊണ്ടു പോകുന്നപോലെ. അരിക്കു ചുററും ഉറുമ്പു തടിച്ചുകൂടി വഴി കാട്ടുകയാണ് കഥയിൽ. ഇവിടെ അരിയുടെ സ്ഥാനം അയനങ്ങൾക്കും, ഉറുമ്പിന്റെ സ്ഥാനം ജലത്തിനും. ഇങ്ങിനെ നമ്മുടെ നായിക പോയ വഴി നമുക്കു ഫോട്ടോഗ്രാഫ്

ചെയ്യുവാൻ കഴിയുന്നു. ഇപ്രകാരമാണു് ഷൌവ്വർ കണ്ടുപിടിക്കപ്പെട്ടതു്. ഇതുതന്നെയായിരുന്നു മീസ്സാൻെറ കണ്ടുപിടുത്തത്തിന്നും ഉതകിയതു്.

ഇതുവരെ കിട്ടിയിട്ടുള്ള അറിവു ഏതാണ്ടിപ്രകാരമാണു്. പ്രാഥമിക ഘടകങ്ങൾ വളരെ വേഗത്തിൽ വരുന്ന ഇലക്ട്രോണുകളും പ്രകാശതാപങ്ങൾപോലുള്ള ഊൎജ്ജവുമാണു്. ഇവ വായുമണ്ഡലത്തിൻെറ ഉപരിഭാഗത്തു ന്യൂക്ലീയർ പ്രതിപ്രവൎത്തനങ്ങളിലൂടെ മീസ്സാണുകളുൽപാദിപ്പിക്കുന്നു. വേറെ ചില ഇലക്ട്രോണുകളാണെങ്കിൽ വലിയ തോതിലും ചെറിയ തോതിലുമുള്ള "ഷൌവ്വർ"കൾക്കു കാരണഭൂതങ്ങളാകുന്നു. ഇങ്ങിനെ സംഖ്യ വളരെ വൎദ്ധിച്ചാണു് കോസ്മിക്‌രശ്മികൾ ഭൂതലത്തിലെത്തുന്നതു്.

ഈ ഗവേഷണത്തിന്നുവേണ്ടി അവിശ്രാന്തപരിശ്രമം ചെയ്തവരാണു് മില്ലിക്കൻ, ആഗർ, ബാണാ തുടങ്ങിയവർ. ഭാരതീയനായ മി. ബാബയുടെ പങ്കു ഒട്ടും കുറഞ്ഞതല്ല, അദ്ദേഹം ഷൌവ്വർ ഉണ്ടാകുന്ന രീതിയ്ക്കു ഒരു ഗണിതശാസ്ത്രപരമായ വിവരണം നൽകുന്നതിൽ വ്യാപൃതനാണു്. വളരെ വേഗത്തിൽ വരുന്ന ഇലക്ട്രോൺ അണുകേന്ദ്രത്തിൻെറ ആകൎഷകശക്തിക്കു വിധേയമായി ബ്രേയ്ക്കിടപ്പെടുന്നു. അതിൻെറ വേഗം കുറയുന്നു. കൂടുതലുള്ള ഊൎജ്ജം ഐൻസ്റ്റിൻെറ അഭിപ്രായപ്രകാരം വസ്തുവായി—ഒരു ധനവൈദ്യുതവും ഒരു ഋണവൈദ്യുതവും ഉള്ള രണ്ടു ഇലക്ട്രോണായി മാറുന്നു. ഇങ്ങിനെ ആവൎത്തിച്ചാവൎത്തിച്ചാണു് ഷൗവർ ഉണ്ടാവുക എന്നാണു് ബാബ തുടങ്ങിയവരുടെ അഭ്യൂഹം. ഏതായാലും അദ്ദേഹത്തിൻെറ സ്ഥാനം ഭാരതീയൎക്കു അഭിമാനപൂൎവ്വം സ്മരിക്കാവുന്ന ഒന്നാണു്.

ഇത്രയും ആളുകളുടെ തീക്ഷ്ണബുദ്ധിയും ഗവേഷണപാടവവും വെറും മൃഗീയതോപാസനത്തിൽ വ്യാപൃതരായ ഇന്നത്തെ ഭരണചക്രനിയന്താക്കളുടെ ശക്തിയ്ക്കു്, ഇന്നല്ലെങ്കിൽ നാളെ, അടിയറ വയ്ക്കപ്പെടരുതെ എന്നു നാമെല്ലാം പ്രാൎത്ഥിക്കുകയേ ചെയ്യാനുള്ളു.

——o——



# കുട്ടികളുടെ ലോകം

വിക്തോർ യൂഗോ—ഒരു വലിയ കഥാകാരനാണ് അദ്ദേഹം. പ്രായം ചെന്നവർക്കു വേണ്ടി അനേകം നോവലെഴുതിയിട്ടുണ്ടു്. ആ നോവലുകളെപ്പററി പല പ്രായം ചെന്നവരും എഴുതിയിട്ടുമുണ്ടു്. പക്ഷെ അദ്ദേഹത്തിൻെറ കുട്ടിക്കഥകളെപ്പററി ആരും അധികം പറഞ്ഞു കാണുന്നില്ല. എന്നുവെച്ചു അദ്ദേഹം കുട്ടികൾക്കുള്ള കഥകൾ ഉണ്ടാക്കാതിരുന്നോ? അതൊന്നുമില്ല. അദ്ദേഹം "പാവങ്ങൾ" എന്ന വലിയ നോവൽ എഴുതി. എങ്കിലും കുട്ടികൾക്കും കഥകൾ പറഞ്ഞുകൊടുത്തിരുന്നു.

കിഴവനായ യൂഗോക്ക് ഏററവും ഇഷ്ടം ജീൻ എന്ന പെൺകുട്ടിയെയായിരുന്നു. അവൾ അദ്ദേഹത്തിൻെറ പൌത്രിയായിരുന്നു. അവളുടെ അനിയനായ ജോർജ്ജിനേയും വലിയ ഇഷ്ടമായിരുന്നു. ഇവരുടെ കൂടെയാണ് അദ്ദേഹത്തിൻെറ കളി. ജീൻ എന്തുപറഞ്ഞാലും അപ്പൂപ്പൻ കേൾക്കും. അദ്ദേഹം അവളുടെ ഒരു അടിമയെപ്പോലെ ആയിരുന്നു. ഒരിക്കൽ ഒരു വലിയ ഉദ്യോഗസ്ഥൻ യൂഗോയെ കാണാൻ വന്നു. എന്തോ രാജ്യകാര്യത്തിന്നു വേണ്ടിയാണ്. അയാൾ എന്താണ് കണ്ടതു്? "കുതിരയും കുതിരക്കാരും" എന്ന കളി തകർത്തുവെച്ചു നടത്തുകയാണ്. യൂഗോയാണ് കുതിര. പുറത്തു രണ്ടു കിടാങ്ങളും ഇരിപ്പുണ്ടു്. കിഴവൻ അവരെയുംകൊണ്ടു് മുറി മുഴുവൻ ഇഴയുന്നു, കുട്ടികൾ ആർത്തുവിളിക്കുന്നു. ആകപ്പാടെ കോലാഹലം തന്നെയായിരുന്നു. ഒടുവിൽ ജീനിന്നു ആ കുതിരക്കളി മതിയായി. അവൾ പറഞ്ഞു: "അപ്പൂപ്പാ, ഇനി ഒരു നല്ല കഥ പറഞ്ഞു തരൂ."

"പക്ഷെ, ജീൻ, കഥയുണ്ടാക്കുന്നതു വലിയ ബുദ്ധിമുട്ടുള്ള കാൎയ്യമാണ്, കേട്ടോ."

"അപ്പൂപ്പനു ബുദ്ധിമുട്ടൊന്നും ഇല്ല. അപ്പൂപ്പൻ വളരെ കഥകഠം എഴുതിയിട്ടുണ്ടല്ലൊ. അപ്പൂപ്പന്റെ പുസ്തകങ്ങളിൽ ഇല്ലാത്ത ഒരു കഥ വേണം പറയാൻ."

അതു അദ്ദേഹത്തിനു ഒരു ആജ്ഞ തന്നേയായിരുന്നു. ആ ആജ്ഞ അനുസരിച്ചേ തീരൂ. ഇല്ലെങ്കിൽ കുഴപ്പം വരും. കുട്ടികഠം കിഴവന്റെ കാൽക്കൽ ഇരുപ്പ് പിടിച്ചിരുന്നു. മുഖം ഉററു നോക്കുകയാണ്. കഥ പറയാതിരിക്കാൻ നിൎവ്വാഹമില്ല. എന്നാൽ പറഞ്ഞുകളയാം. അങ്ങിനെ അദ്ദേഹം കഥ പറഞ്ഞു തുടങ്ങി. അതു ഞാൻ തർജ്ജിമ ചെയ്യുകയാണ്.

പണ്ട് മഹാദുഷ്ടനായ ഒരു രാജാവുണ്ടായിരുന്നു. അയാഠം പ്രജകളെ വല്ലാതെ സങ്കടപ്പെടുത്തി. പക്ഷെ അവൎക്കു ആയാളെ രാജ്യത്തുനിന്നു ആട്ടിക്കളയാൻ സാധിച്ചില്ല. അയാഠംക്കു വളരെ വളരെ പണമുണ്ടായിരുന്നു. തന്റെ രക്ഷക്കായി ഒരു വലിയ സൈന്യത്തേയും നിറുത്തിയിരുന്നു.

ഓരോദിവസവും രാവിലെ ഉണരുമ്പോഠം അയാഠം തലേ ദിവസത്തേക്കാഠം ദുഷ്ടനായിത്തീൎന്നിരുന്നു. സൽസ്വഭാവിയായ ഒരു ഈച്ചയുടെ ചെവിയിലും ഈ വൎത്തമാനം പെട്ടു. എല്ലാ ഈച്ചകളും നല്ലവരല്ല. പക്ഷെ ഈ ഈച്ച മൎയ്യാദയായി വളൎത്തപ്പെട്ടിരുന്നവളായിരുന്നു. നല്ല വിശപ്പുള്ളപ്പോഴല്ലാതെ അവഠം മനുഷ്യരെ കടിച്ചിരുന്നില്ല. കടിച്ചാൽതന്നേയും അവൎക്കു വേദനയെടുക്കാതിരിക്കാൻ അവഠം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

"ഈ രാജാവിനെ മൎയ്യാദപഠിപ്പിക്കുന്നതു അപായകരമായ ജോലിയാണ്," ആ ഈച്ച പറഞ്ഞു. "എന്നാലും ഞാൻ ശ്രമിക്കാം."

അന്നുരാത്രി രാജാവു സുഖമായി ഉറങ്ങാൻ തുടങ്ങുകയാണ്— അപ്പോഴേക്കും സൂചികൊണ്ടതുപോലെ ആയാൾക്കു തോന്നി.

"ഓ, ഇതെന്താണ്?" ആയാൾ ഞരങ്ങി.

"നിങ്ങളെ മര്യാദ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഒരു കൊച്ചു ഈച്ച," എന്നായിരുന്നു ഉത്തരം.

"ഒരു ഈച്ചയെന്നോ? ഒരു നിമിഷം നിൽക്കൂ. ഞാൻ ഒന്നു നോക്കട്ടെ."

രാജാവു ദേഷ്യത്തോടെ കിടക്കയിൽനിന്നു ചാടി എഴുന്നേററു വിരിപ്പുകളെല്ലാം കുടഞ്ഞു. പക്ഷെ ഈച്ചയെക്കാണാൻ കഴിഞ്ഞില്ല. അതിന്നു ശരിയായ കാരണമുണ്ടായിരുന്നു. അവൾ ആയാളുടെ താടിമീശയിൽ ഒളിച്ചുകളഞ്ഞിരുന്നു.

അവളെ ആട്ടിക്കളഞ്ഞു എന്നു വിചാരിച്ചു രാജാവു വീണ്ടും ചെന്നുകിടന്നു. തല തലയണയിലേക്കു ചാഞ്ഞതേയുള്ളൂ. അപ്പോഴേക്കും പുറത്തുവന്നു കഴിഞ്ഞു ആ ഈച്ച. എന്നിട്ടു ഒരു കടിയുംകൂടെ കൊടുത്തു.

"തിരിയെ വരാൻ ധൈര്യപ്പെട്ടോടി, വൃത്തികെട്ട ഈച്ചേ?" അയാൾ വിളിച്ചുപറഞ്ഞു. "നീ ഒരു മണൽത്തരിയുടെ അത്ര പോലുമില്ല. എന്നിട്ടു നീ ലോകത്തെ ഏററവും മഹാനായ രാജാവിനെ കടിക്കുന്നു, ഇല്ലേ?"

ഈച്ച ഉത്തരം പറയാൻ മിനക്കെട്ടില്ല. അവൾ വീണ്ടും കടിച്ചുകൊണ്ടേയിരുന്നു. രാജാവിന്നു രാത്രിമുഴുവനും ഒന്നു കണ്ണടക്കാൻ സാധിച്ചില്ല. രാവിലെ വലിയ ദേഷ്യത്തോടെയാണ് പള്ളിക്കുറുപ്പുണർന്നതു്. മുകൾ മുതൽ താഴെവരെ കൊട്ടാരം മുഴുവനും ആയാൾ വൃത്തിയാക്കിച്ചു. ഇരുപതു പേർ വലിയ ഭൃത്യക്കണ്ണോടി കളുമായിവന്ന് കിടക്കമുറിയും അവിടെയുള്ള എല്ലാ സാമാനങ്ങളും

പരിശോധിച്ചു. പക്ഷെ അവർ ആ കൊച്ചുഈച്ചയെ കണ്ടുപിടിച്ചില്ല. എന്തെന്നാൽ അവൾ രാജാവു ധരിച്ചിരുന്ന കോട്ടിൻെറ 'കോളറി'നടിയിൽ പതുങ്ങിയിരുന്നിരുന്നു. അന്നു രാത്രി, നല്ലവണ്ണം ഒന്നുറങ്ങാനായി രാജാവു കിടക്കമുറിയിലേക്കു കാലേക്കൂട്ടി പോയി.

"ആരതു് ?" ഘോരമായ കടിയേററു് അയാൾ ഉറക്കെ അലറി.

"ഈച്ച,"

"നിനക്കെന്തുവേണം ?"

"നിങ്ങൾ ഞാൻ പറയുന്നതു കേൾക്കണം. നിങ്ങളുടെ പ്രജകളെ സന്തുഷ്ടരാക്കണം."

"എൻെറ പട്ടാളക്കാരെവിടെ ? എൻെറ പടത്തലവന്മാർ എവിടെ ? എൻെറ മന്ത്രിമാർ എവിടെ ?" രാജാവു ഉറക്കെ നിലവിളിച്ചു. "അവർ ഇവിടെ ഉടൻ വരാൻ പറയിൻ."

രാജാവിൻെറ കിടക്കയറയിലേക്കു അവരെല്ലാം ഓടിവന്നു. അവർ കിടക്കയെ തുണ്ടുതുണ്ടായി വലിച്ചുകീറി. ചുവരിൽ ഒട്ടിച്ചിരുന്ന കടലാസുകൾ കീറിയെടുത്തു. നിലം മുഴുവൻ കിളച്ചിട്ടു. പക്ഷെ ആ ചെറിയ ഈച്ച രാജാവിൻെറ തലമുടിക്കിടയിൽ സുഖമായി ഒളിച്ചിരുന്നു. രാജാവു വേറൊരു മുറിയിലേക്കോടി. അവിടെ കിടന്നുറങ്ങാൻ വട്ടംക്കൂട്ടി. പക്ഷെ ഈച്ച വീണ്ടും പുറത്തിറങ്ങി കടിച്ചു. അയാളെ ഉറങ്ങാൻ സമ്മതിച്ചതേയില്ല.

ദേഷ്യം പിടിച്ച രാജാവു രാവിലെ ഈച്ചകൾക്കെതിരായി ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. എല്ലാ ഈച്ചകളേയും അതിവേഗത്തിൽ കൊന്നൊടുക്കാൻ അയാൾ പ്രജകളോടു ആജ്ഞാപിച്ചു. പക്ഷെ ആയാളുടെ മേൽ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്ന ധൈര്യശാലിനിയായ ആ ചെറിയ ഈച്ചയിൽനിന്നു രക്ഷപ്പെടാൻ സാ

ധിച്ചില്ല. തന്നെ വിഷമിപ്പിക്കുന്ന ചെറിയ ഈച്ചയെ അടിച്ചു കൊല്ലാൻ അയാറം തൻെറ ദേഹത്തിൽ കടിവരുമ്പോറം അടിച്ചു കൊണ്ടേയിരുന്നു. ഫലമുണ്ടായില്ല. അങ്ങനെ ആയാളുടെ ദേഹം മുഴവൻ നീലിച്ചുപോയി. ഉറക്കമില്ലാഞ്ഞിട്ടു അയാറം വിളറി മെലിഞ്ഞു. ഒടുവിൽ, ഈച്ചയെ അനുസരിക്കാമെന്നു ഏററില്ലെങ്കിൽ അയാറം തിർച്ചയായും മരിക്കേണ്ടിവരുമായിരുന്നു.

"ഞാൻ തോററു," അവറം വീണ്ടും കടിക്കാൻ തുടങ്ങിയപ്പോറം അയാറം പറഞ്ഞുപോയി. "നിൻെറ ഇഷ്ടംപോലെ ചെയ്യാം, എന്താണ് നിൻെറ ഇഷ്ടം ?"

"നിങ്ങറം നിങ്ങളുടെ പ്രജകളെ സന്തുഷ്ടരാക്കണം," ഈച്ച പറഞ്ഞു.

"അതു ഞാൻ എങ്ങനെയാണ് ചെയ്യേണ്ടതു് ?" രാജാവു ചോദിച്ചു.

"ഉടനെ രാജ്യംവിട്ടു പോയ്ക്കൊള്ളണം," ഈച്ച പറഞ്ഞു.

"എൻെറ പണത്തിൽ കുറച്ചുകൂടി കൊണ്ടുപോകട്ടെയൊ?" രാജാവു താഴ്മയായി ചോദിച്ചു.

"പാടില്ല," ഈച്ച പറഞ്ഞു.

പക്ഷെ ആ ചെറിയ ഈച്ച അത്ര അധികം കഠിനമായി പെരുമാറിയില്ല. പോകുന്നതിന്നുമുമ്പ് സ്വൎണ്ണംകൊണ്ടു് കീശ നിറക്കാൻ അവറം ദുഷ്ടരാജാവിന്നു സമ്മതം കൊടുത്തു. പിന്നെ ജനങ്ങറം രാജാവില്ലാത്ത "റിപ്പബ്ളിക്ക്" സ്ഥാപിച്ചു. അവർ തങ്ങളെത്തന്നെ ഭരിച്ചു തുടങ്ങി. അങ്ങനെ അവർ വളരെ, വളരെ, സന്തോഷമായി കഴിഞ്ഞുകൂടി.

ഈ കഥ ജീനിനും ജോർജിനും നന്നാപിടിച്ചു. കഥ പറഞ്ഞ രീതിയും അവൎക്കു വളരെ ഇഷ്ടപ്പെട്ടു. എന്തുകൊണ്ടെന്നോ? ദുഷ്ടനാ

യ രാജാവു താനാണ് എന്നു് യൂഗോ ഭാവിച്ചിരുന്നു. ആ രാജാവിൻെറ ഭാഗം അദ്ദേഹം അഭിനയിക്കുകയും ചെയ്തിരുന്നു. ഈച്ച കടിക്കുമ്പോൾ അദ്ദേഹം ഞെട്ടുന്നതുപോലെ കാണിക്കും. കസേരയിൽ ഇരുന്നുകൊണ്ടു ചാഞ്ചാട്ടം. ആകപ്പാടെ കുട്ടികൾക്കു ബഹു തമാശയായി തോന്നി. അവർ ചിരിച്ചു ആർത്തു. കുട്ടികൾക്കു രസിക്കുന്നുണ്ടെന്നു യൂഗോവും മനസ്സിലാക്കി, ഇനിയും ഒരു കഥകൂടി പറഞ്ഞുകളയാം, എന്നായി അദ്ദേഹം. കുട്ടികൾക്കു മുമ്പിലത്തേക്കാൾ ഉത്സാഹമായി. അദ്ദേഹം രണ്ടാമത്തെ കഥ പറഞ്ഞുതുടങ്ങി.

പണ്ടു് ഒരു നല്ല നായുണ്ടായിരുന്നു. അവൻെറ പേരു എനിക്കു ഓർമ്മിക്കാൻ സാധിക്കുന്നില്ല. എങ്കിലും അവൻ ഒന്നാന്തരം നായായിരുന്നു. അവൻെറ സ്നേഹം സമ്പാദിക്കാൻ കഴിഞ്ഞെങ്കിൽ ഞാൻ വളരെ സന്തോഷിക്കുമായിരുന്നു. പക്ഷെ, നിർഭാഗ്യമെന്നു പറയട്ടെ, അവൻ ഒരു വിരൂപനായിരുന്നു. പോരെങ്കിൽ അവൻ കളിക്കുകയും പതിവില്ല. എങ്കിലും അതിന്നുള്ള കുററം അവൻെറ യജമാനനായ കുട്ടിയുടേതായിരുന്നു. ആ കുട്ടി ചീത്തക്കുട്ടിയായിരുന്നു, നായയെ വല്ലാതെ ഉപദ്രവിക്കുകയും ചെയ്തുവന്നു.

അങ്ങനെയിരിക്കെ ഒരുദിവസം "താറാക്കോഴി" എന്ന കളി കളിക്കാനായി അവൻ വളരെ ആഴമുള്ള ഒരു കായലിൻെറ കരയിലേക്കു പോയി. നിങ്ങൾക്കറിയാമല്ലോ ഈ കളി? കീശ നിറച്ചു കല്ലുണ്ടായിരുന്നു. കായലിലെ വെള്ളത്തിൻെറ മുകളിലൂടെ അവൻ കല്ലെറിഞ്ഞു. മൂന്നാലു പ്രാവശ്യം കല്ലു വെള്ളത്തിൽ ചാടി ചാടി പോകാൻ അവൻ ശ്രമിച്ചു. ഇതെല്ലാം കണ്ടുകൊണ്ടു് നായ് കുറെ ദൂരത്തായി ഇരുപ്പു പിടിച്ചു, പെട്ടെന്നു "ധിമി". കുട്ടി കായൽക്കരയിൽനിന്നു കാലുതെററി വെള്ളത്തിൽ വീണു താഴ്ന്നു.

അവൻ മുങ്ങി മരിക്കാൻ പോകുന്നതു കണ്ടു് നായ് പുറകെ വെള്ളത്തിൽ ചാടി. അവൻെറ കോട്ടിൽ കടിച്ചുപിടിച്ചു, വലിച്ചു കരയിൽ കൊണ്ടുചെന്നാക്കി. പക്ഷെ ദുഷ്ടനായ കുട്ടിക്കു ദേഷ്യ

മാണ് വന്നതു്. ധൈര്യശാലിയായ ആ നല്ല നായ് അവനെ വെള്ളത്തിൽനിന്നു വലിച്ചുകൊണ്ടുപോകവേ അവൻെറ കോട്ട് ഇത്തിരി കീറിപ്പോയി. അതാണു് കാരണം. അതുകൊണ്ടു് തൻെറ തൊപ്പി എടുത്തുകൊണ്ടുവരാനായി കുട്ടി വിശ്വസ്തനായ നായയെ വീണ്ടും വെള്ളത്തിൽ ചാടിച്ചു. എന്നിട്ടു കല്ലുകളെടുത്തു അവനെ എറിഞ്ഞു. നായയെ ഏകദേശം മുങ്ങിമരിക്കാറാക്കി.

വിശന്നു വലഞ്ഞ ഒരു ഭയങ്കരൻ ചെന്നായ് നടക്കുന്നതെല്ലാം കണ്ടു നിന്നിരുന്നു. ഇങ്ങനത്തെ ചീത്ത നന്ദികെട്ട ഒരു യജമാനനെ ഇല്ലായ്മ ചെയ്‌വാൻ പാവപ്പെട്ട നായ്ക്ക് സന്തോഷമായിരിക്കും എന്നു ചെന്നായ് ആലോചിച്ചു. അവൻ പതുക്കെ ഇഴഞ്ഞ് അടുത്തുവന്നു നായുടെ ചെവിയിൽ പറഞ്ഞു:

"ഞാൻ അവനെ തിന്നുകളയാം."

പക്ഷെ ആ വശത്തെ ചെവി കേട്ടുകൂടാത്തതായി നായ് ഭാവിച്ചുകളഞ്ഞു. ചെന്നായ്ക്കു സംസാരിച്ചു സംസാരിച്ചു മതിയായി. അവൻ കുട്ടിയുടെ നേക്കു ചാടി. പക്ഷെ ആ നല്ല നായ് ചാടിവന്നു ചെന്നായയോടേററു. വലിയൊരു യുദ്ധത്തിന്നു ശേഷം അവൻ ചെന്നായെ ആട്ടിയോടിച്ചുകളഞ്ഞു. ദുഷ്ടക്കുട്ടി ഒരു ചെടിയുടെ ഇടയിൽ പതുങ്ങിക്കിടക്കുകയായിരുന്നു. കയ്യിൽ ഒരു വലിയ വടിയുമുണ്ടായിരുന്നു. ആ നല്ല നായ് ജയിച്ചതിലുള്ള സന്തോഷത്തോടെ കുട്ടിയുടെ അടുക്കൽ ഓടിചെന്നു. പക്ഷെ ആ കുട്ടി ദേഷ്യത്തോടുകൂടി പറഞ്ഞു:

"ദൂരേപ്പോ, വൃത്തികെട്ട നായേ. ആ ചെന്നായുമായി മല്ലടിച്ചിട്ട് നീ എന്തിനാണ് എന്നെ പേടിപ്പിച്ചുകളഞ്ഞതു്. പോ, വഴക്കാളി പട്ടീ."

എന്നിട്ടു അവൻ ആ പാവപ്പെട്ട നായയെ അടിച്ചു. കല്ലെടുത്തെറിഞ്ഞു അവനെ ആട്ടിയോടിക്കയും ചെയ്തു.

എങ്കിലും ആ പാവപ്പെട്ട നായ് തൻെറ ദുഷ്ടനായ യജമാനനെ പിൻതുടൎന്നുകൊണ്ടിരുന്നു. കുറെ ആപ്പിൾപഴം മോഷ്ടിക്കാനായി ആ കുട്ടി ഒരു തോട്ടത്തിൽ കയറി. കള്ളന്മാരോടു യാതൊരു ദയവുമില്ലാത്ത ഒരു ദുഷ്ടനായിരുന്നു തോട്ടത്തിൻെറ ഉടമസ്ഥനായ കൃഷിക്കാരൻ. അതു കുട്ടി അറികയും ചെയ്തിരുന്നു. പക്ഷെ അപ്പോൾ ആയാൾ ചന്തയിൽ പോയിരിക്കയാണെന്നു കുട്ടി വിചാരിച്ചു. കുട്ടി ആപ്പിൾ പഴങ്ങൾ പറിച്ചുതുടങ്ങി. മാത്രമല്ല, അവ കൊണ്ടു തൻെറ നായെ എറിയുകയും ചെയ്തുകൊണ്ടിരുന്നു. പെട്ടെന്നു കൃഷിക്കാരൻ തോക്കുമെടുത്തുകൊണ്ടു പുറത്തേക്കു ഓടിവന്നു. ആയാൾ ദുഷ്ടനായ കുട്ടിയുടെ നേക്കു തോക്കുചൂണ്ടി.

"എൻെറ ആപ്പിളിനുള്ള വില തരിക." കൃഷിക്കാരൻ പറഞ്ഞു. "ഇല്ലെങ്കിൽ ഞാൻ നിന്നെ വെടിവെക്കും."

ദുഷ്ടക്കുട്ടിയുടെ കീശയിൽ ഒരു കാശുപോലും ഉണ്ടായിരുന്നില്ല. കാൎയ്യം എല്ലാം തീൎന്ന എന്നു കുട്ടി വിചാരിച്ചു. അവൻ നിലവിളിച്ചു.

"എൻെറ നായേ! എന്നെ രക്ഷിക്കണെ! എന്നെ രക്ഷിക്കണെ!"

നിങ്ങൾക്കു അറിയാമല്ലോ നായ്ക്കൾക്കു മരത്തിൽ കേറാൻ വയ്യെന്നു്. പക്ഷെ ഈ അത്ഭുതകരമായ നായ്ക്കു കയറാമായിരുന്നു. റബ്ബർകൊണ്ടുണ്ടാക്കിയ ഒരു മൃഗത്തെപ്പോലെ അവൻ മരത്തിൽ കുതിച്ചു കയറി. മരക്കൊമ്പിനെ പല്ലുകൊണ്ടു ബലമായി കടിച്ചുപിടിച്ചു. അങ്ങിനെ യജമാനനെ മറച്ചുകൊണ്ടു തൂങ്ങിക്കിടന്നു. അപ്പോഴേയ്ക്കും കൃഷിക്കാരൻ വെടി പൊട്ടിച്ചു. വെടിയുണ്ടകൾ പാവപ്പെട്ട, ധൈൎയ്യശാലിയായ, നായുടെ ദേഹത്തു തുളച്ചുകയറി. മരിക്കുന്ന അവൻ തൻെറ കണ്ണുകൾ ദുഷ്ടക്കുട്ടിയുടെ നേക്കു തിരിച്ചു. അതു സഹായം അപേക്ഷിക്കുകയായിരുന്നു. പക്ഷെ കുട്ടി വളരെ ദൂരെ ആയിക്കഴിഞ്ഞിരുന്നു. ഒരു കള്ളനെപ്പോലെ—അവൻ കള്ളനായിരുന്നുതാനും—അവൻ ഓടിപ്പോവുകയായിരുന്നു.

പക്ഷെ കൃഷിക്കാരൻ കണ്ടതു ഇങ്ങിനെയായിരുന്നു :

തോക്കിൽനിന്നുള്ള പുക ചാകുന്ന നായുടെ ചുററും പാറി പറന്നു. അവനെ ഒന്നാകെ മാററിക്കളയുന്നതായി തോന്നി. വിശപ്പുനായ ആ മൃഗം അപ്പോൾ വൃത്തികെട്ടതായിരുന്നില്ല. ഏററവും മനോഹരമായ ഒന്നായി കാണപ്പെട്ടു. മനോഹരമായ ഒരു പ്രഭകൊണ്ടു അതു തിളങ്ങി. അവൻെറ മുഖം സ്വർഗ്ഗീയമായ ഒരു ഭാവം കൈക്കൊണ്ടു. മുതുകിൽ മനോഹരമായ ചിറകുകൾ മുളച്ചു. ഇടി വെട്ടുംപോലെ ഒരു ശബ്ദമുണ്ടായി. നായ് വായുവിൽ ഉയരുന്നതും ഉയൻറ മേഘങ്ങൾക്കു മുകളിൽ മറയുന്നതും കൃഷിക്കാരൻ കണ്ടു. ആ ദിവസം സ്വർഗ്ഗലോകത്തു ഒരു ദേവതയെക്കൂടി ആവശ്യമായി വന്നിരുന്നു. പാവപ്പെട്ട, വൃത്തികെട്ട, നായുടെ അത്ര നല്ലതായി ലോകത്തു വേറെ ഒരു ജന്തുവിനേയും കണ്ടില്ല.

"ദുഷ്ടനായ, ദുഷ്ടനായ കുട്ടിക്കു എന്തു പററി?" ജീൻ ചോദിച്ചു. നല്ല നായോടു ഇങ്ങിനെ പെരുമാറിയതു അവളെ വല്ലാതെ ദേഷ്യപ്പെടുത്തി. ദേഷ്യംകൊണ്ടു അവൾ ജ്വലിക്കുകയായിരുന്നു.

അവളുടെ അപ്പൂപ്പൻ തുടൻറു പറഞ്ഞു :

"അവൻ ദുഷ്ടനായിത്തന്നെ കഴിഞ്ഞുകൂടി. പക്ഷെ അവനു ഏത്രയും ക്രൂരമായ ശിക്ഷ കിട്ടി. അവനെ ആരുമാരും ഒരിക്കലും സ്നേഹിച്ചില്ല!"

# പുസ്തകാഭിപ്രായം

## രക്തത്തിൽ നിന്ന്

(ഗ്രന്ഥകർത്താവ്. വിദ്വാൻ. എം. എൻ. പിഷാരോടി, ഡക്കാൻ പബ്ലിഷിങ്ങ് ഹൌസ്, കോഴിക്കോട്—വില 1ക. പേജ് 104+2.)

ഇതു് ഇരുപതു ദൃശ്യങ്ങളുള്ള ഒരു ഏകാങ്ക നാടകമാണ്. 1842-ലെ 'കിററിൻഡ്യാ പ്രമേയ'ത്തെത്തുടർന്നുണ്ടായ രാഷ്ട്രീയാന്തരീക്ഷമാണ് നാടകത്തിന്റെ പശ്ചാത്തലം. ശ്രീദേവി അമ്മ (അമ്മ) ഭാരതി (മകൾ) ജനാർദനൻ (മകൻ) ഇവർ മഹാത്മജിയുടെ ആഹ്വാനമനുസരിച്ച് കോൺഗ്രസ്സിന്റെ ആദർശങ്ങളെ ക്രിയാത്മകമാക്കാൻ മുന്നോട്ടു വരുന്നു. മുസ്ലീം മജ്ലിസുകാരനായ അബ്ദുള്ള അവരെ സഹായിക്കുന്നുണ്ട്. മുഹമ്മദ് (മുസ്ലീംലീഗ്) വിജയൻ (കമ്മ്യൂണിസ്റ്റ്) എന്നീ രണ്ടുപേരും പല കൂടതന്ത്രങ്ങളെക്കൊണ്ടും ജനാർദനനേ വിഷമിപ്പിക്കുന്നു; പോലീസിനു കള്ളത്തെളിവുകൊടുത്ത് വിജയൻ ജനാർദനനെ ബന്ധനത്തിൽ വെപ്പിക്കുന്നു. ആയാൾ ജനാർദ്ദനന്റെ അച്ഛന്റെ മരുമകനും ശ്രീദേവി അമ്മയുടെ പരിചാരണത്തിൽ വളർന്നവനുമാണ്. ഭാരതിയോടുള്ള പ്രേമമടക്കം, തന്റെ എല്ലാ അഭിലാഷങ്ങളും ജനാർദ്ദന പ്രഭൃതികളുടെ ആദർശധീരതയുടെ മുമ്പിൽ വിഫലമായതുകണ്ടു ആയാൾ ആ കൊച്ചു കുടുംബത്തെ തോക്കിന്നിരയാക്കി ആത്മഹത്യ ചെയ്യാൻ ശ്രമിക്കുന്നു. ആയാളുടെ വെടിയേറ്റ് ശ്രീദേവിയമ്മ നിലത്തുവീണു. അപ്പോഴേക്കും ജനാർദ്ദനൻ തോക്കുതട്ടിപ്പറിച്ചു. മരണത്തിന്റെ വായിൽകിടന്നുകൊണ്ടുള്ള ശ്രീദേവിയമ്മയുടെ സ്നേഹമധുരമായ വാക്കുകൾ വിജയന്റെ കണ്ണു തുറപ്പിച്ചു. ആയാൾ

"അയ്യോ, അമ്മേ" എന്നു പറഞ്ഞുകൊണ്ട് ആ മൃതദേഹത്തിലേക്ക ചാഞ്ഞുവീണു. ശ്രീദേവി അമ്മയുടെ ത്യാഗത്തിൽനിന്നു —രക്തത്തിൽനിന്നു— അങ്ങനെ വിജയൻ മനുഷ്യത്വത്തിലേക്ക കാലൂന്നി.

വായനക്കാർ കണ്ടുകഴിഞ്ഞപോലെ, തികച്ചും ജനകീയവും ആദർശപ്രധാനവും യഥാതഥപ്രസ്ഥാനത്തിൽ പെട്ടതുമായ ഒരു ഇതിവൃത്തമാണിതു്. അന്നത്തെ സാധാരണ സംഭവങ്ങളിൽ നിന്നൊന്നിനെ കത്രിച്ചെടുത്തു അതിനെ കലയുടെ ചട്ടക്കൂട്ടിൽ ഭാവി തലമുറക്കും ആസ്വാദ്യമാകത്തക്കവിധം ഭംഗിയായി നിബന്ധിക്ക മാത്രമാണ് ഈ നാടകത്തിൽ മി. പിഷാരോടി ചെയ്തിട്ടുള്ളതു്. പാത്രങ്ങൾക്ക അവ പ്രാതിനിദ്ധ്യം വഹിക്കുന്ന രാഷ്ട്രീയ കക്ഷികളുടെ ശരിയായ നിറം കിട്ടീട്ടുണ്ട്. കൂട്ടത്തിൽ ഏററവുമധികം മിഴിവു സിദ്ധിച്ചിട്ടുള്ളതു വിജയനാണെന്നുവേണം പറയുക. വിജയനെ നോക്കി 'ബ്റൂട്ടസ്, നീ ഇപ്പോഴും ജീവിച്ചിരിക്കുന്നു' (ഭാ 12) 'ഇങ്ങോട്ടു സ്നേഹമില്ലാത്ത ഒരാളോടു അങ്ങോട്ടു എന്തിനാണ് സ്നേഹം കാണിക്കുന്നതു്?' (ഭാ. 88) എന്നു പറയുന്ന ഭാരതിയും, 'ആ ക്ഷതത്തിൽനിന്നൊഴുകുന്ന എൻെറ രക്തംകൊണ്ടു ഞാൻ നിന്നെ ശപിക്കട്ടെ' (ഭാ. 74) എന്നു പറയുന്ന ശ്രീദേവിയമ്മയും ഗാന്ധിയൻ പ്രസ്ഥാനത്തിൽക്കൂടി ചരിക്കുന്നവരാണെങ്കിലും, ഗാന്ധിജിയെ ഇനിയും പഠിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ഒരു ജനകീയ കൃതിക്ക അവശ്യം വേണ്ട ഗുണങ്ങളിലൊന്നാണ് വികാരതീഷ്ണത. പതിനെട്ടു രംഗങ്ങളിലൂടെ തുലോം ശാന്തമായൊഴുകിയ ഇതിവൃത്തത്തിന്നു, പത്തൊമ്പതാം രംഗത്തിലെ വെടിവെപ്പ് എന്തെന്നില്ലാത്ത ഒരു ഉൽബുദ്ധത ഉളവാക്കുന്നുണ്ടു്. വിജയൻെറ സാഹസികത്വം വ്യക്തമാക്കാനും അതു സഹായിക്കുന്നു. എന്നാൽ ആ ഉദ്യമത്തിൽ നിന്നു വിജയനെ വിരമിപ്പിക്കുവാൻ ധാരാളം സൌകര്യമുണ്ടായിട്ടും, അമ്മയുടെ മരണംവരെ അതി

ന്നൊരുങ്ങാതിരുന്ന ജനാർദ്ദനൻ, കല്പിച്ചുകൂട്ടിയല്ലെങ്കിൽ കൊള്ളരുതായ്മകൊണ്ട്, തൻെറ മാതാവിൻെറ മരണത്തെ മാടിവിളിച്ചുവെന്നോ വായനക്കാക്ക തോന്നും. കമ്മ്യൂണിസ്റ്റിനെ കറുപ്പിച്ചു കാണിപ്പാനുള്ള ഉദ്യമത്തിൽ കോൺഗ്രസ്സുകാരൻ സ്വയം വിളറിപ്പോവുകയാണിവിടെയുണ്ടായത്.

ഇപ്പറഞ്ഞവരെ കൂടാതെ ഈ നാടകത്തിൽ മററൊരു കഥാപാത്രമുണ്ട്, നിയമമനുവദിക്കുന്നേടത്തോളം ഗാന്ധിയനാദർശങ്ങളോടു യോജിക്കുന്ന നല്ലവനായ ഒരു പോലീസ് സബ് ഇൻസ്പക്ടർ. 11-ാം ദൃശ്യത്തിൽ, ശ്രീദേവിയമ്മയെ കാണ്മാൻ ചെന്ന ആയാൾ, അവിടേക്കു ക്ഷണിച്ചുവരുത്തപ്പെട്ടവനായിട്ടും, ആയമ്മയെ കാണാതെ മക്കളുമായി വർത്തമാനം പറഞ്ഞു മടങ്ങിപ്പോകുന്നു. ആ നല്ല മനുഷ്യനെ അത്ര ആത്മാർത്ഥതയില്ലാത്തവനാക്കാതെ കഴിക്കാമായിരുന്നു.

•

ഭാഷാപരമായും ചില്ലറ ചില വൈകല്യങ്ങൾ അങ്ങിങ്ങു കാണുന്നുണ്ട്. അതുകൊണ്ടു പ്രാർത്ഥനയെ ഒന്നുകൊണ്ടും വൈകിക്കരുത്. (ഭാ. 3) 'എന്നാൽ ഞാൻ നിന്നോടുകൂടാം' (ഭാ. 22). 'തെളിവുകളുണ്ടാക്കിക്കൊടുക്കുന്നതു നിങ്ങൾതന്നെ ചെയ്യുന്നതാണ് നിങ്ങൾക്കഭിമാനം' (ഭാ 38) 'അതിൻെറ നിലനില്പിന്നു സാമ്പത്തികമായി നോക്കുമ്പോൾ അത്യാവശ്യമായിരിക്കകൊണ്ട് ബ്രിട്ടീഷുകൊച്ചിയും കോഴിക്കോട്ടു മുൻസിപ്പാലിററിയും കൂടി അതിനോടു ചേക്കേണമെന്നും പറഞ്ഞുകൊണ്ട്. അതിന്നുവേണ്ടി ഞാനൊരു പ്രക്ഷോഭം തുടങ്ങട്ടെ' (ഭാ. 70) വരാമെന്നുവെച്ചതിൽ ലേശം വൈകി. (ഭാ. 75) ഇതിനിത്ര ചൂട് അധികമാണ് (ഭാ. 76) മററു ദിവസേന ഇങ്ങോട്ടു വരുന്ന ഒരാൾ (ഭാ. 89) മുതലായ പ്രയോഗങ്ങൾക്കു നാം ആശിക്കുന്നേടത്തോളം 'മലയാളത്ത'മില്ലായ്കയുണ്ട്. വാഗ്ദത്തം ചെയ്യുക (ഭാ. 61) കസ്സരം (ഭാ. 7) പ്രവത്തി (ഭാ. 16) കുലകൊമ്പൻ (ഭാ. 37) മുതലായവ യഥാക്രമം വാഗ്ദാനം ചെ-

ച്ചുക, കൈവരും, പ്രവൃത്തി, കൊലകൊമ്പൻ എന്നിങ്ങനെയായാലെ ശുദ്ധ രൂപങ്ങളാവൂ. ഇത്തരം നിസ്സാരങ്ങളായ വികലതകൾ വേറെയുമുണ്ട്.

മലയാളത്തിൽ അടുത്ത കാലത്തുണ്ടായ ആദർശ പ്രധാനങ്ങളായ ദൃശ്യപ്രബന്ധങ്ങളിൽ മി. പിഷാരോടിയുടെ ഈ നാടകം ബഹുധാ മികച്ചുനിൽക്കുന്ന ഒന്നാണ്. ഇതിന്നു രംഗപ്രയോഗാർഹതയുമുണ്ട്.

ജി. കെ. എൻ.

———:o:———

## സാന്ധ്യരാഗം

[ഗ്രന്ഥകർത്താ: എൻ. ആർ. നായർ, വിതരണക്കാർ: പി. കെ. ബ്രദേഴ്സ്. കോഴിക്കോട്, വില 1 ക. 12 ണ., പേജ് 86.]

ഇതു് ഒരു ചെറുകഥാസമാഹാരമാണ്. ആ മോതിരം, ഭ്രാന്തത്തി തുടങ്ങി എട്ടു കഥകൾ ഇതിലടങ്ങിയിരിക്കുന്നു. പ്രണയജീവിതമാണ് മിക്ക കഥകളിലേയും പ്രതിപാദ്യം. ലീലയുടെ അനുരാഗത്തെ അവഗണിച്ചു് പണത്തിന്നുവേണ്ടി രോഗിണിയായ മാധുരിയെ വിവാഹം ചെയ്തു അവസാനം നിരാശനും വിരക്തനുമായിത്തീർന്ന മോഹൻലാലിൻെറ ജീവിതമാണ് 'ആ മോതിര'ത്തിൽ വിവരിച്ചിട്ടുള്ളതു്. മനുഷ്യജീവിതത്തിൽ പ്രേമത്തിന്നുള്ള സ്വാധീനശക്തി എത്ര മഹത്തരമാണെന്നു ഈ കഥ വെളിപ്പെടുത്തുന്നു. ദാരിദ്ര്യാധിക്യംകൊണ്ടു അമ്മ, മകളെ ഒരു പണക്കാരൻെറ വീട്ടിൽ ആരുമറിയാതെ ഇട്ടേച്ചുപോകുന്നു. ധനികകുടുംബത്തിൽ വളൎന്ന മകൾക്കു മാതൃഹൃദയത്തിൻെറ അഗാധത അറി

വാൻ കഴിയുന്നില്ല. മററെല്ലാവരെയുംപോലെ അവളും അമ്മയെ ഒരു ഭ്രാന്തത്തിയുടെ നിലയിൽ വീക്ഷിക്കുന്നു. ഇതാണ് 'ഭ്രാന്തത്തി' എന്ന കഥയുടെ നട്ടെല്ല്. ജീവിതം മററതിനേക്കാളുമധികം പരിസരത്തോടാണ് ബന്ധപ്പെട്ടിരിക്കുന്നതെന്നത്രെ ഈ കഥയിലൂടെ മി. നായക്ക് പറവാനുള്ളത്. ആഡംബരവസ്തുക്കൾക്കു വേണ്ടി പ്രേമപൂൎണ്ണനായ ഭൎത്താവിനെ അനവരതം അലട്ടിക്കൊണ്ടിരുന്ന ലതികക്ക് അവസാനം ഋണബാധ സഹിപ്പാനാകാതെ ഭൎത്താവു നാടുവിട്ടുപോയപ്പോൾ തന്റെ ചാപല്യമോൎത്തു വിലപിക്കാനിടവന്നതാണ് 'ദാമ്പത്യശ്രുങ്കല' ത്തിലെ പ്രതിപാദ്യം. ദാമ്പത്യജീവിതത്തിന്റെ മാററവും മാതിരിയും നശിപ്പിക്കാൻ ഭാൎയ്യയുടെ ചാപല്യം എത്രത്തോളം സഹായിക്കുമെന്നു ഈ കഥ വെളിപ്പെടുത്തുന്നു. ഒരു നൎത്തകിയുടെ പ്രേമത്തിന്നുവേണ്ടി തന്റെ സൎവ്വസ്വവും ബലികഴിച്ചു ഒടുക്കം അവളാൽ പരിത്യജിക്കപ്പെട്ട ഭൎത്താവു് അവളോടു പ്രതികാരം ചെയ്യുന്നതാണ് 'നൎത്തകി'യിലെ പ്രമേയം. ഈ കഥ പ്രണയത്തിന്റെ സുന്ദരവശത്തെപ്പോലെ വിരൂപവശത്തേയും വരച്ചു കാണിക്കുന്നു. പ്രേമത്തിന്റെ പരിശുദ്ധി നിലനിൎത്തുന്നതിൽ പുരുഷനെ സ്ത്രീ അധഃകരിക്കുന്നു എന്ന തത്വം 'പൊലിഞ്ഞ പ്രേമം' എന്ന അടുത്ത കഥയിൽ ഭംഗിയായി ചിത്രണം ചെയ്തിരിക്കുന്നു, പരിഷ്കാരതിമിരം, ശ്മശാനത്തിൽ, ബാലഗായകൻ ഇവയാണ് ഈ സമാഹാരത്തിലെ മററു കഥകൾ. ഇവയും തുല്യഗുണമുള്ളവതന്നെയത്രെ.

മി. നായരുടെ ചെറുകഥകൾക്കുള്ള ഒരു സവിശേഷണഗുണം അവയുടെ സാംസ്കാരികസംശുദ്ധിയാണ്. കളവും കാപട്യവും നിറഞ്ഞ ഈ ലോകത്തിൽ ജീവിക്കുന്നവരായിട്ടും അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ ആദൎശത്തിൽ അഭിമാനം കൊള്ളുന്നവരാണ്. വംഗീയ സാഹിത്യത്തിൽനിന്നു സംക്രമിച്ചതും ഏതാനും കാലം മലയാളത്തിൽ സൎവ്വാധിപത്യം വഹിച്ചുപോന്നതുമായ ഈ ആദൎശപരത, പിൽക്കാലത്തുണ്ടായ യഥാതഥ പ്രസ്ഥാനത്തിന്റെ പിടിയിൽപെട്ടു ഞെങ്ങിഞെരുങ്ങി ഇന്നു മിക്കവാറും നാമാവശേ

ഷമായിത്തീർന്നിരിക്കുന്നു. ചെറുകഥകളുടെ അന്തരീക്ഷത്തിലേയ്ക്കു വേശ്യാലയങ്ങളുടെയും മദ്യശാലകളുടേയും തള്ളിക്കയററം വായനക്കാരുടെ മനോമണ്ഡലത്തെ മലീമസമാക്കിക്കൊണ്ടുവരികയാണ്. ഈ പരതസ്ഥിതിയിൽ സാംസ്കാരികോൽക്കർഷമുള്ള കൃതികളുടെ ആവിർഭാവം സാഹിത്യത്തിന്റെ മാനസികാരോഗ്യത്തിന്നു സവിശേഷം യോജിച്ചതത്രേ.

വൈവിദ്ധ്യം നിറഞ്ഞ ജീവിതത്തിൽനിന്നു പ്രണയപ്രാധാന്യമുള്ള വശത്തെമാത്രം പൊക്കിക്കാണിപ്പാൻ കഥാകാരന്നു് ഒരു പ്രത്യേകാഭിരുചിയുള്ളതുപോലെ തോന്നുന്നു. അത്തരം കഥകളിൽ ഭാവാവിഷ്കരണം കൂടുതൽ സുകരവും സുന്ദരവുമായി സാധിച്ചതായും കാണുന്നുണ്ട്. ഏകദേശം ഒരു ദശാബ്ദം, മുമ്പു് വരെ മലയാളത്തിൽ ധാരാളം പ്രചരിച്ചിരുന്ന, ഇന്നത്തെ ചെറുകഥാകാരന്മാർ അപൂർവ്വമായിമാത്രം സ്വീകരിച്ചുപോരുന്ന, ഇതിവൃത്തപ്രധാനമായ ഒരുതരം സാങ്കേതിക രീതിയാണ് മിക്ക കഥകളിലും കൈക്കൊണ്ടിട്ടുള്ളതു്. ഇതിന്റെ ഫലമായി പാത്രങ്ങളുടെ വ്യക്തിത്വത്തിന്നു വൈശദ്യം കിട്ടുന്നുണ്ടെങ്കിലും, അവർ പെരുമാറുന്ന അന്തരീക്ഷത്തിന്നു് കഥയിൽ പ്രാധാന്യം സിദ്ധിക്കാതെ പോകുന്നു. ഭാവസ്ഫൂർത്തിക്കു അന്തരീക്ഷബിംബനം എത്രത്തോളം സഹായകമാണെന്നു് നമ്മുടെ അടുത്ത കാലത്തെ ചില ചെറുകഥകൾ വിളിച്ചുപറയുന്നുണ്ട്.

മധുരമായ ഒരു ഭാഷാരീതി മി. നായക്കു സ്വാധീനമാണ്. വികാരാവിഷ്കരണത്തെക്കാൾ സൌന്ദര്യചിത്രണത്തിന്നാണ് ആ രീതി അധികം യോജിക്കുക.

ജി. കെ. എൻ.

—x—

# ശ്രീകൃഷ്ണലീലാരസാസ്വാദനം

[ഗ്രന്ഥകർത്താവ്: വി. ടി. ശങ്കുണ്ണി മേനോൻ. സൽക്കഥാ പബ്ളിഷിങ്ങ് ഹൌസ്. കോഴിക്കോട്, വില 6 ണ. പേജ് 26+2.]

വയറിന്നെന്നപോലെ മനസ്സിന്നുമുണ്ട് ഒരുതരം വിശപ്പ്. വയറിൻെറ വിശപ്പിനെക്കുറിച്ചുള്ള ആവലാതികളാണ് സാഹിത്യലോകത്തിൽ ഇന്നു മുഴങ്ങിക്കേൾക്കുന്നതു്.. ഈ ലഘുകൃതിയുടെ കർത്താവായ മി. ശങ്കുണ്ണി മേനോൻ മാനസിക ക്ഷുത്തുകൊണ്ടു വിഷമിക്കുകയാണ്. അതു ശമിപ്പിക്കുവാൻ അദ്ദേഹം ഗുരുവായൂരപ്പനെ അഭയം പ്രാപിക്കുന്നു; ഗുരുവായൂരപ്പൻെറ അപദാനങ്ങളെ അനുസ്മരിക്കുന്നു. അപ്പോഴുണ്ടാകുന്ന അനുഭൂതികളെ ആവിഷ്കരിപ്പാനാണ് ഈ പ്രകൃതത്തിൽ അദ്ദേഹം കലയുടെ കൂട്ടുപിടിക്കുന്നതു്.

പേരിൽനിന്നു വ്യക്തമാകുന്നവിധം, കൃഷ്ണലീലകളുടെ ആസ്വാദനമാണ് ഈ ചെറുപുസ്തകത്തിലെ പ്രമേയം. തുലോം പരുഷമായ രീതിയിലാണ് കൃഷ്ണൻെറ ഓരോ ലീലകളെയും അദ്ദേഹം വീക്ഷിക്കുന്നതു്. അതിനാൽ ഇതിലെ ഗാനങ്ങളെ കൃഷ്ണസ്തുതി എന്നു പറയുന്നതിനേക്കാൾ കൃഷ്ണശകാരം എന്നു വിളിക്കുന്നതാവും കൂടുതൽ ശരിയായിരിക്കുക.

'മാതുലനെ നിഗ്രഹിച്ചോൻ—നിജ
ഭാഗിനേയനെച്ചതിച്ചോൻ
അച്ഛനമ്മമാർ വെടിഞ്ഞോൻ'

ഇങ്ങനെയാണ് മി. മേനോൻ കാണുന്ന കൃഷ്ണൻ.

'വായിൽതോന്നും പദം ചൊല്ലാം...ഗുരു
വായൂരുണ്ണിക്കതും പത്ഥ്യം'

എന്നത്രെ അദ്ദേഹത്തിന്റെ സമാധാനം. ഭജനക്കാലത്തൊരുദിവസം സ്വപ്നത്തിൽ ഭഗവാൻ, ശകാരപരമായ ഒരു കൃതിയുണ്ടാക്കി കേൾപ്പിപ്പാൻ ആവശ്യപ്പെട്ടതിനാലാണ് താനീ പുതിയ പദ്ധതിയിലൂടെ ചരിക്കുന്നതെന്നു കവി പറയുന്നു. അല്ലെങ്കിൽ

'നിസ്ത്രൈഗുണ്യോഭവാർജ്ജുനാ!' (ഗീത)

എന്നു പറഞ്ഞ പരംപൊരുളിന്നുണ്ടോ മനുഷ്യകല്പിതമായ നന്മതിന്മകളുടെ നേരെ വല്ല മതിപ്പും? ഏതായാലും മി. മേനോന്റെ ശകാരം കുറിക്കുകൊള്ളുന്നുണ്ടു്.

രചനാസൌഷ്ഠവമാണ് ഇത്തരം കൃതികളുടെ ജീവൻ, ആ വിഷയത്തിൽ കവി കുറേയൊക്കെ മനസ്സുവെച്ചിട്ടുണ്ടു്.

ഉണ്ണിക്കൃഷ്ണനെന്തിനേവം
തിണ്ണതോറും തെണ്ടി?
വെണ്ണ പാൽ തയിരെന്നിവ
യമ്മ നൽകാഞ്ഞല്ല!
ഗോപികമാർ ഗൃഹംതോറു
മേറിവന്നു, ഗവ്യം
ഗോപനം ചെയ്തുള്ളേടമുൾ-
പ്പുക്കു തിരഞ്ഞുണ്ണി
മാറി മാറി യുറസ്സാദോ
ത്തേറിയിറങ്ങീടും
ഏറെയെന്നും കുറച്ചെന്നു
മുള്ള ഭേദം മാത്രം!'

മുതലായ വരികൾ മി. മേനോൻെറ രചനാപരമായ കഴിവുകൾ വെളിപ്പെടുത്തുന്നുണ്ട്.

ഒക്കത്തിരിക്കായ് കമ്പൂല—മമ്മ
കുട്ടിക്കാലത്തെങ്ങാനോതി,
'ഒക്കത്തിരിക്ക' കെന്നാന്നു—മുതൽ
'ക്കൊക്കെത്തിരിക്ക' യായ് ജോലി!

എന്നിങ്ങിനെ അപൂർവ്വം സന്ദർഭങ്ങളിൽ ഫലിതം പറവാനും അദ്ദേഹം മുതിരുന്നു. വിഭക്തിയേക്കാൾ ഭക്തിയാണ് പ്രാധാന്യമെന്നു സാക്ഷാൽ ഗുരുവായൂരപ്പൻ തന്നെ പറഞ്ഞിരിക്കേ ഇതിലെ കലാശില്പത്തെപ്പററി കൂടുതലായൊന്നും നാം അന്വേഷിക്കേണ്ടതില്ല.

ജി. കെ. എൻ.

——x——

## വയലാർ ഗർജ്ജിക്കുന്നു

(ഗ്രന്ഥകർത്താ. രവി. വിജയാ പ്രിണ്ടിംഗ് ആൻറ് പബ്ളിഷിംഗ് ഹൌസ്, ഇരിഞ്ഞാലക്കുട—വില 8ണ.—പേജ് 40.)

വയലാർ, ഓഞ്ചിയം, മനയൻകുന്നു മുതലായ സ്ഥലങ്ങൾ അടുത്തകാലത്തു കേരളത്തിലെങ്ങും കേൾവിപ്പെട്ടവയായിരിക്കുന്നു. തങ്ങളുടെ മനുഷ്യത്വം മാനിക്കപ്പെടാൻവേണ്ടി മർദ്ദിത വിഭാഗം നടത്തിയ സമരമാണ് പ്രസ്തുത സ്ഥലങ്ങളെ അത്ര പ്രസിദ്ധമാക്കിത്തീർത്തത്. വയലാറിലും മററും അധികാരശക്തി, മനുഷ്യത്വത്തെ വല്ലാതെ മർദ്ദിക്കുകയുണ്ടായി; നീതിയുടെ ദാഹം ശമിക്കാൻ നിര

പരാധികളുടെ രക്തംപോലും ഊററിക്കുടിക്കേണ്ടിവന്നു. കണ്ണുനീരോടുകൂടി മാത്രമേ നമുക്ക ആ രംഗങ്ങളെ അനുസ്മരിപ്പാൻ കഴിയൂ.

മനുഷ്യാത്മാക്കളെക്കൊണ്ടു നടത്തിയ ആ ചൂതാട്ടത്തിന്ന് ഒരു മറുവശമുണ്ട്. അന്ധരും വികാരപ്രധാനന്മാരുമായ ആ നിരപരാധികളെ മനുഷ്യാവകാശങ്ങളുടെ പേരിൽ ആർ തീയുണ്ടകളുടെ നേരെ തിരിച്ചുവിട്ടുവോ, ആ 'മനുഷ്യ സ്നേഹി'കളുടെ ഹ്രസ്വമായ വീക്ഷണരീതിയും രാഷ്ട്രീയമായ ദീപാളിത്തവും. നാം എത്ര തന്നെ മൂടിവെച്ചാലും, വസ്തുതകളെ വെള്ളയടിച്ചു പ്രദർശിപ്പിപ്പാൻ ശ്രമിച്ചാലും നഗ്നമായ ആ യാഥാർത്ഥ്യം തലയുയർത്തിത്തന്നേ നിൽക്കുന്നു. പതിനെട്ടാം നൂററാണ്ടിൻെറ തത്വശാസ്ത്രം ഇരുപതാം നൂററാണ്ടിന്മേൽ ഇഴക്കിപ്പിടിപ്പാൻ ചിലർ ചെയ്ത പരിഹാസ്യപരിശ്രമത്തിൻെറ ഫലമാണ് നമ്മുടെ ഹൃദയത്തെ വികാരശബളമാക്കുന്ന വയലാർ എന്ന വസ്തുതകൂടി ഇവിടെ ഓർക്കേണ്ടതുണ്ട്.

വയലാറിൻെറ ഗർജ്ജനമിതാണ് :—

ഉയരും ഞാൻ, നാടാകെപ്പടരും ഞാനൊരുപുത്ത
നുയിർ,നാട്ടിന്നേകിക്കൊണ്ടുയരും വീണ്ടും.

ഹൃദയാലുക്കൾ ഈ ഗർജ്ജനത്തെ ഒരു വൈണിക ഗാനംപോലെ ആസ്വദിക്കും; അതിൽ അഭിമാനം കൊള്ളും. എന്നാൽ ഒന്നുണ്ട് : മനുഷ്യൻെറ അന്തസ്സു പരിപാലിച്ചുകൊണ്ടുവേണം മനുഷ്യത്വത്തെ വീണ്ടെടുക്കാനെന്നുകൂടി അവർ പറയും.

ഇരുപതു ഖണ്ഡികകളിലായി ഈ പുസ്തകത്തിൽ മി. രവി വയലാറിലെ അന്നത്തെ പ്രക്ഷുബ്ധമായ അന്തരീക്ഷത്തെ ഏറെക്കുറെ വ്യക്തമായി പകർത്തിക്കാണിക്കുന്നു. അദ്ദേഹത്തിൻെറ പ്രതിപാദനരീതി വേണ്ടേടത്തോളം വികാരോഷ്മളമാണ്. വികാരാവേശത്തിലും അദ്ദേഹം കലാമൂല്യങ്ങളെ അവഗണിക്കുന്നില്ല. വെടിവെ

ല്പിന്നു ശേഷമുള്ള വയലാറിനെ ചിത്രണം ചെയ്തിരിക്കുന്നതു നോക്കുക:—

നിരപരാധിത്വങ്ങൾ നിണമണിഞ്ഞെങ്ങുമേ
നിരവധി ചിന്നിക്കിടന്നിടുന്നു
കരിവേപ്പിൻകാതിന്നു ചെറുപൂവിൻതേനുണ്ടു
കുരുവികൾ പാടുമത്തോപ്പുകളിൽ,
വിരിമാറിൽത്താമരപ്പൂത്താലി കെട്ടിയ
ചെറുപൊയ്കതന്നുടെ നീർപ്പരപ്പിൽ,
പുറവേലിക്കെട്ടിലായ് പൂക്കൈത പൂത്തിട്ടു
പരിമളം ചിന്നും വഴിയരികിൽ,

..............................

വയലുകൾ കായലിൻ കാതിലായ് മർമ്മര
പ്രണയസംഗീതം പൊഴിക്കും ദിക്കിൽ,
കരൾ കവർന്നീടുന്ന നെല്ലിപ്പൂക്കൾ നില
ക്കസവിട്ടും കൊച്ചുകൈത്തോടുകളിൽ,
എവിടേയും മൃത്യുവെ വെന്നുശയിക്കുന്നി
തവശർക്കായ് പോർചേയ്ത ധീരധീരർ
തലനരച്ചുള്ളവർ, താരിളം പൈതങ്ങൾ,
തരുണിമാർ—എല്ലാരുമുണ്ടവിടെ.

ഇതുപോലെ ഉദ്ധരിക്കത്തക്ക പല നല്ല വരികളും ഈ ഖണ്ഡകാവ്യത്തിലുണ്ട്.

(ജി. കെ. എൻ.)

—o—

# 'വിച്ച്'കളുടെ കുററവിസ്താരങ്ങൾ

വി. മാധവൻ നായർ

"സാംക്രമികക്കുററങ്ങൾ" എന്നു ചില നിയമശാസ്ത്രജ്ഞന്മാർ നാമകരണം ചെയ്തിട്ടുള്ള ഒരുതരം കുററങ്ങൾ ചരിത്രത്തിന്റെ ചില ദശകളിൽ ധാരാളം നടന്നിട്ടുണ്ട്. ഒരാൾ ചെയ്യുന്ന കുററം അയാളെ അനുകരിച്ച് മററു പലരും ചെയ്യുക, അങ്ങനെ അതു നാലു വശത്തോട്ടും പരക്കുക; ഒരു രാജ്യം മുഴുവൻ മാത്രമല്ല, ഒരു ഭൂഖണ്ഡം മുഴുവനും ആ കുററം പടൎന്നുപിടിക്കുക; അതായിരിക്കും സ്ഥിതി. ആ കുററങ്ങൾക്കായി, കുററം ചെയ്തവരുടേയും കുററം ചെയ്യാത്തവരുടേയും മേൽ നിയമനടപടികളെടുക്കും. അപൂൎവ്വം ചില കുററവാളികളോടൊന്നിച്ചു അനേകായിരം നിരപരാധികളേയും ജനതയുടെ വിദ്വേഷവഹ്നിയിൽ അന്നത്തെ നിയമം ആഹുതി ചെയ്തു എന്നുംവരും. ഈ ദുരവസ്ഥയുടെ പ്രത്യക്ഷോദാഹരണമാണ് മദ്ധ്യകാലത്തെ യൂറോപ്പിൻ നടന്ന അനേകായിരം 'വിച്ചു കളുടെ—അഭിചാരികളുടെ—കുററവിസ്താരങ്ങൾ.

ആഭിചാരത്തിലുള്ള വിശ്വാസം പ്രായേണ എല്ലാ കാട്ടാളജാതിക്കാരുടെയിടയിലും കണ്ടുവരുന്നുണ്ട്. പക്ഷെ മഹത്തായ സംസ്കാരങ്ങൾ കെട്ടിപ്പടുത്തവരെന്നഭിമാനിക്കുന്ന പരിഷ്കൃതജനതകളും ഈ വിശ്വാസത്തെ പുലത്തിപ്പോന്നിരുന്നു. ഒരു മുന്നൂറു കൊല്ലത്തിനുമുമ്പുള്ള യൂറോപ്യൻ, വൎഗ്ഗങ്ങൾ ഈ വിഷയത്തിൽ ആഫ്രിക്കയിലെ കാട്ടാളജാതിക്കാരെക്കാൾ മോശമായിരുന്നു എന്നുള്ള പരമാൎത്ഥം ആധുനികന്മാരായ ചില യൂറോപ്യൻ പണ്ഡിതന്മാർ ലജ്ജയോടെ സമ്മതിച്ചിട്ടുണ്ട്. ഷേക്സ്പീയരുടേയും ബേ

ക്കൻെറയും ഇഗ്ലണ്ട്, ആർബെർട്ട് ഡ്യൂററുടെയും മാർട്ടിൻ ലൂഥ രുടെയും ജമ്മനി, ഈ അന്ധവിശ്വാസത്തിൻെറ ഇരിപ്പിടങ്ങളായിരുന്നു. മതവ്യത്യാസങ്ങൾ അവയെ മുറുകെപ്പിടിക്കുന്നതിലുള്ള യോജിപ്പിന്ന് ബാധകങ്ങളായിരുന്നില്ല. ഈ സാംക്രമികരോഗം കത്തോലിക്ക് ബവേറിയയിൽ പടൎന്നുപിടിച്ചു. പ്രോട്ടസ്റ്റൻറ് സ്കോട്ട്ലണ്ടിൽ 'വലിയ ആൾനഷ്ടം വരുത്തിവെച്ചു. നവോത്ഥാനത്തിൻെറ വെളിച്ചത്തിൽ ഈ അക്രമത്തിൻെറ നിഴലും കലൎന്നിരുന്നു. അത് മൂൎദ്ധന്യദശയിലെത്തിച്ചേൎന്നതു് പതിനാറാം നൂററാണ്ടിൻെറ അവസാനദശയോടടുപ്പിച്ചാണെന്നു ചരിത്രകാരന്മാർ പറയുന്നു.

ഇങ്ങനെയുള്ള "രോഗം" പടൎന്നുപിടിച്ചുകൊണ്ടിരിക്കവേ വ്യക്തികൾ അനുഭവിക്കേണ്ടിവന്ന യാതനകളുടെ കഥ ദാരുണമായൊരു കഥയാണ്: കുററവാളികളിൽ ബഹുഭൂരിപക്ഷവും പെണ്ണുങ്ങളായിരുന്നു ഒരു പെണ്ണു ചെയ്തുവെന്നു വിചാരിക്കപ്പെട്ട കുററത്തിന്—പലപ്പോഴും ആ കുററം അധികൃതന്മാരുടെ ഭാവനയിൽ മാത്രമായിരിക്കും—അവളുടെ കുററവിസ്താരം നടത്തും. കുററം സമ്മതിപ്പിക്കാനായി ബുദ്ധിമാനായ മനുഷ്യൻെറ ക്രൂരത കണ്ടുപിടിച്ചിട്ടുള്ള ഭയാനക തന്ത്രങ്ങൾ പ്രയോഗിക്കും. ഉള്ളം നടുക്കുന്ന ക്രൂരതകൾ ആ യന്ത്രങ്ങൾ മുഖേന അന്നത്തെ "നിയമപാലകന്മാർ" ചെയ്തുവന്നിരുന്നു. ദേഹം വലിച്ചുനീട്ടുകയും, തല കീഴാക്കിക്കെട്ടി താഴെ തീ കൂട്ടുകയും, കൈയിലും കാലിലും എണ്ണയൊഴിച്ചു തീ കത്തിക്കുകയും, മററു അനേകം വിധത്തിൽ കഠിനമായ ദേഹോപദ്രവം ചെയ്യുകയും ചെയ്യുമ്പോൾ നിരപരാധിനികളായ "കുററവാളി"കൾ ജീവരക്ഷയ്ക്കുവേണ്ടി കുററസമ്മതം ചെയ്തുപോകും. കുററം സമ്മതിച്ചാലുമുണ്ടോ പിന്നെ രക്ഷ? അടുത്ത നടപടി കുററത്തിന്നുള്ള ശിക്ഷ കൊടുക്കുകയാണ്. വിച്ചുകൾക്കു ഒരേ ഒരു ശിക്ഷയേയുള്ളു—മരത്തൂണിൽ കെട്ടിനിറുത്തി ജീവനോടെ ദഹിപ്പിച്ചുകളയുക. അങ്ങനെ ജീവനോടെ ദഹിച്ചു മരിച്ചാലും, മരിച്ച ആളിനുവേണ്ടി സഹതാപത്തിൻെറ ഒരൊററ കണ്ണുനീരു

നീക്കാനോ ഇഹലോകം വെടിഞ്ഞുപോയ ആത്മാവിന്റെ നിത്യ ശാന്തിയ്ക്കുള്ള ഒരൊററ പ്രാത്ഥന ദൈവസന്നിധിയിലയക്കാനോ ഒരാളുമുണ്ടായിരുന്നില്ല. വെന്തുചാകുന്നവക്ക് ലഭിച്ച പ്രതിഫലം ശകാരങ്ങളും അധിക്ഷേപവചനങ്ങളും മാത്രമായിരുന്നു.

ആദ്യമാദ്യം 'വിച്ച്'കഠ എന്ന അഭിചാരികകഠ പിൽക്കാലത്തുള്ളവരെപ്പോലെ അത്ര ഭയങ്കരികളായിരുന്നില്ല: അവരുടെ യിടയിൽ വിഷം കൊടുക്കുന്നവരുണ്ടായിരുന്നു: അതോടുകൂടി, വൈദ്യം പഠിക്കാതെതന്നെ രോഗം ഭേദമാക്കുന്നവരുമുണ്ടായിരുന്നു. പിന്നീട് 'വിച്ചുവിദ്യ'യുടെ സ്വഭാവം പാടെ മാറി. അതു് ചെകുത്താനുമായുള്ള ഇടപാടുകളായിത്തീന്നു. വിച്ചുകഠ, സാധാരക്കാരുടെ ദൃഷ്ടിയിൽ, ചെകുത്താന്റെ പരിചാരികകളായിരുന്നു. ചെകുത്താൻ പറയുന്ന ദുഷ്കൃത്യങ്ങഠ അവർ ചെയ്തുകൊള്ളും. പ്രത്യേകമായ ചില സിദ്ധികഠ നൽകുന്നതു് സാക്ഷാൽ ചെകുത്താനല്ലാതെ മററാരുമല്ല. ചെകുത്താന്റെ വേലയാണ്, ദൈവത്തിന്റെ സേവയല്ല, അവരുടെ പ്രവത്തി. വിസ്തൃതനായ "ചെകുത്താൻ സാഹിത്യ"ത്തിൽ വിച്ചുകഠക്കുള്ള ഭാഗം വളരെ പ്രധാനമാണ്.

ഏതു മാതിരി കുററങ്ങളെ ഇല്ലായ്മചെയ്യാനാണ് നിയമങ്ങളുടെ പ്രധാനമായ ഉദ്ദേശമെന്നു അന്നത്തെ ചില നിയമോദ്യോഗസ്ഥന്മാരോടു ചോദിച്ചിരുന്നുവെങ്കിൽ, അവർ പറയുമായിരുന്നു, "ചെകുത്താനുമായി ഇടപാടുകഠ ചെയ്യുന്ന കുററങ്ങഠ" എന്നു്. അന്നത്തെ മററവിസ്താരങ്ങളിലൂടെ നമ്മുടെ മുമ്പിൽ പ്രദശിപ്പിക്കപ്പെട്ടിരിക്കുന്ന ചെകുത്താൻ ഏതുമാതിരിയുള്ളവനാണ്? ക്രൂരമനസ്ഥിതിയുള്ള ഒരു വിദൂഷകൻ. പാലിനെ പുളിപ്പിച്ചുകളയുന്നവൻ. പശുവിനേയും കിടാങ്ങളേയും കൊല്ലുന്ന കള്ളൻ. മനുഷ്യശത്രുക്കളുടെ ദേഹത്തു് വേദനയുടെ അമ്പുകളെറിയുന്നവൻ. ചില്ലറ നേരമ്പോക്കുകഠ കാണിക്കുന്ന ഒരു കുട്ടിച്ചാത്തൻ. അത്രേയുള്ളു. തിന്മയെ ഗംഭീരമാക്കിക്കാട്ടി മിൽട്ടൺ സൃഷ്ടിച്ച അമി

തല്പ്രഭാവനായ ആ ചെകുത്താന്റെ അടുത്തെങ്ങും നില്ക്കാനുള്ള യോഗ്യതയില്ല. ഈ കുററവിസ്താരങ്ങളുടെ കാലത്തു ജനസാമാന്യം ഭയപ്പെട്ടിരുന്ന ഈ ചെകുത്താനു ഓരോ രാജ്യത്തിലും അവിടത്തെ പരിതസ്ഥിതിക്കനുസരണമായ ചില്ലറ ചില്ലറ വ്യത്യാസങ്ങൾ ചെകുത്താനുള്ളതായി കണ്ടേക്കാം. ജർമ്മനിയിൽ നടന്ന കേസ്സുവിസ്താരങ്ങളിൽ പല മാതിരി വേഷങ്ങൾ ധരിച്ചു ഒളിച്ചും പതുങ്ങിയും ദ്രോഹിച്ചും മോഷ്ടിച്ചും നടന്ന ഒരു ചെകുത്താനെ കാണാം. സ്ക്കോട്ട്ലണ്ടിലെ കേസ്സുവിസ്താരങ്ങളിൽ ഒരു "ചെകുത്താൻ രാജ്യ"ത്തെപ്പററിയും കേൾക്കാം, ചാർജ്ജിലും സാക്ഷിമൊഴികളിലും ചെകുത്താൻ രാജ്യത്തിലെ റാണി സ്ഥലം പിടിച്ചിരിക്കുന്നു. കുററവിസ്താരം ചെയ്യപ്പെടുന്ന സ്ത്രീകളിൽ പലരും, ആ രാജ്യത്തു പോയി റാണിയുടെ ആതിഥ്യം സ്വീകരിച്ചു താമസിച്ചു, പ്രത്യേക പരിശീലനം കഴിഞ്ഞു നമ്മുടെ ലോകത്തു മടങ്ങിവന്നവരാണ്. പിന്നീടു മനുഷ്യരുടെയിടയിൽ അവർ പ്രയോഗിച്ച അത്ഭുതവിദ്യകളും ഇന്ദ്രജാലങ്ങളും മററും 'ചെകുത്താൻ റാണി'യുടെ അടുക്കൽ ദക്ഷിണകൊടുത്തു പഠിച്ചവയാണ് മതവിശ്വാസങ്ങൾ, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവ ഒന്നു മറെറാന്നിൽനിന്നു വേർതിരിച്ചെടുക്കാൻ സാധിക്കാത്ത വിധത്തിൽ കൂട്ടിക്കലർന്നു കിടക്കുകയായിരുന്നു അന്നത്തെ ഒരു സാധാരണക്കാരന്റെ മനസ്സിൽ. 1576 ൽ എഡിൻബറൊ നഗരത്തിൽ നടന്ന എലിസബത്ത് (ബെസ്സ)ഡൺലപ്പ് എന്ന സ്ത്രീയുടെ കുററവിസ്താരത്തിൽ അവളെ നിയമപരമായ ദേഹോപദ്രവം ചെയ്യുതെന്തിനെന്നു് ഏററവും സംശയമററ രീതിയിലുള്ള ഒരു വിശദീകരണമുണ്ടു്; (ഭാഷ അന്നത്തെ പഴയ രീതിയിലാണ്. ഏകദേശതർജ്ജമയാണ് കൊടുക്കുന്നതു്).

"മോഷ്ടിച്ചുകൊണ്ടുപോയ പണങ്ങളെപ്പററിയും ദീനം പിടിച്ചവരെ ചികിത്സിച്ചു ഭേദമാക്കുന്നതിനെപ്പററിയും അവളോടു ചോദിച്ചപ്പോൾ പറഞ്ഞു: അവൾക്കു മാത്രം പ്രത്യേകമായുള്ള

ശാസ്ത്രമോ കലയോ ഇല്ല. എന്നാൽ പല പ്രാവശ്യവും രോഗി തൻെറ അടുക്കൽ വരുമ്പോൾ ഒരു തോം റീഡ് എന്നയാളോടു അവൾ ചോദിക്കും. അയാൾ പറഞ്ഞുകൊടുക്കും."

ആരാണെന്നോ ഈ തോം റീഡ് ? ബെസ്സിയുടെ ഭർത്താവ്. കുഞ്ഞും രോഗമായിക്കിടക്കുമ്പോഴാണ് അയാളെ കണ്ടതു്. അയാൾ ഭാവിഫലങ്ങൾ അവളോടു പറഞ്ഞു—കുഞ്ഞു ചത്തുപോകുമെന്നും, പക്ഷെ ഭർത്താവു രക്ഷപ്പെടുമെന്നും. മനുഷ്യൻെറ രൂപത്തിൽ വന്ന ചെകുത്താനായിരുന്നു തോം റീഡ്. പിന്നെ അവർ തമ്മിൽ കൂടക്കൂടെ കാണും. നാലാം പ്രാവശ്യം സമാഗമമുണ്ടായപ്പോൾ തോം റീഡിൻെറ കൂടെ എട്ടു പെണ്ണുങ്ങളുണ്ടായിരുന്നു. അവർ ചെകുത്താൻ രാജ്യത്തുനിന്നു വന്ന വിച്ചുകളായിരുന്നു. അയാൾ അവരെ ബെസ്സിക്കു് പരിചയപ്പെടുത്തുകയും ചെയ്തു. പിന്നീടൊരിക്കലാണ് തോം ഒരു ചെടിയുടെ വേരു കൊടുത്തതു്. അതു ഉണക്കിപ്പൊടിച്ച് രോഗികൾക്കു കൊടുത്താൽ ഉടൻതന്നെ അവർ പൂർണ്ണസുഖം പ്രാപിക്കും. പിന്നെ വല്ലവക്കും സാമാനം മോഷണം പോയാൽ അവർ ബെസ്സിയുടെ അടുക്കൽ വരും. ബെസ്സി തോമിനോടു ചോദിക്കും, തോം പറഞ്ഞുകൊടുക്കുകയും ചെയ്യും.

ഇതൊക്കെ കഠിനമായ ദേഹോപദ്രപങ്ങൾചെയ്തു് ആ സാധുസ്ത്രീയെക്കൊണ്ടു പറയിച്ചതാണ്. ജീവൻ രക്ഷിക്കാൻ എന്തെങ്കിലും പറയണമല്ലോ എന്നു വിചാരിച്ചു അവൾ പറഞ്ഞതാണ്. കുററസമ്മതം ചെയ്താൽപ്പിന്നെ ശിക്ഷയേ ബാക്കിയുള്ളല്ലോ. സാധാരണയുള്ള ഇമ്മാതിരി കേസ്സുകൾക്കുണ്ടാകുന്ന അവസാനം തന്നെ ഈ കേസ്സിനുമുണ്ടായി. ബെസ്സിയെ കഴുത്തു ഞെരിച്ചുകൊന്നു. പിന്നെ ശവം തീയെരിച്ചു ചാമ്പലുമാക്കി.

വിച്ചുകളുടെ മേലുള്ള ആരോപണങ്ങൾ എല്ലായ്പ്പോഴും ബെസ്സി ഡെൺലപ്പിൻെറ മേലുണ്ടായിരുന്ന ആരോപണങ്ങൾപോലെ അത്ര തുച്ഛങ്ങളായിരുന്നില്ല. വളരെ ഗൌരവമേറിയ ചാർജ്ജുകളു

മുണ്ടായിരുന്നു. 1612 മേമാസത്തിൽ മാർഗററ് വാല്ലസ് എന്ന സ്ത്രീയെ ആഭിചാരപ്രയോഗത്തിനുവേണ്ടി ചെയ്ത കുററവിസ്താരസമയത്തു് പണിപ്പെട്ടെഴുതിയുണ്ടാക്കിയ കുററപത്രം ഇങ്ങിനെ സംഗ്രഹിക്കാം : (ലെവിററിക്കസിൻെറ (Leviticus) 20-ാമദ്ധ്യായത്തിലും ഡ്യൂട്ടേറോണമിയുടെ (Deuteronomy) 18-ാമദ്ധ്യയത്തിലും ആഭിചാരം അമൎത്തുന്നതിനുള്ള വകുപ്പുകളായിരുന്നു അവലംബം )

(1) കത്ത് ബെർട്ട് ഗ്രേഗ് എന്നയാളിനോടു ഒടുങ്ങാത്ത പകയുണ്ടായിരുന്ന മാർഗറെററ് അയാൾക്കു ഒരു മഹാവ്യാധി ഉണ്ടാക്കിക്കളഞ്ഞു. എന്താണു സുഖക്കേടു എന്നു ആൎക്കും അറിഞ്ഞുകൂട. കേട്ടിട്ടില്ലാത്ത, കണ്ടിട്ടില്ലാത്ത ഒരു പുതിയ രോഗം. നാല്പത്തഞ്ചു ദിവസം അസഹ്യവേദനയോടുകൂടെ, അനങ്ങാൻ വയ്യാതെ അയാൾ ഒരേ കിടപ്പിൽ കിടന്നു.

(2) മാർഗററ് വാല്ലസാണ് ഇതിന്നു കാരണക്കാരി എന്നു സംശയിച്ചു അവൾക്കു ആളയച്ചു വരുത്തി. അവൾ വന്നു രോഗിയുടെ കൈയിൽ പിടിച്ചതേയുള്ളൂ, അനങ്ങാൻ വയ്യാതെ കിടന്നിരുന്ന രോഗി പരസഹായം കൂടാതെ ചാടിയെഴുന്നേററു.

(3) മാർഗററിന്നു വലിയ ദീനം പിടിപെട്ടപ്പോൾ മുമ്പൊരിക്കൽ ആഭിചാരത്തിന്നുവേണ്ടി ജീവനോടെ ദഹിച്ചിരുന്ന ക്രിസ്റ്റിയൻഗ്രഹാം എന്ന മറെറാരു വിച്ചിനെ ആളയച്ചുവരുത്തി (!) ദീനം ഭേദമാക്കി.

(4) ഒരു ചെറിയ കുട്ടിക്കു മാർഗററു വലിയ ദീനം വരുത്തി. എന്നിട്ടു് പ്രതിഫലം കിട്ടാനായി രോഗം ഭേദമാക്കിക്കൊടുക്കാമെന്നു കുട്ടിയുടെ തള്ളയോടു പറഞ്ഞു. ദൈവവിശ്വാസിയായ ആ തള്ള അതു സമ്മതിച്ചില്ല. കുട്ടിയെ ദൈവം കാത്തുകൊള്ളുമെന്നും ചെകുത്താനുമായി തനിക്കു യാതൊരിടപാടുമില്ലെന്നും അവൾ തീൎത്തുപറഞ്ഞു. അപ്പോൾ മാർഗററു പറയുകയായിരുന്നു, ക്രിസ്റ്റിയൻ ഗ്രഹാം (ജീവനോടെ ദഹിപ്പിക്കപ്പെട്ട പഴയ സഖി) ഇ

ക്കായ്യത്തിൽ ദൈവത്തേക്കാറം ശക്തിയുള്ളവളാണെന്ന് ! ഒരാറം മരിച്ചാൽ ജീവിപ്പിക്കുവാൻപോലും അവറംക്കു സാധിക്കുമെന്ന്.

(5) ക്രിസ്റ്റിഗ്രഹാം ജീവനോടെ ദഹിപ്പിക്കപ്പെട്ടന്നതിന്നുമുമ്പു സമ്മതിച്ചിട്ടുണ്ടു മാർഗററും ഒരു വിച്ചാണെന്ന്.

(6) മാർഗററു മ്യൂർ എന്നൊരുത്തിക്കു പേരില്ലാത്ത ഒരു ഭയങ്കര വ്യാധി പിടിപെട്ടിരുന്നു. അല്രാത്രിയിൽ ഈ മാർഗററു വാല്ലസു ക്രിസ്റ്റിഗ്രഹാമിനോടൊന്നിച്ചു അവിടെപ്പോയി ദുർമന്ത്രവും ആഭിചാരവും പ്രയോഗിച്ചു അവളുടെ രോഗത്തിന്നു ശമനം വരുത്തി.

(7) അലക്സാണ്ടർ ബോയിഗ് എന്നൊരാളിനോട്ട് അവറംക്കു വലിയ വിരോധമുണ്ടായിരുന്നതിനാൽ അയാളുടെ കുട്ടിക്കു ഒരു ഭയങ്കര രോഗമുണ്ടാക്കുകയും അതുകാരണമായി രണ്ടു ദിവസത്തിന്നുള്ളിൽ കുട്ടി മരിക്കുകയും ചെയ്തു.

പോരെ, അന്നത്തെ നിയമത്തിൻെറ രീതികളറിയാൻ? രോഗം ഉണ്ടാക്കുന്നതു കുററം. രോഗം ഭേദമാക്കിയാൽ അതും കുററം. ഒരു ജീവനെ രക്ഷിക്കുന്നതിന്നുള്ള ഉപകരണം മന്ത്രവാദമാണെങ്കിൽ ഒരു ജീവൻ രക്ഷപ്പെടാതിരിക്കുന്നതാണ് ഭേദം. നിയമപാലകന്മാർ മാത്രമല്ല സാധാരണജനങ്ങൾക്കെല്ലാം അങ്ങനെയായിരുന്നു വിചാരം. ഒരു വിച്ചിൻെറ വധത്തിൽ സന്ദർശകന്മാക്കു മാത്രമല്ല, വിച്ചിൻെറ ഉററബന്ധുക്കറംക്കുപോലുംസമാധാനമുളവായിരുന്നു.

ഈ മാതിരിയുള്ള കുററവിസ്താരങ്ങറംക്കു നിയമപരമായി വലിയ പ്രാധാന്യമില്ലാതിരുന്നേക്കാം. എങ്കിലും അവ നിയമാനുകൂലമായ കുററവിസ്താരങ്ങറംതന്നെയായിരുന്നു. കുററപത്രം എഴുതിയുണ്ടാക്കുക, സാക്ഷികളെ വിസ്തരിക്കുക, വിധി പ്രസ്താവിക്കുക, എന്നുതുടങ്ങി സാധാരണ കുററവിസ്താരം എന്നുപറയുന്ന നിയമനടപടിയുടെ അവിഭാജ്യഘടകങ്ങളെല്ലാം അവക്കുമുണ്ടായിരുന്നു. അവ

യിൽ ഇന്നത്തെ തലമുറകൾക്കു കൌതുകമായി തോന്നുന്ന പലതുമു ണ്ടായിരുന്നു. ഒരു നിശ്ചിതമായ ചരിത്രകാലഘട്ടത്തിൽ ഒരു ജന തയുടെ മാനസികഘടനയുടെ ഏകദേശ രൂപമെങ്കിലും ഗ്രഹിക്കാൻ ഈ കുററവിസ്താരങ്ങൾ ഉപകരിക്കുന്നു.

ഏററവും രസകരമായ മറെറാരു 'വിച്ച്' കുററവിസ്താരത്തെപ്പ ററിയും നാം വായിക്കുന്നു. അതു നടന്നതു് ജർമ്മനിയിലാണ്. ആ കുററവിസ്താരത്തിൻെറ കഥ ഒരമ്മയുടെ അചഞ്ചലമായ പുത്രസ്നേ ഹത്തിൻെറയും ഒരു പുത്രൻെറ പരിപാവനമായ മാതൃസ്നേഹത്തി ൻേറയും കഥയാണ്. അപൂർവ്വമായ ത്യാഗത്തിൻെറയും അനീതി ക്കെതിരായുള്ള ധീരസമരത്തിൻേറയും കഥയാണ്. ജോഹാൻ കെപ്ലർ എന്ന സുപ്രസിദ്ധ ജർമ്മൻ ഗോളശാസ്ത്രജ്ഞനെപ്പററി കേ ട്ടിരിക്കും. 1615-21 ൽ വട്ടൻബർഗ്ഗ് നഗരത്തിൽവെച്ചു് കെപ്ല രുടെ അമ്മയുടെ മേൽ ആഭിചാരത്തിനുള്ള നടപടികൾ എടുത്തു. കെപ്ലറിൻ എന്നു വിളിക്കപ്പെട്ടിരുന്ന ആ വൃദ്ധ സ്ത്രീ ഒരു ദുർബ്ബു ദ്ധിയായിരുന്നു. പല നിർഭാഗ്യങ്ങളും തിക്താനുഭവങ്ങളും കൂടി ച്ചേർന്നു അവരുടെ സ്വഭാവത്തെ വികൃതമാക്കിയിരുന്നു. അയൽ പക്കക്കാർക്കെല്ലാം അവരോടുള്ള അവജ്ഞക്കും വെറുപ്പിന്നും അതി രുണ്ടായിരുന്നില്ല. കെപ്ലറിൻെറ പെരുമാററം കണ്ടാൽ 'ഒരു പിരി ലൂസാ'ണെന്നുതന്നെ തോന്നും. നശ്വരതയെ ഓർമ്മിപ്പിക്കു വാനായി, മനുഷ്യൻെറ തലയോട് പാനപാത്രമായി ഉപയോഗി ക്കുന്ന നരവർഗ്ഗങ്ങളുണ്ടെന്നവർ കേട്ടിരുന്നു. അതിനായി സ്വപി താവിൻെറ അസ്ഥിപഞ്ജരം ശവകുടീരത്തിൽ നിന്നെടുക്കുവാനും തലയോടിളക്കുവാനും ഉദ്യമിച്ചവളാണവർ. ചില പ്രത്യേക ആ ചാരങ്ങളോടു കൂടിയ 'വൈദ്യ'വും അവർ ശീലിച്ചിരുന്നു. കെ പ്ലറിൻെറ മരുന്നുകൾ കുടിച്ചു ആരോഗ്യവാന്മാർപോലും രോഗ ബാധിതരായിത്തുടങ്ങി. കിഴവി ഒരു വിച്ചാണെന്നുള്ള കിംവദ ന്തികൾ ക്രമേണ പരന്നുതുടങ്ങി. അവരുടെ ഒരു പുത്രൻപോലും മാതാവിനെപ്പററി കള്ളക്കഥകൾ സൃഷ്ടിച്ചു പരത്തി. അക്കാല ത്തെ ഉദ്യോഗസ്ഥന്മാരിൽവെച്ചു് ഏററവും ഭയങ്കരന്മാരായ കരു

വിഭാഗക്കാരുടെ—"വിച്ച് നായാട്ടുകാർ" എന്നു വിളിക്കപ്പെട്ടിരുന്നവരുടെ—കൂട്ടത്തിൽ പെട്ട ഒരാറം അടുത്തു താമസിച്ചിരുന്നു. ആ നരനായാട്ടുകാരൻ പാവപ്പെട്ട വൃദ്ധകളെ കണ്ടാലുടൻ "കൊണ്ടുപോ ഇവളെ, ജീവനോടെ ദഹിപ്പിക്കിൻ" എന്നാജ്ഞാപിക്കുന്ന ഒരു മഹാ ഭയങ്കരനായിരുന്നു. നാല്പത്തെട്ടു ചാർജ്ജുകറം അയാളുടെ ശ്രമഫലമായി, കെപ്ലറിന്റെ മേൽ ആരോപിക്കപ്പെട്ടു. പലക്കും മരുന്നുകറം കൊടുത്തുയെന്നും, ഒരു അയൽപക്കക്കാരിയുടെ പശുക്കുട്ടിയെ കൊന്നു എന്നും, സ്വർഗ്ഗവും നരകവുമൊന്നുമില്ലെന്നു പറഞ്ഞു എന്നുമായിരുന്നു പ്രധാന ചാർജ്ജുകറം. കുററം തെളിയിക്കുന്നതിന്നായി പന്ത്രണ്ടു സാക്ഷികളേയും കോടതിയിൽ കൊണ്ടുവന്നു. പുത്രനായ ജോഹാൻ കെപ്ലർ മാത്രമേ ഉണ്ടായിരുന്നുള്ളു കെപ്ലറിനെ സഹായിക്കുവാൻ. തീക്കുണ്ഡത്തിൽ നിന്നു മാതാവിനെ രക്ഷിക്കുവാൻ ആ ശാസ്ത്രജ്ഞൻ ഭഗീരഥപ്രയത്നം ചെയ്തു. അവരെ ജയിലിലടക്കാതിരിക്കാനായി അദ്ദേഹം കഴിയുന്നതും പരിശ്രമിച്ചു. ഫലമുണ്ടായില്ല. 74 വയസ്സായ ഒരു കിഴവിയെ ഭേദ്യം (Torture) ചെയ്യുന്നതു് അനാവശ്യമാണെന്നദ്ദേഹം വാദിച്ചു. നമുക്കു ഇന്നു ഏററവും വിചിത്രമായി തോന്നുന്ന ഒരു നടപടിയാണ് അപ്പോറം ആ കോടതി അംഗീകരിച്ചതു്. ഭേദ്യം ചെയ്യണമെന്നില്ലെങ്കിലും ഭേദ്യം ചെയ്യുമെന്നു കിഴവിയെ വിശ്വസിപ്പിക്കാൻ എല്ലാ കരുതലുകളുമെടുക്കണം എന്നായിരുന്നു കോടതിയുടെ നിർദ്ദേശം. കോടതിയുടെ തീരുമാനത്തിന്റെ ഒരു സൂചനപോലും വൃദ്ധക്കു കിട്ടിയില്ല. എങ്കിലും താൻ ഈ കുററങ്ങളൊന്നും ചെയ്തിട്ടില്ലെന്നും, തീയിൽനിന്നു തന്റെ മകൻ തന്നെ രക്ഷിക്കുമെന്നുറപ്പുണ്ടു് എന്നും അവർ ധൈര്യമായി പറഞ്ഞുകൊണ്ടിരുന്നു. അപ്പോഴേക്കും, മകനും അമ്മയെപ്പോലെ ഒരു അവിശ്വാസിയാണെന്നും അയാറം മതവിരുദ്ധമായ ഗ്രന്ഥങ്ങറം എഴുതിയിട്ടുള്ളവനാണെന്നും ജഡ്ജി അവരോടു പറഞ്ഞു. ദുർബുദ്ധിയെങ്കിലും പുത്രവത്സലയായ ആ മാതാവിന്റെ അഭിമാനം അപ്പോറം ദംശിക്കപ്പെട്ടു. നിവർന്നു നിന്നുകൊണ്ടു് അവറം ഭയപ്പെടാതെ പറഞ്ഞു:—

"എൻെറ മകനു കൈവന്നിട്ടുള്ള വിജ്ഞാനം ദൈവത്തിൻെറ അനുഗ്രഹമാണ്. ഞാൻ ദൈവത്തെ ആശ്രയിക്കുന്നു. ദേഹോപദ്രവത്തിൻെറ ഫലമായി എൻെറ ആത്മാവിനെ ദൈവത്തിനു സമർപ്പിക്കേണ്ടിവന്നാലും എൻെറ അവസാനവാക്കുകൾ ഇങ്ങിനേയായിരിക്കും!" "അവളെ ഭേദ്യമറിയിലേക്കു കൊണ്ടുപോകട്ടെ!" എന്നു ജഡ്ജി ആജ്ഞാപിക്കയും ചെയ്തു. ആ മുറിയിൽ ഈയവസരങ്ങളിലേക്കു പ്രത്യേകം നിയുക്തനായ വൈദ്യനുണ്ടായിരുന്നു. "ശപിക്കപ്പെട്ട വിച്ചേ, രക്ഷക്കുവേണ്ടി സത്യം പറയുക" എന്നുള്ള വാചകം മുഴങ്ങി കെപ്ലറിൻ പതറിയല്ല. അസാമാന്യമായ ധൈര്യത്തോടെ അവർ പറഞ്ഞു: "നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളുവിൻ. എൻെറ അവസാനത്തെ ചോരത്തുള്ളി നിങ്ങളൊഴുക്കിയാൽപ്പോലും എനിക്കു കുററസമ്മതം ചെയ്വാൻ ഒന്നുമില്ല. ഞാൻ ധൈര്യമായി മരിച്ചുകൊള്ളാം! ദുഷ്ടകൃത്യം ചെയ്വാൻ വന്നിരിക്കുന്ന നിങ്ങളാണൊ കള്ളം പറയാൻ എന്നെ നിർബന്ധിക്കുന്നതു്? എനിക്കു ഒന്നു് തീർച്ചയുണ്ടു. എന്നെ ഈ ദയനീയസ്ഥിതിയിലാക്കിയ കള്ളസാക്ഷികളെ ദൈവം ശിക്ഷിക്കതന്നെ ചെയ്യും." എന്നിട്ടു ആ വൃദ്ധ മുട്ടുകുത്തി ദൈവത്തെ പ്രാർത്ഥിച്ചു. അത്രയുമായപ്പോൾ അവർക്കു താല്ക്കാലികമായ ബോധക്ഷയമായി. അനികം കഴിയുന്നതിനുമുമ്പ് ബോധംവീണു. വീണ്ടും അവൾ എഴുനേററുനിന്നു.

അങ്ങിനെ അവർ ദൈവത്തിലുള്ള ദൃഢമായ വിശ്വാസം പ്രകടമാക്കി. അതു് കള്ളമല്ലെന്നു സന്നിഹിതർ മനസ്സിലാക്കുകയും ചെയ്തു. കെപ്ലറിൻ ആ ഘോരമായ അഗ്നിപരീക്ഷയിൽ ആത്മശക്തിയാൽ വിജയിക്കുന്നതിനു അവർ ദൃക്സാക്ഷികളായിരുന്നു. വേറെ നിവൃത്തിയില്ലാത്തതുകൊണ്ടു് അവർ കിഴവിയെ വിട്ടതൽ ചെയ്തു.

നിയമ വിദ്യാർത്ഥികൾക്കു കൌതുകം ജനിപ്പിക്കുന്ന ചില സംഗതികൾകൂടി ഇമ്മാതിരിയുള്ള കുററവിസ്താരങ്ങളിൽ ഇല്ലാതില്ല. കേസ്സ് ചുമത്താനധികാരപ്പെട്ടവർ പ്രതികളിൽനിന്നു കുററസമ്മതം വാങ്ങാനും അങ്ങനെ ശിക്ഷയെ പൊതുജനദൃഷ്ടിയിൽ നീതീകരിക്കുവാനും പല അടവുകളും പ്രയോഗിച്ചിരുന്നു. ശാരീരകവും

മാനസികവുമായ ഭേദ്യം ചെയ്യുന്നതു് തെററാണെന്നുള്ള ബോധമില്ലെന്നു മാത്രമല്ല, അതു കൂടിയെ തീരു എന്നും വിചാരിക്കുന്നവരായിരുന്നു ജനങ്ങൾ. അനേകം ദിവസങ്ങളോളം കുററം ചുമത്തപ്പെട്ടിരിക്കുന്ന സ്ത്രീയെ ഉറങ്ങാൻ സമ്മതിക്കാതെ അവളുടെ നിർബ്ബന്ധബുദ്ധിയെ തകർക്കുകയായിരുന്നു ഒരു ന്യൂ വിദ്യകളിലൊന്നു്. അതിനെക്കാൾ ഘോരമായ പല ശിക്ഷകളുമുണ്ടായിരുന്നു. അങ്ങനെ ഭേദ്യം ഈ കേസ്സു വിസ്താരങ്ങളുടെ ഒരു അവിഭാജ്യഘടകവും ഒരു സവിശേഷതയുമായിരുന്നു.

ഇത്രയും പറഞ്ഞതിൽനിന്നു കുററം വിസ്തരിക്കപ്പെട്ടവരെല്ലാം നിരപരാധിനികളാണെന്നും വിചാരിക്കുവാൻ പാടില്ല. പ്രതികൾ നൽകിയിട്ടുള്ള കുററസമ്മതങ്ങളെല്ലാം ഭേദ്യം ചെയ്തതിന്റെ ഫലമായിട്ടാണെന്നും പറഞ്ഞുകൂട. പലപ്പോഴും പലരും പരപ്രേരണകൂടാതെതന്നെ കുററസമ്മതം—അതു കുററസമ്മതമാണെങ്കിൽ—ചെയ്തിട്ടുണ്ടെന്നുള്ളതിന്നു ഈ കുററവിസ്താരങ്ങളുടെ ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു്. 1662 ൽ സ്കോട്ട്ലണ്ടിൽ ഇസബെൽ ഗൌഡി എന്ന സ്ത്രീയെ ആഭിചാരത്തിന്നു കുററവിസ്താരം ചെയ്തപ്പോൾ അവൾ നൽകിയ മൊഴി ഇതിനൊരുദാഹരണമായി എടുക്കാം. താനും ചെകുത്താനുമായി പല കൂടിക്കാഴ്ചകളുണ്ടായിട്ടുണ്ടെന്നും ചെകുത്താനുമായി ഒരു കരാറിലേപ്പെട്ടിട്ടുണ്ടെന്നും, താൻ വായുവിൽകൂടി പറന്നുപോയിരുന്നുവെന്നു. തന്റെ കൂട്ടുകാരും പക്ഷികളുടേയും പൂച്ചകളുടേയും മുയലുകളുടേയും രൂപത്തിൽ സഞ്ചരിച്ചിരുന്നുവെന്നും അവൾ പറഞ്ഞിരിക്കുന്നു. ഇസബെല്ലും അവളുടെ സഖിമാരും ഒത്തുചേന്നു നടത്തിയ നരഹത്യകളുടെ ഒരു പട്ടികയും സൂക്ഷ്മവിവരവും കോടതിയിൽ നൽകിയതിന്നുശേഷം അവൾ പറഞ്ഞ കഥ ഇങ്ങനെ പരിഭാഷപ്പെടുത്താം:

“ആൽഡേണിലെ പുരോഹിതനെ കൊല്ലാനായി ചെകുത്താൻ മാർഗററ് ബ്രോഡിക്കു് ഒരു ശരം കൊടുത്തു. അവൾ അമ്പയച്ചു പക്ഷെ അതു കൊണ്ടില്ല. ചെകുത്താൻ രണ്ടാമതും അതെടുത്തു കൊടുത്തു. അതും തൊടുത്തി അയക്കാൻ ഞങ്ങൾ തുനിഞ്ഞു. അപ്പോൾ ചെകുത്താൻ പറഞ്ഞു: ‘വേണ്ട ഇപ്പോൾ നമുക്കു അയാളുടെ ജീവൻ കിട്ടുകയില്ല’ ‘പാക്കി’ലെ പ്രഭുവിന്റെ നേക്കയക്കാൻ ചെകുത്താൻ എന്നെ പ്രേരിപ്പിച്ചു. പക്ഷെ എന്റെ ലാക്കു പിഴച്ചുപോയി.”

സഹപ്രവത്തകളായ വിച്ചുകൾ കൊടുത്ത മൊഴികൾ തമ്മിലും ചിലപ്പോൾ അത്ഭുതകരമായ സാമ്യമുണ്ടായിരുന്നു. തടിയിൽകെട്ടി

നിത്തപ്പെട്ട്: ദഹിച്ചുപോകുന്ന ചില വിച്ചുകൾക്ക നിരപരാധിത്വത്തിലുള്ള ദൃഢവിശ്വാസമോ ത്യാഗത്തിന്റെ ബോധമോ ഉണ്ടായിരുന്നില്ല. ചില സംഗതികൾ അസന്നിഗ്ദ്ധമായി തെളിഞ്ഞിട്ടുണ്ട്. ചില അഭിചാരികകൾ ചെകുത്താനുമായി മാനസികമായ കരാറുകളിലേപ്പെടുകയും, വിജന സ്ഥലങ്ങളിൽ അദ്ധരാത്രികളിൽ ഗൂഢമായി സമ്മേളിക്കുകയും ചെയ്തിരുന്നു. ചിലർ ദുമ്മന്ത്രങ്ങൾ പ്രയോഗിക്കുകയും പരദ്രോഹം നടത്തുകയുമുണ്ടായിരുന്നു. സുപ്രസിദ്ധ നിയമശാസ്ത്രജ്ഞനായിരുന്ന. സർ ജോൺസ്റ്റീഫൻ, ഇമ്മാതിരിയുള്ള അഭിചാരികകൾ കുററം ചെയ്തതായി തീരുമാനിച്ച ജൂറിക്കാരുടേ നിലയെ നീതീകരിച്ചുകൊണ്ട് തന്റെ "ഇംഗ്ലണ്ടിലെ ക്രിമിനൽ നിയമത്തിന്റെ ഒരവലോകനം" എന്ന പുസ്തകത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "അവർ (ജൂറിക്കാർ) ചെയ്തതുപോലെയല്ലാതെ മറെറാരു വിധത്തിലും അവക്ക് പ്രവത്തിക്കുവാൻ കഴിവുണ്ടായിരുന്നില്ല. വിച്ച് സമ്പ്രദായം ഒരിക്കലും നിലവിലിരുന്നില്ലെന്നുള്ള തെററായ സിദ്ധാന്തത്തിൽ പ്രവേശിച്ചിരുന്നുവെങ്കിൽ തന്നേയും അതു വിവേകബുദ്ധിക്കു, വിപരീതമാകുമായിരുന്നു. അത്രയും തീർച്ചയാണ്." വക്രബുദ്ധിയുള്ള ചില പെണ്ണുങ്ങൾ അല്ലെങ്കിൽ ശാരീരികമായ അവശതകൾ കാരണമായി മനസ്സിന്റെ ഘടന തകന്നിട്ടുള്ളവർ ഈ മാനസികമായ "രോഗ"ത്തിന് വശംവദരായിരുന്നു. ഇന്നുള്ളവർ ഇഞ്ചിനിയർമാരെന്നും ഡോക്ടർമാരെന്നും വക്കീലന്മാരെന്നും വിചാരിക്കുന്നതുപോലെ അന്നത്തെ ചില സ്ത്രീകൾ വിച്ചുകളാണെന്നു സ്വയം വിശ്വസിച്ചുപോന്നു. പക്ഷെ അതു പൂണ്ണമായ ഒരു വിശദീകരണം ആകുന്നില്ല. അജ്ഞാതങ്ങളായ അമാനുഷിക ശക്തികളെ ജഡ്ജിമാരും ജൂറിമാരും വല്ലാതെ ഭയപ്പെട്ടിരുന്നു എന്നുള്ളതാണ് വാസ്തവം. പ്രതികളോക്രസ്സ്‌വിസ്താരം ചെയ്യുവാനൊ കിംവദന്തികളിൽ എത്രത്തോളം പരമാത്ഥമുണ്ടെന്നു മനസ്സിലാക്കാനോ യാതൊരു ശ്രമവും നടന്നിരുന്നില്ല.

ഇതായിരുന്നു അക്കാലത്തു യൂറോപ്പിന്റെ ഒരററം മുതൽ മറേറയററംവരെ അസംഖ്യമായി നടന്ന ഇമ്മാതിരിയുള്ള കുററവിസ്താരങ്ങളുടേ പിന്നിലുണ്ടായിരുന്ന രഹസ്യം.

———:o:———

Printed by Dr. S. Seshagiri Rao at LODHRA PRESS,
15 Westcott Road, Royapettah, Madras.
Published by V. Madhavan Nair for Keralodayam Ltd.,
13 A, Mc Nichol Road, Chetpet, Madras.
Editor : V. MADHAVAN NAIR, B. A., B. L.